VOL NO: 08 I ISSUE 42
2024 OCTOBER 19 I ₹10

# നേർപഥം

വാരിക
www.nerpatham.com I mail@nerpatham.com



രാഷ്ട്രീയ ഭാവി പ്രതിസന്ധിയിലാവുമ്പോഴെല്ലാം മതത്തെ എടുത്ത് തരാതരം പ്രതിരോധം തീർക്കുക എന്നതിൽ കേന്ദ്രത്തെ അനുകരിച്ച് തുടങ്ങിയിരിക്കുന്നു കേരളവും. കൂടെ, ആത്മനിഷ്ഠാ ധാർമികതയുടെ ഒരു കോടാലിക്കൈ കൂടി സമുദായത്തിൽ നിന്ന് കിട്ടിയിരിക്കുന്നു എന്ന ചാരിതാർഥ്യവുമുണ്ട് പാർട്ടിയ്ക്കിപ്പോൾ.

## കള്ളക്കടത്ത്: മതവും രാഷ്ട്രീയവും

**യുക്തിവാദികളുടെ ഗതികേട്**

|| നമസ്കാരത്തിലെ ഇമാമത്ത്

|| വാഗ്ധോരണിയാൽ പരിവർത്തനം സൃഷ്ടിച്ച പ്രബോധകൻ

|| സമസ്തയുടെ ദിശാവ്യതിയാനവും ശിയാധാരയോടുള്ള അടുപ്പവും




GET IT ON Google Play | Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

0403
# നേർപഥം
വാരിക

2024 ഒക്ടോബർ 19
1446 റ. ആഖിർ 16
പുസ്തകം 08 / ലക്കം 42

Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**

Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**
Printed at :
**Sprint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**







**മുജീബ് ഒട്ടുമ്മൽ**

രാഷ്ട്രീയ ഭാവി പ്രതിസന്ധിയിലാവുമ്പോഴെല്ലാം തരാതരം മതത്തെ എടുത്ത് പ്രതിരോധം തീർക്കുക എന്നതിൽ കേന്ദ്രത്തെ അനുകരിച്ച് തുടങ്ങിയിരിക്കുന്നു കേരളവും. കൂടെ, ആത്മനിഷ്ഠാ ധാർമികതയുടെ ഒരു കോടാലിക്കൈ കൂടി സമുദായത്തിൽ നിന്ന് കിട്ടിയിരിക്കുന്നു എന്ന ചാരിതാർഥ്യവുമുണ്ട് പാർട്ടിയ്ക്കിപ്പോൾ.

**05** മുഖമൊഴി
യുക്തിവാദികളുടെ ഗതികേട്

**06** ചരിത്രപഥം
വാഗ്ധോരണിയാൽ പരിവർത്തനം സൃഷ്ടിച്ച പ്രബോധകൻ
പി.ഒ. ഉമർ ഫാറൂഖ്, തിരൂരങ്ങാടി

**17** കാഴ്ച
അധ്വാനത്തിലെ പഠനം
ഇബ്നു അലി

**18** വിമർശനം
സമസ്തയുടെ ദിശാവ്യതിയാനവും ശിയാധാരയോടുള്ള അടുപ്പവും
മൂസ സ്വലാഹി കാര

**23** കർമപഥം
നമസ്കാരത്തിലെ ഇമാമത്ത്
വിവ. അബ്ദുൽ ജബ്ബാർ മദീനി

**26** ലേഖനം
അനന്തപുരിയിൽ പുതുചരിതം തീർത്ത് 28-ാമത് പ്രോഫ്കോൺ
ഡോ. ഷഹബാസ് കെ അബ്ബാസ്

**29** ക്വുർആൻ ദർശനം -തഫ്സീറുസ്സഅ്ദി
സൂറതുസ്സബഅ്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**32** ലേഖനം
നന്മ മരങ്ങൾ വളരട്ടെ
മുഹമ്മദ് സ്വാദിഖ് മദീനി

**34** കവിത
കുട്ടിക്കാലം
ആഷിഖ എ.വി

NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

# 28-ാമത് പ്രോഫ്കോണിന് തിരുവനന്തപുരത്ത് പ്രൗഢോജ്ജ്വല സമാപനം

തിരുവനന്തപുരം: സമുഹത്തിന്റെ വിദ്യാഭ്യാസപരവും സാംസ്കാരികവുമായ വളർച്ചയിൽ പ്രൊഫഷണൽ വിദ്യാർഥികൾ വലിയ പങ്ക് വഹിക്കണമെന്ന ആഹ്വാനത്തോടെ 28ാമത് ആഗോള പ്രൊഫഷണൽ വിദ്യാർഥി സമ്മേളനമായ 'പ്രോഫ്കോൺ' കഴക്കൂട്ടം അൽസാജ് കൺവെൻഷൻ സെന്ററിൽ പ്രൗഢമായി സമാപിച്ചു. പ്രൊഫഷണൽ സ്ഥാപനങ്ങളിൽ അതിനൂതന കോഴ്സുകൾ ആവിഷ്കരിക്കാനും പി.ജി. ഉൾപ്പെടെയുള്ള കോഴ്സുകളുടെ സീറ്റ് വർധിപ്പിക്കാനും സമാപന സമ്മേളനം അധികൃതരോട് ആവശ്യപ്പെട്ടു. സ്വകാര്യ പ്രൊഫഷണൽ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താനും അക്കാദമിക നിലവാരം ഉയർത്താനും സർക്കാർ അടിയന്തിര നടപടി സ്വീകരിക്കണം. വിദ്യാഭ്യാസമെന്നത് കേവലം തൊഴിൽ നേടാൻ മാത്രമുള്ള ഉപാധി മാത്രമല്ലെന്നും മാനവിക മൂല്യങ്ങൾ വളർത്തിയെടുക്കലാണ് അതിന്റെ അടിസ്ഥാന ലക്ഷ്യമെന്നും സമ്മേളനം അഭിപ്രായപ്പെട്ടു. പ്രൊഫഷണൽ മേഖലകളിൽ ഗവേഷണത്തിനും പ്രായോഗിക പരിശീലനത്തിനും കൂടുതൽ സാധ്യതകൾ കൊണ്ടുവരാൻ സാധിക്കണമെന്നും പ്രോഫ്കോൺ ആവശ്യപ്പെട്ടു. രാജ്യത്തിനകത്തും പുറത്തുമുള്ള നൂറിലധികം പ്രൊഫഷണൽ വിദ്യാലയങ്ങളിൽനിന്ന് ആയിരക്കണക്കിന് വിദ്യാർഥികൾ സംബന്ധിച്ചു.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ.അഷ്റഫ്, മന്ത്രി കെ.എൻ ബാലഗോപാലൻ, എ.എ. റഹീം എം.പി., ശശി തരൂർ എം.പി., അഡ്വ. മായിൻകുട്ടി മേത്തർ, വിസ്ഡം യൂത്ത് സംസ്ഥാന പ്രസിഡന്റ് കെ.താജുദ്ദീൻ സ്വലാഹി, വിസ്ഡം സ്റ്റുഡൻസ് ജനറൽ സെക്രട്ടറി ടി.മുഹമ്മദ് ശമീൽ, സംസ്ഥാന ക്യാമ്പസ് കൺവീനർ ഷാനിബ് അൽഹികമി, മുഹമ്മദ് അജ്മൽ സി. മുഹമ്മദ് അജ്മൽ, മുജാഹിദ് ബാലുശ്ശേരി, ശിഹാബ് എടക്കര, സ്വലാഹുദ്ദീൻ അയ്യൂബി അൽഹികമി തുടങ്ങിയവർ വിഷയാവതരണം നടത്തി. 'അഖ്സ' വേദിയിൽ നടന്ന സെഷനുകൾക്ക് നിഷാദ് സലഫി, അർഷദ് അൽഹികമി താനൂർ, പി.കെ.അംജദ് മദനി, വിസ്ഡം ഗേൾസ് സംസ്ഥാന ട്രഷറർ ഹനീന ടി.കെ, മോങ്ങം അൻവാറുൽ ഇസ്‌ലാം കോളേജ് ഗവേഷക വിദ്യാർഥിനി ഉമ്മുസലമ വി, വിസ്ഡം വിമൺ പാലക്കാട് ജില്ലാ നിർവാഹക സമിതി അംഗം സുമയ്യ പട്ടാമ്പി, റെജുവ ജമാൽ, അലീഫ സുഹൈർ, തസ്നി താജുദ്ദീൻ, ഹസ്ന ബിൻത് അഷ്റഫ്, ഉമ്മു സാറ തുടങ്ങിയവർ വിഷയാവതരണങ്ങൾ നടത്തി.

ക്യാമ്പസ് ലീഡേഴ്സ് മീറ്റിന് സ്വഫ്‌വാൻ ബറാമി അൽഹികമി, ഷാമിൽ കെ.എം., മുഹമ്മദ് ഷാഹിൻഷ, കെ.എം.ഹസ്സൻ, സ്വഫ്‌വാൻ അബ്ദുസ്സമദ്, മുഹമ്മദ് ഷിനാസ്, സി.പി.സലീം, മുഹമ്മദ് ശമീൽ ടി, ഫാത്തിമ സിദ്ദീഖ്, ജുമാന, റോസിൻ, ഫാത്തിമ തമന്ന എന്നിവർ നേതൃത്വം നൽകി.

സമാപന സമ്മേളനം പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി വി.ശിവൻകുട്ടി ഉദ്ഘാടനം ചെയ്തു. സമ്മേളന സ്വാഗതസംഘം ചെയർമാൻ ബി. മൽകാർ ആധ്യക്ഷ്യം വഹിച്ചു. കടകംപള്ളി സുരേന്ദ്രൻ എം.എൽ.എ മുഖ്യാതിഥിയായി. യു.എ.ഇ. ഇന്ത്യൻ ഇസ്‌ലാഹി സെന്റർ പ്രസിഡന്റ് ഹുസൈൻ സലഫി മുഖ്യപ്രഭാഷണം നടത്തി. ആരോഗ്യസർവകലാശാല രജിസ്ട്രാർ എസ്. ഗോപകുമാർ അതിഥിയായി. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന ട്രഷറർ കെ.സജ്ജാദ്, വിസ്ഡം സ്റ്റുഡൻസ് സംസ്ഥാന വൈസ് പ്രസിഡന്റ് സ്വഫ്‌വാൻ ബറാമി അൽഹികമി, സെക്രട്ടറി കാബിൽ സി.വി. എന്നിവർ സംസാരിച്ചു. വിസ്ഡം സ്റ്റുഡന്റ്സ് ജനറൽ സെക്രട്ടറി ടി.മുഹമ്മദ് ശമീൽ 'ധർമസമരത്തിന്റെ വിദ്യാർഥി കാലം' എന്ന പ്രമേയാവതരണം നടത്തി. സമീൽ മൊബൈൽ അപ്ലിക്കേഷനിൽ പുതുതായി അവതരിപ്പിക്കുന്ന, അബ്ദുൽ ജബ്ബാർ മദീനിയുടെ 'അസ്സ്വാഉൽ ഹുസ്നാ' സീരീസ് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ വൈസ് പ്രസിഡന്റ് ശരീഫ് ഏലാങ്കോട് പ്രകാശനം ചെയ്തു.

# യുക്തിവാദികളുടെ ഗതികേട്

യുക്തിവാദിയായ ഇ.എ.ജബ്ബാറിന്റെ ഒരു പ്രസംഗശകലം കേൾക്കാനിടയായി. എന്ന് എവിടെ പ്രസംഗിച്ചതാണെന്നറിയില്ല. ഒരൊറ്റ വാചകത്തിൽ അദ്ദേഹം മുഹമ്മദ് നബി(സ)യെയും അബൂബക്ർ(റ), ബിലാൽ(റ) എന്നിവരെയും നിന്ദിക്കുന്നു. മൂവരുടെയും പേരിൽ പച്ചക്കള്ളം എഴുന്നള്ളിക്കുന്നു. ഇസ്‌ലാമിനെക്കുറിച്ചും പ്രവാചകനെക്കുറിച്ചും ഇതരമതസ്ഥരുടെ മനസ്സിൽ വെറുപ്പും വിദ്വേഷവും ഉണ്ടാക്കുന്ന ആ വാചകം ഇതാണ്: 'മുഹമ്മദും അബൂബക്കറും ബിലാലിനോട് കഅ്ബക്കകത്തുണ്ടായിരുന്ന വിഗ്രഹങ്ങളുടെ മേൽ മലവിസർജനം നടത്താൻ ആവശ്യപ്പെട്ടു.' മലവിസർജനം എന്നതല്ല അദ്ദേഹം നടത്തിയ പ്രയോഗം. നേർപഥത്തിന്റെ അന്തസ്സിന് ചേർന്നതല്ലാത്തതിനാലും വായനക്കാരെ മാനിക്കുന്നതിനാലും ആ വാക്ക് കൊടുക്കാതിരുന്നതാണ്.

അദ്ദേഹത്തിന്റെ മനസ്സിലെ, ഇസ്‌ലാമിനോടും പ്രവാചകനോടുമുള്ള അന്ധമായ പകയുടെയും വെറുപ്പിന്റെയും ബഹിർസ്ഫുരണമാണിത് എന്നത് പ്രത്യേകം പറയേണ്ടതില്ലല്ലോ. യാതൊരു തെളിവുമില്ലാതെ താൻ വെറുക്കുന്നതിനെയെല്ലാം താറടിച്ചുകാണിക്കലാണോ യുക്തിവാദം?

വിശുദ്ധ കുർആൻ പറയുന്നു: "അല്ലാഹുവിനു പുറമെ അവർ വിളിച്ച് പ്രാർഥിക്കുന്നവരെ നിങ്ങൾ ശകാരിക്കരുത്. അവർ വിവരമില്ലാതെ അതിക്രമമായി അല്ലാഹുവെ ശകാരിക്കാൻ അത് കാരണമായേക്കും.." (ക്വുർആൻ 6:108).

ഇതര മതസ്ഥരുടെ ആരാധ്യവസ്തുക്കളെ ചീത്ത പറയാൻ പോലും പാടില്ലെന്ന് ക്വുർആൻ പറയുമ്പോൾ ആ ക്വുർആനിന്റെ ആദർശമനുസരിച്ച് ജീവിച്ച് മാതൃക കാണിച്ച മുഹമ്മദ് നബി(സ) ജബ്ബാർ മാഷ് പറഞ്ഞ രീതിയിലുള്ള പ്രവർത്തനം ചെയ്തുവെന്ന് ആരോപിക്കാൻ തൊലിക്കട്ടി കുറച്ചൊന്നും പോരാ! വിസർജിച്ച് പ്രതികരിക്കുക എന്ന രീതി ഏതായാലു ഇാസ്‌ലാം പഠിപ്പിക്കുന്നില്ല. ആർക്കും എന്തും എവിടെവച്ചും ആകാമെന്നും അതിന് എതിരു നിൽക്കുന്ന മതം പഴഞ്ചനും അപരിഷ്‌കൃത വുമാണെന്നും വാദിക്കുന്നവർക്ക് അത് ചേരുമായിരിക്കും.

യാതൊരു മാനവിക വിരുദ്ധ പ്രവർത്തനത്തെയും അക്രമത്തെയും അനീതിയെയും ഇസ്‌ലാം അംഗീകരിക്കുന്നില്ല. പാശ്ചാത്യരായ ഇസ്‌ലാം വിമർശകരുടെ ഗ്രന്ഥങ്ങളിൽനിന്ന് മാത്രം ഇസ്‌ലാമിനെക്കുറിച്ച് പഠിക്കുന്ന യുക്തിവാദികൾ ഇസ്‌ലാമിനെതിരെ അത്തരം ആരോപണങ്ങൾ നിരന്തരം ഉന്നയിച്ചുകൊണ്ടേയിരിക്കുന്നു; അവരുടെ പ്രസിദ്ധീകരണങ്ങളിലൂടെയും പ്രസംഗങ്ങളിലൂടെയും. മുൻധാരണകളും വിദ്വേഷവുമാണ് അവരെ നയിക്കുന്നത്.

സൃഷ്ടികളെ ആരാധിക്കുക എന്നത് ഇസ്‌ലാം അംഗീകരിക്കുന്നില്ല. ബുദ്ധിപരമായും യുക്തിപരമായും പ്രാമാണികമായും അതിന്റെ നിരർഥകത ഇസ്‌ലാം ബോധ്യപ്പെടുത്തിത്തരുന്നുണ്ട്. എന്നാൽ ദൈവേതരർ ആരാധിക്കപ്പെടുന്നുവെങ്കിൽ അവരെ-അവയെ-ചീത്ത പറയരുതെന്ന് പറയുന്നത് ക്വുർആനാണ്. ഇസ്‌ലാം ഇതര മതസ്ഥർക്ക് അവരുടെ ആരാധനാ സ്വാതന്ത്ര്യം വകവച്ചുകൊടുക്കുന്നു. പ്രവാചകന്റെയും ഖലീഫമാരുടെയും കാലത്ത് അങ്ങനെത്തന്നെയായിരുന്നു.

അമേരിക്കൻ ചരിത്രകാരനും ഫിലോസഫറുമായ വിൽ ഡ്യൂറന്റ് അദ്ദേഹത്തിന്റെ 'ദി സ്റ്റോറി ഓഫ് സിവിലൈസേഷൻ' എന്ന ഗ്രന്ഥത്തിൽ എഴുതി: "ഉമവി ഖിലാഫത്തിന്റെ കാലത്ത് ഉടമ്പടിയിലെ ആളുകൾ, ക്രിസ്ത്യാനികൾ, സൊരാഷ്ട്രിയൻ, ജൂതൻ, സാബിയൻ എന്നിവരെല്ലാം ക്രിസ്ത്യൻ രാജ്യങ്ങളിൽ ഇന്നു കാണാത്ത സഹിഷ്ണുത ആസ്വദിച്ചു. അവരുടെ മതത്തിന്റെ ആചാരങ്ങൾ അനുഷ്ഠിക്കാൻ അവർക്ക് സ്വാതന്ത്ര്യമുണ്ടായിരുന്നു. അവരുടെ ചർച്ചുകളും ക്ഷേത്രങ്ങളും സംരക്ഷിക്കപ്പെട്ടു."

സദാചാര സംരക്ഷണം, സ്വഭാവരൂപീകരണം, സാമൂഹ്യജീവിതം, സത്യബോധനം തുടങ്ങിയവയ്‌ക്കെല്ലാം ശിക്ഷണം ആവശ്യമാണ്. ഈ മഹത്തായ ദൗത്യമാണ് ഇസ്‌ലാം നിർവഹിച്ചുകൊണ്ടിരിക്കുന്നത്. മനുഷ്യരെ ഒന്നിപ്പിക്കുവാനുള്ള മഹത്തായ ശ്രമം. യുക്തിവാദികൾ അതിനെ അടിച്ചമർത്താനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അതിനാണ് നുണക്കഥകൾ മെനഞ്ഞുകൊണ്ടിരിക്കുന്നത്. ■




# വാഗ്ധോരണിയാൽ പരിവർത്തനം സൃഷ്ടിച്ച പ്രബോധകൻ

ചെറുപ്പത്തിൽ തന്നെ പ്രസംഗകലയിൽ മിടുക്കനായിരുന്നു മൗലവി സാഹിബ്. തന്റെ വായനാശീലം അതിനൊരു നിമിത്തമാവുകയും ചെയ്തു. ശുദ്ധമലയാളത്തിൽ പ്രസംഗിക്കാൻ കഴിയുന്ന മുസ്‌ലിംകൾ അക്കാലത്ത് വളരെ കുറവായിരുന്നു; വടക്കേ മലബാറിൽ പ്രത്യേകിച്ചും. കുറിക്കുകൊള്ളുന്ന വാക്കുകൾകൊണ്ട് എതിരാളികളെ ഇരുത്താൻ കഴിയുന്ന വാചാലതയും ഉജ്ജ്വലമായ തൂലികയുമായിരുന്നു അദ്ദേഹത്തിന്റെ പ്രത്യേകത. ആകർഷകമായ വാഗ്ചാതുരിയാൽ വേദികൾ കയ്യടക്കിയ ഇ.കെ. മൗലവിയെ അതിന് പ്രാപ്തനാക്കിയത് പ്രധാനമായും ചെറുപ്പത്തിൽതന്നെ ശീലമാക്കിയ പത്രവായനയായിരുന്നു. പരന്ന വായനയും അഗാധമായ ചിന്താശക്തിയുംമൂലം പല ഗഹനങ്ങളായ വിഷയങ്ങളും വളരെ ലളിതമായ ശൈലിയിൽ ഭംഗിയായി അവതരിപ്പിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു.

മൂർച്ചയേറിയ പ്രസംഗങ്ങളിലൂടെ അന്ധവിശ്വാസാനാചാരങ്ങളുടെ കോട്ടകൊത്തളങ്ങളെ കടന്നാക്രമിച്ച ഇ.കെ. മൗലവി സാഹിബ് യാഥാസ്ഥിതികർക്കെതിരെ വാദപ്രതിവാദങ്ങളിലും തന്റെ സാന്നിധ്യം തെളിയിച്ചു. യാഥാസ്ഥിതികർ പിൻമാറിയ കുറ്റ്യാടി വാദപ്രതിവാദത്തിൽ പങ്കെടുക്കാൻ നിശ്ചയിക്കപ്പെട്ട പണ്ഡിതന്മാരിൽ ഒരാൾ ഇ.കെ. മൗലവിയായിരുന്നു. വാദപ്രതിവാദം നടന്നില്ലെങ്കിലും നേരത്തെ അവരുന്നയിച്ച വാദങ്ങൾക്ക് തെളിവുകൾ നിരത്തി മറുപടി പറയാൻ ഇ.കെ. മൗലവി അടക്കമുള്ള പണ്ഡിതർക്കു കഴിഞ്ഞു.

ഉജ്ജ്വലനായ പ്രസംഗകൻ എന്ന നിലയിലുള്ള കന്നിപ്രവേശം ചെറുപ്പമായിരിക്കെ സ്വന്തം നാട്ടിലെ ഒരു യാത്രയയപ്പ് പൊതുയോഗത്തിലായിരുന്നു. പാനൂരിലെ സബ് രജിസ്ട്രാർ സ്ഥലം മാറിപ്പോകുന്നത് പ്രമാണിച്ച് നടത്തപ്പെട്ട യോഗത്തിൽ ധാരാളം പേർ പ്രസംഗിച്ചിരുന്നു. പ്രസംഗിച്ചവരുടെ കൂട്ടത്തിൽ മുസ്‌ലിംകളാരും തന്നെ ഉണ്ടായിരുന്നില്ല. യോഗത്തിന്റെ അവസാനത്തിൽ അധ്യക്ഷൻ എഴുന്നേറ്റുനിന്ന് പറഞ്ഞു: 'ഇവിടെ കൂടിയ മാപ്പിളമാരിൽ ആരും പ്രസംഗിച്ചില്ല. സംസാരിക്കാൻ കഴിയുന്നവർ ആരുമുണ്ടാകില്ലെന്ന് വിശ്വസിക്കുന്നു.' സമുദായത്തിനുനേരെയുള്ള ആ പരിഹാസവാക്കുകൾക്ക് മറുപടിയായി ഇല്ലത്ത് കണ്ടിയിൽ കുഞ്ഞഹമ്മദ് കുട്ടി എന്ന ആ ചെറുപ്പക്കാരൻ സ്റ്റേജിലേക്കു കയറി അതിസുന്ദരമായ ഭാഷയിൽ മനോഹരമായ ശൈലിയിൽ പ്രസംഗിച്ചു. ഉജ്ജ്വലമായിരുന്നു ആ പ്രസംഗം. ഒരു സമുദായത്തെ പരിഹസിച്ചു സംസാരിച്ച അധ്യക്ഷന് ഒടുവിൽ സദസ്സിനോട് ക്ഷമ യാചിക്കേണ്ടി വന്നു.

ഹൈന്ദവ നവോത്ഥാനാചാര്യനായ ശ്രീനാരായണ ഗുരു 1924ൽ ആലുവയിൽ വിളിച്ചുചേർത്ത സർവമത സമ്മേളനത്തിൽ ഇസ്‌ലാമിനെ പ്രതിനിധീകരിച്ച് പ്രസംഗിക്കാൻ ഗുരു ക്ഷണിച്ചത് ഇ.കെ.മൗലവിയെയായിരുന്നു. ടി. സദാശിവ അയ്യരുടെ അധ്യക്ഷതയിൽ നടന്ന ഈ സർവമത സമ്മേളനത്തിൽ ക്രൈസ്തവ-ബുദ്ധമതങ്ങളുടെയും ബ്രഹ്മസമാജ, ആര്യസമാജങ്ങളുടെയും പ്രതിനിധികളുണ്ടായിരുന്നു. സമ്മേളനത്തിൽ മൗലവി ചെയ്ത പ്രസംഗം മുഴുവൻ സദസ്സിന്റെയും പ്രശംസക്കു പാത്രമായി. ആ സമ്മേളനത്തിലെ ഏറ്റവും ശ്രദ്ധേയമായ പ്രസംഗം അതായിരുന്നുവെന്ന് അമുസ്‌ലിമായ അധ്യക്ഷനടക്കം സമ്മേളനത്തിൽ പങ്കെടുത്തവരെല്ലാം എടുത്തു പറയുകയുണ്ടായി. സംഘാടകനായിരുന്ന ശ്രീനാരായണ ഗുരു മൗലവിയെ സ്വന്തം ആശ്രമത്തിലേക്ക് കൂട്ടിക്കൊണ്ടുപോയി അനുമോദിക്കുക പോലുമുണ്ടായി. 1928ൽ ശ്രീനാരായണ ഗുരു മരണം വരിക്കുന്നതുവരെ നവോത്ഥാന മേഖലയിലെ ഈ പ്രമുഖർ തമ്മിലുള്ള സൗഹൃദം തുടർന്നിരുന്നു.

അറബി ഭാഷയിലും നന്നായി പ്രസംഗിക്കാനുള്ള കഴിവ് അദ്ദേഹത്തിനുണ്ടായിരുന്നു. പഴയ കൊച്ചി സ്റ്റേറ്റിലെ ദിവാൻജിയായിരുന്ന ശ്രീ. വിജയരാഘവാചാരിക്ക് 'കൊച്ചി മുസ്‌ലിം വിദ്യാഭ്യാസ സംഘം' അഴീക്കോട്ടുവച്ചു നൽകിയ സ്വീകരണത്തിൽ ദിവാൻജിക്ക് അഭിവാദനങ്ങളർപ്പിച്ചുകൊണ്ടും ഔദ്യോഗിക മണ്ഡലങ്ങളിൽ മുസ്‌ലിംകൾ അവഗണിക്കപ്പെടുന്ന വസ്തുത ചൂണ്ടിക്കാണിച്ചുകൊണ്ടും ഇ.കെ.മൗലവി അറബി ഭാഷയിൽ ഒരുജ്ജ്വല പ്രസംഗം നടത്തുകയുണ്ടായി. മർഹൂം കെ.എം. സീതി സാഹിബ് അത് ഇംഗ്ലീഷിലേക്ക് ഭാഷാന്തരം ചെയ്തു. മൗലവിയുടെ അറബി പ്രസംഗവും സീതി സാഹിബിന്റെ പരിഭാഷയും ദിവാൻജിയുടെ മുക്തകണ്ഠമായ പ്രശംസക്ക് നിമിത്തമായെന്ന് മാത്രമല്ല, മുസ്‌ലിംകളുടെ കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുമെന്ന് ദിവാൻജി സ്വീകരണയോഗത്തിനു മുമ്പാകെ ഉറപ്പ് നൽകുകയും ചെയ്തു.

മൂർച്ചയേറിയ പ്രസംഗങ്ങളിലൂടെ അന്ധവിശ്വാസാനാചാരങ്ങളുടെ കോട്ടകൊത്തളങ്ങളെ കടന്നാക്രമിച്ച ഇ.കെ. മൗലവി സാഹിബ് യാഥാസ്ഥിതികർക്കെതിരെ വാദപ്രതിവാദങ്ങളിലും തന്റെ സാന്നിധ്യം തെളിയിച്ചു. യാഥാസ്ഥിതികർ പിൻമാറിയ കുറ്റ്യാടി വാദപ്രതിവാദത്തിൽ പങ്കെടുക്കാൻ നിശ്ചയിക്കപ്പെട്ട പണ്ഡിതന്മാരിൽ ഒരാൾ ഇ.കെ.മൗലവിയായിരുന്നു. വാദപ്രതിവാദം നടന്നില്ലെങ്കിലും നേരത്തെ അവരുന്നയിച്ച വാദങ്ങൾക്ക് തെളിവുകൾ നിരത്തി മറുപടി പറയാൻ ഇ.കെ.മൗലവി അടക്കമുള്ള പണ്ഡിതർക്കു കഴിഞ്ഞു. കുറ്റ്യാടി വാദപ്രതിവാദത്തിലേക്ക് നയിച്ച സംഭവ വികാസങ്ങൾ ചുരുക്കി വിവരിക്കുന്നത് നന്നായിരിക്കുമെന്ന് തോന്നുന്നു:

ഇസ്‌ലാഹീ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകിയ പ്രമുഖപണ്ഡിതനായിരുന്ന

കുറ്റ്യാടി എം.അബ്ദുല്ലക്കുട്ടി മൗലവി അന്ധവിശ്വാസത്തിനും അനാചാരങ്ങൾക്കുമെതിരെ കുറ്റ്യാടിയിൽ ദിവസങ്ങളോളം നീണ്ടുനിന്ന ഒരു പ്രസംഗപരമ്പര നടത്തി. ഓരോ ദിവസം കഴിയുന്തോറും പ്രസംഗം കേൾക്കാൻ ആളുകൾ കൂടിക്കൂടി വന്നു. പ്രസംഗം അലങ്കോലപ്പെടുത്തിയില്ലെങ്കിൽ തങ്ങളുടെ ആദർശ പാപ്പരത്തം ജനങ്ങൾക്കിടയിൽ വെളിവാകുമെന്ന ഭീതി യാഥാസ്ഥിതികരിൽ അങ്കലാപ്പുണ്ടാക്കി. അബ്ദുല്ലക്കുട്ടി മൗലവിയെ നേരിടാൻ മരുതോങ്കര ഖാദിയായിരുന്ന നടുക്കണ്ടി മുഹമ്മദ് മുസ്‌ല്യാരുടെ പേരിൽ അവർ പതിനൊന്ന് ചോദ്യങ്ങൾ അച്ചടിച്ചു പ്രസിദ്ധീകരിച്ചു.

ഇതിനുള്ള മൗലവിയുടെ ഉത്തരം 'ഒരു വിളംബരം' എന്ന പേരിൽ അറബിമലയാളത്തിൽ അച്ചടിച്ചു പ്രസിദ്ധീകരിക്കുകയുണ്ടായി. മൗലവിയുടെ മറുപടിയെ ഖണ്ഡിച്ചുകൊണ്ട് എടച്ചേരി സ്വദേശിയായ ഇ.വി.മൊയ്തീൻ മുസ്‌ല്യാർ 'അൽഇഅ്‌ലാൻ' എന്ന പേരിൽ ഒരു നോട്ടീസ് പുറത്തിറക്കി. ഇതിനു മറുപടിയായി 'തൻസീഹുദ്ദീൻ' എന്ന പേരിൽ ഒരു ലഘുലേഖ മൗലവിയും പ്രസിദ്ധീകരിച്ചു. ഇതോടെ യാഥാസ്ഥിതിക പണ്ഡിതൻമാർ ആകെ പരുങ്ങലിലായി. തങ്ങളുടെ മുഖം രക്ഷിക്കാൻ വാദപ്രതിവാദത്തിനുണ്ടോ എന്ന വെല്ലുവിളിയുമായി അവർ രംഗത്തുവന്നു. അബ്ദുല്ലക്കുട്ടി മൗലവിയും മറ്റു ഇസ്‌ലാഹീ പണ്ഡിതൻമാരും ആ വെല്ലുവിളി ഏറ്റെടുത്ത് വാദപ്രതിവാദത്തിന് തയ്യാറായി. ഇതിനിടയിൽ യാഥാസ്ഥിതികർ അബ്ദുല്ലക്കുട്ടി മൗലവിയെ നാദാപുരത്തുവെച്ച് തടയുകയും ദേഹോപദ്രവമേൽപിക്കാൻ ശ്രമിക്കുകയും ചെയ്തു. കുറ്റ്യാടിക്കു പോകുന്ന ബസ്സ് വന്നതുകൊണ്ടു അതിൽ കയറി രക്ഷപ്പെടുകയായിരുന്നു അദ്ദേഹം.

ഇസ്‌ലാഹീ പ്രവർത്തകരും യാഥാസ്ഥിതികരും തമ്മിലുള്ള തർക്കത്തിന് ഒരറുതി വേണമെന്നാഗ്രഹിച്ച പല പ്രധാനികളും ഇതിനിടയിൽ വാദപ്രതിവാദം നടത്തണമെന്ന അഭിപ്രായവുമായി മുന്നോട്ടു വന്നു. അങ്ങനെ കുറ്റ്യാടിയിൽ വച്ച് വാദപ്രതിവാദം നടത്താൻ തീരുമാനിക്കുകയും വ്യവസ്ഥ എഴുതിയുണ്ടാക്കുകയും ചെയ്തു. പക്ഷേ, യാഥാസ്ഥിതികർ പിൻമാറുകയായിരുന്നു. യാഥാസ്ഥിതികർ വന്നില്ലെങ്കിലും കുറ്റ്യാടി മദ്റസത്തുൽ ഇസ്‌ലാമിയ്യയിൽ ഇസ്‌ലാഹീ പണ്ഡിതൻമാർ ഒരുമിച്ചുകൂടുകയും യോഗം ചേരുകയും ചെയ്തു. സീതിസാഹിബായിരുന്നു അധ്യക്ഷൻ. അബ്ദുല്ലക്കുട്ടി മൗലവിക്കു പുറമെ ഇ.കെ. മൗലവി, എം.സി.സി. അബ്ദുറഹ്മാൻ മൗലവി. സഹോദരൻ ഹസൻ മൗലവി, ഇ. മൊയ്തുമൗലവി, പി.എൻ.മുഹമ്മദ് മൗലവി എന്നിവരായിരുന്നു പ്രസംഗകർ. വിവാദ വിഷയങ്ങളോരോന്നിനെപ്പറ്റിയും കിതാബുകൾ നിവർത്തിപ്പിടിച്ച് തെളിവുകൾ നിരത്തിയായിരുന്നു പ്രസംഗങ്ങൾ. തെളിവുകളുടെ പിൻബലത്തോടെയുള്ള ഈ പ്രസംഗങ്ങളും യാഥാസ്ഥിതികർ സംവാദത്തിൽനിന്ന് ഒഴിഞ്ഞു മാറിയതും ജനങ്ങളിൽ അവരെപ്പറ്റിയുള്ള വിശ്വാസം നഷ്ടപ്പെടുത്താനിടയാക്കി. കുറ്റ്യാടി പ്രദേശത്ത് ഒട്ടേറെ പേർ ഇസ്‌ലാഹീ ആദർശം സ്വീകരിക്കാൻ ഇതു കാരണമാകുകയും ചെയ്തു.

1949ൽ ഇ.കെ.മൗലവിയുടെ സ്വദേശമായ കടവത്തൂരിൽ നടന്ന, സംഘർഷത്തിൽ കലാശിച്ച വാദപ്രതിവാദത്തിലും ഇ.കെ.മൗലവിയുടെ സാന്നിധ്യമുണ്ടായിരുന്നു. ഈ വാദപ്രതിവാദത്തെക്കുറിച്ച് കെ.പി.ഇസ്ഹാഖലി കല്ലിക്കണ്ടി ഇപ്രകാരം എഴുതുന്നു:

"മുജാഹിദുകൾ നടത്താൻ തീരുമാനിച്ച സമ്മേളനവേദി പതി അബ്ദുൽഖാദിർ മുസ്‌ല്യാരും സംഘവും കൈയടക്കുകയും വാദപ്രതിവാദത്തിന് വെല്ലുവിളിക്കുകയും ചെയ്ത സംഭവമായിരുന്നു അത്. പക്ഷേ, മുജാഹിദ് ഭാഗത്തുനിന്നും കെ.എൻ. ഇബ്റാഹിം മൗലവി സ്വാഗത പ്രസംഗം നടത്തിക്കൊണ്ടിരിക്കവെ പതി മുസ്‌ല്യാർ തന്നെ സംവാദം കലക്കാൻ അനുചരൻമാരെ പ്രേരിപ്പിക്കുകയായിരുന്നു. കോലാഹലത്തിനിടയിൽ പലർക്കും മർദനമേറ്റു. കെ.എൻ.ഇയുടെ പിതൃവ്യൻ പറമ്പത്ത് ഇബ്റാഹിം മൗലവി, സി.എച്ച്. അബൂബക്കർ മാസ്റ്റർ എന്നിവർ ക്രൂരമായി യാഥാസ്ഥിതികരാൽ മർദിക്കപ്പെട്ടു. ഇബ്റാഹിം മൗലവിയുടെ ചവിട്ടേറ്റ് പതിയും നിലംപതിച്ചുവത്രെ! ഇതിനിടയിൽ ഒറ്റക്കോണി മാത്രമുള്ള പള്ളിയുടെ മുകളിൽ കാലിന് പരിക്കേറ്റ് ഒളിച്ചിരിക്കുകയായിരുന്നു എടപ്പാറ, ഇ.കെ. മൗലവി, പുത്തലത്ത് മമ്മി മൗലവി, ചോലയിൽ കുഞ്ഞമ്മദ് മുസ്‌ല്യാർ എന്നിവർ. താഴെ നടക്കുന്ന അടിപിടിയും അട്ടഹാസങ്ങളും കേട്ട് ഭയചകിതരായിരുന്നു അവർ. നമ്മെ കണ്ട് ശത്രുക്കൾ മുകളിൽ കയറി വന്നാൽ എന്തു ചെയ്യുമെന്ന് മമ്മി മൗലവി ചോദിച്ചപ്പോൾ ധൈര്യസമേതം ഇ.കെ. മൗലവിയും എടപ്പാറയും പറഞ്ഞത് നമുക്ക് നാലാൾക്കും കൂടി ഓരോരുത്തരെയായി പിടിച്ച് പുറത്തേക്കിടാം എന്നായിരുന്നു. വലിയ കാറ്റും മഴയും വന്നതുമൂലം കുഴപ്പം വ്യാപിക്കാ

തെ സമുദായം അന്ന് രക്ഷപ്പെടുകയാണുണ്ടായത്. കെ.കെ.എം.ജമാലുദ്ദീൻ മൗലവിയുടെ ഖിളർ നബിയെക്കണ്ട് നബീസ എന്ന നോവലിൽ ഈ കാര്യം വിശദീകരിക്കുന്നുണ്ട്.” [85]

തന്റെ നേരെ ആക്രോശിച്ചു വന്നിരുന്ന എത്ര വലിയ ജനക്കൂട്ടത്തെയും തന്റെ അസാധാരണ പ്രസംഗപാടവത്തിലൂടെ കീഴ്പ്പെടുത്താൻ ഇ.കെ.മൗലവി സാഹിബിനു കഴിഞ്ഞിരുന്നു. അത്രമാത്രം മൂർച്ചയും സ്വാധീനശക്തിയുമുള്ള പ്രസംഗത്തിനുടമായായിരുന്നു അദ്ദേഹം. പൊന്നാനി താലൂക്കിലെ സായിപ്പിന്റെ പള്ളിയിൽ നടന്ന സംഘർഷം ഇതിനുദാഹരണമാണ്.

കേരള മുസ്‌ലിം ഐക്യസംഘത്തിന്റെ കീഴിൽ പ്രസിദ്ധീകരിച്ചിരുന്ന ‘മുസ്‌ലിം ഐക്യം’ മാസികയിൽ ഒരിക്കൽ ഇ.കെ. മൗലവിയുടെ ഒരു ലേഖനത്തിൽ ‘ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ പറഞ്ഞതു പോലെ’ എന്ന് പരാമർശിക്കപ്പെട്ടിരുന്നു. ആ ലക്കം പുറത്തുവന്നതോടെ സായിപ്പിന്റെ പള്ളിയിൽ ഓതിത്താമസിച്ചിരുന്ന മുസ്‌ല്യാക്കൾ ഒരു പ്രക്ഷോഭം തന്നെ സംഘടിപ്പിച്ചു. ആ പ്രദേശങ്ങളിൽ ഐക്യസംഘത്തിന്റെ കുറെ അംഗങ്ങളും അനുഭാവികളുമുണ്ടായിരുന്നു. അവരെ പള്ളിയിൽ വിളിച്ചുകൂട്ടി ‘കണ്ടില്ലേ, മുസ്‌ലിം ഐക്യ’ത്തിലെ ലേഖനം? ഇബ്നുതൈമിയ ശൈഖുൽ ഇസ്‌ലാം ആണുപോൽ! ഇബ്നുഹജർ എന്താണു ഇബ്നു തൈമിയയെപ്പറ്റി തന്റെ ഫതാവയിൽ പറഞ്ഞതെന്നറിയാമോ? അയാൾ വഴിതെറ്റിയവനും വഴിതെറ്റിക്കുന്നവനുമാണെന്നാണ്’ എന്ന് മുസ്‌ല്യാക്കൾ അവരെ ധരിപ്പിച്ചു. ഫതാവ കൊണ്ടുവന്ന് വായിച്ചു കേൾപ്പിക്കുകയും ചെയ്തു. ഇബ്നുഹജ്റിന്റെ ഫതാവക്ക് ഖുർആനിന്റെ സ്ഥാനമാണല്ലോ അക്കാലത്ത് യാഥാസ്ഥിതികർ കൽപിച്ചിരുന്നത്. ഫതാവയിൽ അവ്വിധം പറഞ്ഞിട്ടുമുണ്ട്. മുസ്‌ല്യാക്കൾ ഇത് സമർഥിച്ചതോടുകൂടി ആകെ ബഹളമായി. ഒടുവിൽ ഒരു യോഗം വിളിക്കാനും അതിലേക്ക് ലേഖനകർത്താവിനെയും ക്ഷണിക്കാനും അയാളുടെ വിശദീകരണം കേട്ടശേഷം യുക്തമായ തീരുമാനം. കൈക്കൊള്ളാനും തീർച്ചയാക്കി.

യോഗം വിളിച്ചു. പ്രതിയായി ഇ.കെ. മൗലവി ക്ഷണിക്കപ്പെട്ടു. ആദ്യംതന്നെ അദ്ദേഹം ഫതാവയുടെ അവസാനഭാഗം ഉദ്ധരിച്ചു. അത് ഏതാണ്ട് ഇപ്രകാരമായിരുന്നു: “ഇബ്നുതൈമിയയുടെ പേരിലുള്ള ആരോപണങ്ങളൊന്നും അദ്ദേഹത്തിന്റെ കൃതികളിൽ കാണുകയില്ലെന്നാണ് ചിലർ പറയുന്നത്. ഞാനദ്ദേഹത്തിന്റെ കൃതികളൊന്നും കണ്ടിട്ടില്ല. അങ്ങനെയാണെങ്കിൽ അല്ലാഹു അദ്ദേഹത്തിന് പൊറുത്തുകൊടുക്കട്ടെ.’ ഇത് വായിച്ചു കേൾപ്പിച്ച ശേഷം ഇ.കെ. മൗലവി സദസ്സ്യരോടായി ഇങ്ങനെ പറഞ്ഞു: ‘കേട്ടുകേൾവിയെ അടിസ്ഥാനമാക്കിയാണ് ഇബ്നു ഹജറിന്റെ ഫത്‌വയെന്ന് മനസ്സിലായല്ലോ. അങ്ങനെയാണെങ്കിൽ പൊറുത്തുകൊടുക്കേണ്ടത് ഇബ്നുതൈമിയക്കല്ല, ഇബ്നുഹജറിനാണ്.’ അനന്തരം ഇബ്നുതൈമിയക്ക് ശേഷം സുസമ്മതരായ പല പണ്ഡിതന്മാരും രചിച്ച ഒട്ടേറെ ഗ്രന്ഥങ്ങളിൽ അദ്ദേഹത്തെപ്പറ്റി ശൈഖുൽ ഇസ്‌ലാം എന്നുപയോഗിച്ചത് ഇ.കെ. മൗലവി ഉദ്ധരിച്ചു. ആകർഷണീയമായി വാക്കുകളിൽ പണ്ഡിതോചിതമായി ഇ.കെ. മൗലവി ഈ വിഷയം അവതരിപ്പിച്ചതോടുകൂടി യാഥാസ്ഥിതികർ തണുത്തു. അതോടെ ആ ബഹളം കെട്ടടങ്ങി.

ചാവക്കാട്ടെ മണത്തല ഐദ്രുട്ടി മൂപ്പന്റെ ജാറത്തിൽ നടത്തിവരാറുള്ള കൊടികുത്ത് നേർച്ചക്കെതിരെ പ്രസംഗിക്കാൻ ചെന്ന ഇ.കെ.മൗലവിയെയും സംഘത്തെയും അയ്യായിരത്തോളം വരുന്ന ജനക്കൂട്ടം വളഞ്ഞാക്രമിക്കാൻ ശ്രമിച്ച സംഭവവും അദ്ദേഹത്തിന്റെ പ്രസംഗം യാഥാസ്ഥിതികരെ എത്രമാത്രം ചൊടുപ്പിച്ചുവെന്നതിനുള്ള തെളിവാണ്.

ഏറിയാട്ട് നടന്ന ഐക്യസംഘത്തിന്റെ ഒന്നാം വാർഷിക സമ്മേളനത്തിൽവച്ച് തൗഹീദ് വിശദീകരിച്ചുകൊണ്ട് നടത്തിയ പ്രസംഗവും ആലുവായിൽ നടന്ന രണ്ടാം വാർഷിക സമ്മേളനത്തിൽ ജംഇയ്യത്തുൽ ഉലമ രൂപീകരണ യോഗത്തിൽ സംവാദങ്ങൾക്കു നൽകിയ മറുപടിയും ആലുവാ സർവമത സമ്മേളനത്തിൽ ഇസ്‌ലാമിനെ പരിചയപ്പെടുത്തി ചെയ്ത പ്രഭാഷണവും ഇ.കെ.മൗലവിയുടെ പ്രസംഗപാടവത്തിന്റെ ഉദാഹരണങ്ങളായി എന്നെന്നും ഓർമിക്കപ്പെടും. ഏറിയാട്ടെ ഐക്യസംഘം വാർഷിക സമ്മേളനത്തിൽ ഇ.കെ.മൗലവി നടത്തിയ പ്രസംഗം സമ്മേളനവേദിയിൽവച്ച് നടന്ന കേരളത്തിലെ ഇസ്‌ലാഹീ പ്രസ്ഥാന ചരിത്രത്തിലെ ആദ്യത്തെ തൗഹീദ് പ്രസംഗമായിരുന്നു.

*അവലംബം:*

*85. ഇസ്ഹാഖലി കല്ലിക്കണ്ടി, ഇസ്‌ലാഹി ഭൂമികയിലൂടെ-ഭാഗം 3, പ്രകാശം ചൊരിഞ്ഞവർ, പേജ് 30.*

**മുജീബ് ഒട്ടുമ്മൽ**
: 97444 31890



> രാഷ്ട്രീയ ഭാവി പ്രതിസന്ധിയിലാവുമ്പോഴെല്ലാം തരാതരം മതത്തെ എടുത്ത് പ്രതിരോധം തീർക്കുക എന്നതിൽ കേന്ദ്രത്തെ അനുകരിച്ച് തുടങ്ങിയിരിക്കുന്നു കേരളവും. കൂടെ, ആത്മനിഷ്ഠാ ധാർമികതയുടെ ഒരു കോടാലിക്കൈ കൂടി സമുദായത്തിൽ നിന്ന് കിട്ടിയിരിക്കുന്നു എന്ന ചാരിതാർഥ്യവുമുണ്ട് പാർട്ടിയ്ക്കിപ്പോൾ.

പിക്ക് വിക്ക്: ‘എപ്പോഴും ആൾക്കൂട്ടത്തിനൊപ്പം ചേർന്ന് ബഹളം വയ്ക്കുന്നതാണ് നല്ലത്.’

സ്നോഡ് ഗ്രാസ്: ‘രണ്ട് ആൾക്കൂട്ടമുണ്ടെങ്കിലോ?’

പിക്ക് വിക്ക്: ‘ഏറ്റവും വലിയ ആൾക്കൂട്ടത്തിനൊപ്പം ചേരുക.’

പ്രശസ്ത ഇംഗ്ലീഷ് നോവലിസ്റ്റും പത്രപ്രവർത്തകനും സാമൂഹിക വിമർശകനുമായിരുന്ന ചാൾസ് ജോൺ ഹഫാം ഡിക്കൻസിന്റെ ‘പിക്ക് വിക്ക് പെപ്പേഴ്സ്’ എന്ന നോവലിലെ കഥാപാത്രങ്ങളായ പിക്ക് വിക്കും സ്നോഡ് ഗ്രാസും തമ്മിലുള്ള സംഭാഷണത്തിലെ ശകലങ്ങളാണ് നാം വായിച്ചത്.

ഇസ്‌ലാമോഫോബിയ ലോകവ്യാപകമായി വിഹരിക്കുന്ന ആധുനിക കാലഘട്ടത്തിൽ മുസ്‌ലിംകൾക്കെതിരെ ഉന്നയിക്കപ്പെടുന്ന ഏതൊരു ആരോപണവും ആയുധമായി ഉപയോഗിക്കുന്ന പ്രത്യേക സാഹചര്യമാണ് ഇന്നുള്ളത്. കേരളത്തിലെ സ്വർണക്കള്ളക്കടത്തുമായി ബന്ധപ്പെട്ട ചർച്ചകളിൽ മുസ്‌ലിംകളെയും പണ്ഡിതൻമാരെയും ഇസ്‌ലാമിക ഫത്വകളെയും അനാവശ്യചർച്ചകളിലേക്ക് വലിച്ചിഴച്ച് ആൾക്കൂട്ടപ്രേമം പ്രകടിപ്പിച്ച ഭരണപക്ഷ എംഎൽഎ ഡോ.കെ.ടി ജലീലിന്റ



# കള്ളക്കടത്ത്: മതവും രാഷ്ട്രീയവും

പരാമർശം പിക്ക് വിക്ക് എന്ന കഥാപാത്രം നിർദേശിച്ച എളുപ്പമാർഗ ത്തിലേക്ക് ചുവടുവയ്ക്കുന്നതാണ്.

'കോഴിക്കോട് വിമാനത്താവളം കേന്ദ്രീകരിച്ചു നടക്കുന്ന സ്വർണ ക്കടത്തിൽ പിടികൂടുന്നവരിൽ മഹാഭൂരിപക്ഷവും മുസ്‌ലിം സമുദായ ത്തിൽപ്പെട്ടവരാണ്. അതിനെ അഭിമുഖീകരിക്കാതെ എന്ത് പരിഷ്കരണ വും പുരോഗതിയുമാണു മുസ്‌ലിം സമുദായത്തിൽ നടത്താൻ മലപ്പുറം പ്രേമികൾ ഉദ്ദേശിക്കുന്നത്. സ്വർണക്കടത്തിലും ഹവാലയിലും പങ്കാ ളികളാകുന്ന മുസ്‌ലിംകളിൽ നല്ലൊരു ശതമാനവും വിശ്വസിക്കുന്നത് ഇതൊന്നും മതവിരുദ്ധമല്ല എന്നാണ്. അത്തരക്കാരെ ബോധവൽക്ക രിക്കാൻ ഖാസിമാർ തയാറാകണമെന്നു പറഞ്ഞാൽ അതെങ്ങനെയാ ണ് ഇസ്‌ലാമോഫോബിക് ആവുക?' ഡോ.കെ.ടി ജലീൽ എംഎൽഎ തന്റെ ഫെയ്സ്ബുക്ക് പേജിൽ രേഖപ്പെടുത്തിയ കുറിപ്പാണിത്.

പരാമർശം വിവാദമായപ്പോൾ അതിനെ അദ്ദേഹം വീണ്ടും ന്യായീ കരിച്ചു: "കരിപ്പൂരിൽനിന്ന് സ്വർണ്ണം കടത്തിൽ പിടിക്കപ്പെടുന്നവരിൽ 99%വും മുസ്‌ലിം പേരുള്ളവരാണ്. അവരൊക്കെ ധരിച്ചു വെച്ചിരിക്കു ന്നത് കള്ളക്കടത്ത് മതവിരുദ്ധ മല്ല എന്നാണ്. ഹവാല ഇസ്‌ലാ മിക വിരുദ്ധമല്ല എന്നാണ്. അത് തിരുത്തപ്പെടണം. വിശ്വാസികൾ ക്ക് മതനിയമങ്ങൾ പാലിക്കാനാ ണ് കൂടുതൽ താൽപര്യം എന്നാ ണല്ലോ വെപ്പ്. എന്താ അതിനിത്ര മടി?"

ഇസ്‌ലാമിനെയും മുസ്‌ലിം കളെയും പ്രതിക്കൂട്ടിലാക്കാൻ സംഘപരിവാരങ്ങൾ കാലങ്ങ ളായി ആരോപിക്കുന്ന കാര്യങ്ങ ളോട് ചേർത്തുവയ്ക്കാൻ പുതിയ മരുന്ന് നൽകുകയാണ് യഥാർഥ ത്തിൽ ഇദ്ദേഹം ചെയ്തിരിക്കുന്ന ത്. ഇത്തരം പരാമർശങ്ങളിലൂടെ സമൂഹത്തിനും സമുദായത്തിനും നാടിനും നൽകുന്ന സന്ദേശമെ ന്താണ്? കാപട്യമില്ലാത്ത, സത്യ സന്ധമായ ജീവിതം നയിക്കാൻ ദൈവിക ദർശനം ആദർശമാ യി സ്വീകരിച്ച ഒരു സമൂഹത്തെ പ്രതിസ്ഥാനത്ത് നിറുത്തിയുള്ള ഇത്തരം പരാമർശങ്ങൾ ആരെ പ്രീണിപ്പിക്കാനാണ്? സമീപകാ ലത്ത് ഇടതുപക്ഷ ചേരികളിൽ നിന്ന് ഒഴുകിവരുന്ന പ്രസ്താവനക ളധികവും മുസ്‌ലിം വെറിയുടെ സന്ദേശമാണെന്നത് നിഷ്തർക്ക മാണ്. ജലീലിന്റെ പരാമർശത്തെ സ്വാഗതം ചെയ്ത് മുന്നോട്ട് വന്നിരി ക്കുന്നത് ക്രിസ്ത്യൻ തീവ്രവാദ സം ഘടനയായ കാസ പോലെയുള്ള കൂട്ടായ്മകളാണ്.

കെ.ടി ജലീൽ എംഎൽഎ യെ അഭിനന്ദിച്ച് തീവ്ര ക്രിസ്ത്യൻ കൂട്ടായ്മയായ കാസ അവരുടെ ഫേസ്ബുക്ക് പേജിൽ കുറിച്ചത് കാണുക:

"കെ.ടി ജലീലിന്റെ നിലപാ ട് മാറ്റം ആത്യന്തികമായ ലക്ഷ്യ ത്തിന് വേണ്ടിയുള്ള തഖിയകളിൽ ഒന്നു മാത്രമാണ്, അതുകൊണ്ടു തന്നെ അതിനെ വിശ്വസിക്കേണ്ട

തില്ല. പക്ഷേ, കഴിഞ്ഞ ഏതാനും ദിവസങ്ങളായി എന്തിന്റെ പേരിലാണെങ്കിലും കെ.ടി ജലീൽ നിയമസഭയ്ക്ക് അകത്തും പുറത്തുമായി പറഞ്ഞതെല്ലാം സത്യങ്ങളാണ്."

ഇത്തരം വർഗീയ കോമരങ്ങൾ സമൂഹത്തിൽ സാമാന്യവൽകരിക്കപ്പെടുകയും സാധാരണക്കാർക്കിടയിൽ പോപുലാരിറ്റി നേടിക്കൊടുക്കയും മുസ്‌ലിം വെറുപ്പ് ആഴത്തിൽ വേരോടുകയുമല്ലാതെ മറ്റെന്ത് നേട്ടമാണ് ഇത്തരം പ്രസ്താവനകൾ കൊണ്ട് ഉണ്ടാവുകയെന്നതും വ്യക്തമാക്കേണ്ടതുണ്ട്.

ഇദ്ദേഹത്തിന്റെ സമീപകാല പ്രസ്താവനകളധികവും ഇസ്‌ലാമിക വിരുദ്ധമായ കാര്യങ്ങളാണ്. നാസ്തികർ വിശ്വസിക്കുന്ന ആത്മനിഷ്ഠമായ ധാർമികതയിലാണ് താൻ വിശ്വസിക്കുന്നതെന്ന് തോന്നിപ്പോകുംവിധമുള്ള വാക്കുകളാണ് അദ്ദേഹത്തിന്റേത്. സ്വർഗമെന്ന പരലോക ജീവിതത്തിലെ യാഥാർഥ്യത്തെ അതിൽ വിശ്വസിക്കാത്തവരുടെ മേൽ അടിച്ചേൽപിക്കാൻ അദ്ദേഹം വ്യഗ്രത കാണിക്കുന്നുണ്ട്. അഥവാ വ്യക്തിയുടെ ധാർമികമൂല്യത്തിന് പ്രാധാന്യം നൽകുന്ന വ്യക്തിത്വ-രാഷ്ട്രീയ-സാമൂഹിക തത്ത്വചിന്തയായ ഇന്റിവിജ്വലിസ(Individualism)ത്തിന് അടിപ്പെട്ട പോലെയാണ് അദ്ദേഹത്തിന്റെ സംസാരം. അതാവട്ടെ രാഷ്ട്രീയ-സാമൂഹിക നിയന്ത്രണങ്ങൾക്കും മുകളിൽ വ്യക്തികളുടെ പ്രവർത്തന സ്വാതന്ത്ര്യത്തെ അനുകൂലിക്കുന്ന സാമൂഹിക സിദ്ധാന്തവുമാണ്.

### കള്ളക്കടത്തിൽ മതമോ?

ഇസ്‌ലാം എല്ലാ കള്ളത്തരങ്ങളെയും നിരാകരിക്കുന്ന മതമാണ്. പ്രവാചകൻ(സ്വ) പറഞ്ഞു: "നിങ്ങൾ കളവിനെ സൂക്ഷിക്കുക, കളവ് അധാർമികതയിലേക്കു നയിക്കും. അധാർമികതയാകട്ടെ നരകത്തിലേക്കും നയിക്കും"(ബുഖാരി).

കളവ് പറയുന്നതുപോലും കാപട്യത്തിന്റെ ലക്ഷണമാണെന്ന് പ്രവാചകൻ(സ്വ) പഠിപ്പിച്ചു. അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം, നബി(സ്വ) പറഞ്ഞു: "കപടവിശ്വാസികളുടെ ലക്ഷണം മൂന്നാകുന്നു. സംസാരിച്ചാൽ കളവുപറയും, വാഗ്ദത്തം ചെയ്താൽ ലംഘിക്കും, വിശ്വസിച്ചാൽ ചതിക്കും" (ബുഖാരി: 6095).

തമാശക്ക് പോലും കളവു പറയുന്നത് ശക്തമായി വിലക്കി. നബി(സ്വ) പറഞ്ഞു: "... ജനങ്ങളെ ചിരിപ്പിക്കുവാൻ വേണ്ടി കളവു പറയുകയും ചെയ്യുന്നവന് നാശം. അവന്നാകുന്നു നാശം. അവന്നാകുന്നു നാശം" (അബൂദാവൂദ്. അൽബാനി സ്വഹീഹെന്ന് വിശേഷിപ്പിച്ചത്).

അവകാശങ്ങൾ നേടിയെടുക്കാൻ പോലും കളവിനെ ഇസ്‌ലാം അനുവദിക്കുന്നില്ല. ശൈഖ് ഉസൈമീൻ(റഹി) പറഞ്ഞു: "അവകാശം നേടിയെടുക്കാനായാലും തമാശക്കായാലും കളവ് പറയൽ അനുവദനീയമല്ല. കാരണം അത് ആക്ഷേപിക്കപ്പെട്ട സ്വഭാവത്തിൽ പെട്ടതാകുന്നു. കാപട്യത്തിന്റെ ആളുകളിലല്ലാതെ അതുകൊണ്ട് അറിയപ്പെടുകയില്ല."

ചെറിയ കുഞ്ഞുങ്ങളെ കളിപ്പിക്കുന്നതിനോ വികൃതിയിൽനിന്ന് തടയുന്നതിനോ പോലും കളവ് അനുവദിക്കാത്ത മതമാണ് ഇസ്‌ലാം. അബ്ദുല്ലാഹിബ്നു ആമിറി(റ)ൽ നിന്ന് നിവേദനം, അദ്ദേഹം പറഞ്ഞു: "ഒരുദിവസം നബി(സ്വ) ഞങ്ങളുടെ വീട്ടിലുള്ള സമയത്ത് എന്റെ മാതാവ് ഇങ്ങനെ പറഞ്ഞുകൊണ്ട് എന്നെ വിളിച്ചു: 'മോനേ, ഇങ്ങോട്ട് വരൂ. ഞാൻ നിനക്ക് (എന്തെങ്കിലും) തരാം.' അപ്പോൾ നബി(സ്വ) പറഞ്ഞു: 'നിങ്ങൾ എന്താണ് അവന് കൊടുക്കാൻ ഉദ്ദേശിച്ചത്?' അവർ പറഞ്ഞു: 'ഞാൻ അവന് ഈന്തപ്പഴമാണ് നൽകുന്നത്.' അപ്പോൾ നബി(സ്വ) അവരോടു പറഞ്ഞു: 'ശരി, എന്നാൽ നിങ്ങളെങ്ങാനും അവന് ഒന്നും കൊടുക്കുമായിരുന്നില്ലെങ്കിൽ, നിങ്ങളുടെ മേൽ ഒരു കള്ളം രേഖപ്പെടുത്തപ്പെടുമായിരുന്നു' (അബൂദാവൂദ്: 4991).

> ഇസ്‌ലാമിനെയും മുസ്‌ലിംകളെയും പ്രതിക്കൂട്ടിലാക്കാൻ സംഘപരിവാരങ്ങൾ കാലങ്ങളായി ആരോപിക്കുന്ന കാര്യങ്ങളോട് ചേർത്തുവയ്ക്കാൻ പുതിയ മരുന്ന് നൽകുകയാണ് യഥാർഥത്തിൽ ഇദ്ദേഹം ചെയ്തിരിക്കുന്നത്. ഇത്തരം പരാമർശങ്ങളിലൂടെ സമൂഹത്തിനും സമുദായത്തിനും നാടിനും നൽകുന്ന സന്ദേശമെന്താണ്? കാപട്യമില്ലാത്ത, സത്യസന്ധമായ ജീവിതം നയിക്കാൻ ദൈവിക ദർശനം ആദർശമായി സ്വീകരിച്ച ഒരു സമൂഹത്തെ പ്രതിസ്ഥാനത്ത് നിറുത്തിയുള്ള ഇത്തരം പരാമർശങ്ങൾ ആരെ പ്രീണിപ്പിക്കാനാണ്?

ജീവിതത്തിന്റെ സകലമാന മേഖലകളിലും കള്ളത്തരം ഒരംശം പോലും അനുവദിക്കാത്ത ഇസ്‌ലാം കള്ളക്കടത്തും അനുവദിച്ചിട്ടില്ല. അത് സ്വർണമാകട്ടെ മറ്റേത് വസ്തുവാകട്ടെ. ഒരു രാജ്യത്ത് നിയമം മൂലം നിരോധിക്കപ്പെട്ട ചെറിയ കാര്യമാണെങ്കിൽ പോലും വിശ്വാസികൾക്കത് പാടില്ലാത്ത കാര്യമാണ്. കള്ളക്കടത്ത് രാജ്യത്തെയും അവിടെയുള്ള ജനങ്ങളെയും വഞ്ചിക്കുന്ന പ്രവർത്തനമാണ്.

ഒരിക്കൽ പ്രവാചകൻ(സ്വ) കച്ചവടത്തിനുവച്ച ഭക്ഷണക്കൂമ്പാരത്തിന്റ അടുത്തുകൂടി നടക്കുകയായിരുന്നു. തന്റെ കൈ കൂമ്പാരത്തിന്റ ഉള്ളിലേക്ക് പ്രവേശിപ്പിച്ചപ്പോൾ നനവ് അനുഭവപ്പെട്ടു. കച്ചവടക്കാരനോട് ഇതെന്താണെന്ന് ചോദിച്ചു. മഴ പെയ്ത് നനഞ്ഞതാണെന്ന് അദ്ദേഹം മറുപടി പറഞ്ഞു. നബി(സ്വ) ചോദിച്ചു: 'ജനങ്ങൾ കാണാവുന്ന രീതിയിൽ ആ ഭാഗം മുകളിലേക്കാക്കിക്കൂടെയോ? വഞ്ചന കാണിക്കുന്നവൻ എന്നിൽ പെട്ടവനല്ല' (മുസ്‌ലിം).

പൂഴ്ത്തിവയ്ക്കുന്നതിനെയും അപരാധമായാണ് ഇസ്‌ലാം കാണുന്നത്: "വല്ലവനും പൂഴ്ത്തിവച്ചാൽ അവൻ അപരാധിയാകുന്നു" (മുസ്‌ലിം).

നിഷിദ്ധമായ സമ്പാദ്യമുള്ളവരുടെ പ്രാർഥനക്ക് ഉത്തരം ലഭിക്കുകയില്ലെന്നതാണ് ഇസ്‌ലാമിക പാഠം. മദ്റസയിൽനിന്നുള്ള അധ്യാപനം മുതൽ വെള്ളിയാഴ്ചയിലെ ഖുതുബകളിലൂടെയും പ്രഭാഷണങ്ങളിലൂടെയും ലേഖനങ്ങളിലൂടെയും നിരന്തരമായി ജനങ്ങളെ ഉൽബോധിപ്പിക്കുന്ന കാര്യങ്ങളാണിവ. എന്നിട്ടും മുസ്‌ലിം നാമധാരികളായ കുറ്റവാളികളുണ്ടാകാനും ചില കാരണങ്ങളുണ്ട്. ഉൽബോധനങ്ങളും പ്രചാരണങ്ങളും പ്രഭാഷണങ്ങളുമായി മതപരമായ വൈജ്ഞാനിക ചർച്ചകൾ സമൂഹത്തിൽ നടക്കുമ്പോൾ അസ്വസ്ഥരാകുന്ന ചിലരുണ്ട്. അത്തരം ആളുകൾ പരിഹാസ വാക്കുകളുമായി അതിനെ പ്രതിരോധിക്കാൻ ശ്രമിക്കുകയാണ് പതിവ്. മാധ്യമങ്ങളും അധികാരങ്ങളും പരിഹസിക്കുന്നവർക്ക് കൂടുതൽ പ്രാധാന്യം നൽകുമ്പോൾ, അവരുടെ വാക്കുകൾക്ക് പ്രചാരണം നൽകുമ്പോൾ സ്വാഭാവികമായി അരികുവത്കരിക്കപ്പെടുന്നത് പണ്ഡിതൻമാരുടെ ശബ്ദങ്ങളാണ്. അല്ലെങ്കിലും നിയമങ്ങളും അധികാരവും കുറ്റവാളികൾക്കെതിരെ ശക്തമായി ഉപയോഗപ്പെടുത്താൻ സാധിക്കുന്ന ഭരണാധികാരികൾ തന്നെ കുറ്റകൃത്യങ്ങൾ വർധിക്കുന്നതിൽ വിലപിക്കുന്നുവെങ്കിൽ അതിൽ സാധാരണക്കാർക്ക് എന്ത് ചെയ്യാൻ സാധിക്കും? രാഷ്ട്രീയ പ്രചാരണ പരിപാടികൾക്കില്ലാത്ത കടുത്ത നിയന്ത്രണങ്ങളിൽ വീർപ്പുമുട്ടുന്ന പ്രബോധകരെ പഴിക്കാൻ എന്താണവകാശം?



സമാധാന സന്ദേശ പ്രചാരണത്തിനായി ലഘുലേഖ വിതരണം ചെയ്തവർ കുറ്റവാളികളും അവരെ ഒരു പ്രകോപനവുമില്ലാതെ ക്രൂരമായി തല്ലിച്ചതച്ച ആക്രമികൾ വാദികളുമാകുന്ന നിയമപാലനം നിലനിൽക്കുന്ന സംസ്ഥാനത്തെ പ്രബോധകരെ എങ്ങനെ പഴിചാരാനാകും?

പ്രബോധകരുടെ വാചക സ്ഖലിതങ്ങളിൽ വലിയ കുറ്റം ചുമത്തുമ്പോൾ സംഘപരിവാരങ്ങൾക്കും നാസ്തികർക്കും കമ്യൂണിസ്റ്റ് ബുദ്ധിജീവികൾക്കും വർഗീയ അധിക്ഷേപം നടത്താനും ഒരു സമുദായത്തിനെതിരെ എന്തും ആരോപിക്കാനും സ്വാതന്ത്ര്യമുള്ള നമ്മുടെ സംസ്ഥാനത്ത് മതപണ്ഡിതൻമാരുടെ നിസ്സംഗതയെ എങ്ങനെ ചോദ്യം ചെയ്യാനാകും?

### കുറ്റവാളികളുടെ മതം

സ്വർണ കള്ളക്കടത്ത് നടത്തുന്നത് ആരായിരുന്നാലും അവരുടെ മതം തെരയുന്നത് സമീപകാലത്തെ ഒരു പ്രതിഭാസമായിരിക്കുന്നു. മുസ്‌ലിം സമുദായത്തിലെ അംഗമായിരുന്നാൽ കുറ്റകൃത്യങ്ങൾക്ക് ഗൗരവം കൂടുന്നതും ഇതര വിഭാഗങ്ങളാണെങ്കിൽ മനോനില പരിശോധിക്കാൻ ഉത്തരവിടുന്നതും സ്ഥിരം

പല്ലവിയായിരിക്കുന്നു. ഇങ്ങനെയുള്ള സാമൂഹിക മനഃശാസ്ത്ര പശ്ചാത്തലത്തിൽ ഭരണരംഗത്തുള്ളവരുടെ സമീപനങ്ങളിൽ സൂക്ഷ്മത കാണിക്കേണ്ടതായിരുന്നു. ഭരണപക്ഷത്തുള്ള ഒരു സാമാജികനെന്ന നിലയിൽ പ്രസ്താവനയെ ന്യായീകരിക്കുന്നതിലും വർഗീയതയിലേക്ക് വിരൽചൂണ്ടുന്ന ഗുരുതരമായ അപാക തകളെ ദർശിക്കാനാകും. സ്വർണ കള്ളക്കടത്തുമായി ഇപ്പോൾ നടക്കുന്ന ചർച്ചയിൽ മലപ്പുറവും സമുദായവും പ്രത്യേകം പ്രതിചേർക്കപ്പെടുന്നതിലും ദുരൂഹകളേറെയുണ്ട്.

പോലീസ് ഡിപാർട്ട്മെന്റിലെ ആർഎസ്എസ് മേധാവിത്വവും ഉന്നത ഉദ്യോഗസ്ഥരുടെ രാഷ്ട്രീയ ചർച്ചകളുമെല്ലാം സംശയാസ്പദമാണ്. അന്താരാഷ്ട്ര കള്ളക്കടത്ത് കേസുകൾ കൈകാര്യം ചെയ്യുന്നത് സാങ്കേതികമായി കസ്റ്റംസ് വകുപ്പിന്റെ ജോലിയാണെങ്കിലും, സംസ്ഥാന പോലീസ് കള്ളക്കടത്ത് സ്വർണം പിടിച്ചെടുക്കുന്നതിൽ ഗണ്യമായ വർധനവുണ്ടായിട്ടുണ്ട്. 2022 മുതൽ 146 കിലോയോളം സ്വർണം പിടികൂടിയതായും 185 കള്ളക്കടത്ത് കേസുകൾ പോലീസ് രജിസ്റ്റർ ചെയ്തതായും ഔദ്യോഗിക കണക്കുകൾ വ്യക്തമാക്കുന്നു. ഇതിനു മുമ്പ് രണ്ട് വർഷത്തിനിടെ മൂന്ന് കേസുകളിലായി ഒരു കിലോയോളം സ്വർണം മാത്രമാണ് പോലീസ് പിടിച്ചെടുത്തത്. ചില കസ്റ്റംസ് ഉദ്യോഗസ്ഥരുമായി ചേർന്ന് എയർപോർട്ട് പരിശോധനകളിലൂടെ കള്ളക്കടത്ത് സ്വർണം കടത്തിവിടുകയും എന്നാൽ പോലീസിന് വിവരം നൽകുകയും ചെയ്യുന്ന ഒരു ക്രമീകരണം ഉണ്ടെന്നാണ് ആരോപണം. എയർപോർട്ടിൽനിന്ന് പുറത്തുകടന്ന ശേഷം പോലീസ് സംഘം പിടിച്ചെടുക്കുന്ന സ്വർണത്തിന്റെ ചെറിയൊരു ഭാഗം മാത്രമെ ഔദ്യോഗിക രേഖകളിൽ കാണിക്കുന്നുള്ളൂവെന്നും ആക്ഷേപമുണ്ട്. ഇതാണ് യഥാർഥത്തിൽ സംഭവിച്ചതെങ്കിൽ, റാക്കറ്റ് പോക്കറ്റിലാക്കിയ സ്വർണത്തിന്റെ അളവ് കുറച്ചൊന്നുമാകില്ല.

സ്വർണക്കടത്ത് നികുതിവെട്ടിപ്പ് മാത്രമല്ല-സമാന്തര സമ്പദ് വ്യവസ്ഥയെ പോഷിപ്പിക്കൽ കൂടിയാണ്. ഇത് ഹവാല, മറ്റ് രൂപത്തിലുള്ള കള്ളപ്പണം വെളുപ്പിക്കൽ തുടങ്ങിയ അനൗപചാരിക പണ കൈമാറ്റ സംവിധാനങ്ങളുമായി അടുത്ത ബന്ധമുള്ളതാണ്. ഇന്ത്യയിലെ സ്വർണത്തിന്റെ ആഭ്യന്തര ഉപഭോഗവും ഇറക്കുമതിയും തമ്മിൽ ഏകദേശം 300 ടണ്ണിന്റെ വ്യത്യാസമുണ്ടെന്ന് ഔദ്യോഗിക കണക്കുകൾ വ്യക്തമാക്കുന്നു. ഈ വ്യത്യാസം കള്ളക്കടത്തിലൂടെ ഉണ്ടാക്കിയതാണ്. ഉദ്യോഗസ്ഥരുടെ അഭിപ്രായ ത്തിൽ, കേരളം വലിയൊരു പങ്ക് സംഭാവന ചെയ്യുന്നു.

കുറ്റം ഗൗരവമുള്ളതും കേന്ദ്ര ഏജൻസികളുടെ അടിയന്തര ഇടപെടലിന് യോഗ്യവുമാണ്. സത്യം പുറത്തുകൊണ്ടുവരാനും രാജ്യത്തി

> സമാധാന സന്ദേശ പ്രചാരണത്തിനായി ലഘുലേഖ വിതരണം ചെയ്തവർ കുറ്റവാളികളും അവരെ ഒരു പ്രകോപനവുമില്ലാതെ ക്രൂരമായി തല്ലിച്ചതച്ച ആക്രമികൾ വാദികളുമാകുന്ന നിയമപാലനം നിലനിൽക്കുന്ന സംസ്ഥാനത്തെ പ്രബോധകരെ എങ്ങനെ പഴിചാരാനാകും? പ്രബോധകരുടെ വാചക സ്ഖലിതങ്ങളിൽ വലിയ കുറ്റം ചുമത്തുമ്പോൾ സംഘപരിവാരങ്ങൾക്കും നാസ്തികർക്കും കമ്യൂണിസ്റ്റ് ബുദ്ധിജീവികൾക്കും വർഗീയ അധിക്ഷേപം നടത്താനും ഒരു സമുദായത്തിനെതിരെ എന്തും ആരോപിക്കാനും സ്വാതന്ത്ര്യമുള്ള നമ്മുടെ സംസ്ഥാനത്ത് മതപണ്ഡിതൻമാരുടെ നിസ്സംഗതയെ എങ്ങനെ ചോദ്യം ചെയ്യാനാകും?

ന്റെ സമ്പദ്‌വ്യവസ്ഥയെ തകർക്കുന്ന പ്രവണത അവസാനിപ്പിക്കാനും സമഗ്രമായ അന്വേഷണം നടത്തി കുറ്റവാളികളെ മാതൃകാപരമായി ശിക്ഷിക്കാനും കഴിയണം. അതിനായി അധികാരവും സ്വാധീനവും വാചാലതയുമെല്ലാം ക്രിയാത്മകമായി ഉപയോഗപ്പെടുത്തുകയാണ് ചെയ്യേണ്ടിയിരുന്നത്; അല്ലാതെ സമുദായത്തെയും പണ്ഡിതൻമാരെയും അനാവശ്യമായി അതിലേക്ക് വലിച്ചിഴക്കുകയല്ല.

### ഹിന്ദുത്വ പ്രീണനത്തിന്റെ കാണാപുറങ്ങൾ

മതനിരപേക്ഷ സമൂഹത്തിന് നേതൃത്വം നൽകുന്നവർതന്നെ ന്യൂനപക്ഷ വേട്ടയുടെ കമാന്ററുകളാകുന്നതിന്റെ നേർക്കാഴ്ചയാണ് ഒരു സമുദായത്തിനെതിരെ നിരന്തരമായി ആക്ഷേപങ്ങൾ ഉന്നയിക്കുന്നവരിലൂടെ കാണുന്നത്. ഭൂരിപക്ഷവർഗീയതയെ പ്രീണിപ്പിക്കുന്നതിൽ മൽസരിച്ച് പ്രസ്താവനകളിറക്കിക്കൊണ്ടിരിക്കുകയാണ്. മലയാളി പ്രബുദ്ധതയിലും കമ്യൂണിസ്റ്റ് നിഷ്പക്ഷതയിലും അനുഭാവങ്ങളിലും അത് വർധിച്ച് വരുന്നുവെന്നതാണ് അനുഭവം.

ഫ്രഞ്ച് വിപ്ലവത്തെ കുറിച്ചെഴുതിയ ചരിത്രകാരൻമാർ പച്ചയായ ന്യൂ

നപക്ഷ വേട്ടയെ വിവരിച്ചെഴുതിയത് ശ്രദ്ധേയമാണ്. ഗില്ലറ്റിൻ ചെയ്യാൻ കൊണ്ടുപോകുന്ന ഇരയെ വളർത്തുനായ കുരച്ചുകൊണ്ട് അനുഗമിക്കുന്നതും ഒടുവിൽ അയാളുടെ ശിരസ്സറ്റു വീഴുമ്പോൾ അതിൽനിന്ന് ഊറിവരുന്ന രക്തം നക്കിക്കുടിക്കാൻ ശ്രമിക്കുന്നതും ഇതിൽ ക്രുദ്ധരായ പടയാളികൾ അതിനെ കൊല്ലുമ്പോൾ ജനം മിണ്ടാ പ്രാണിയെ കൊന്നതിന് ഉറഞ്ഞ് തുള്ളുന്നതുമാണ് അതിൽ വരച്ചുകാണിച്ച ഒരു സംഭവം. ജനത്തിന് മനുഷ്യന്റെ പ്രാണനല്ല പ്രശ്നം; ശ്വാനന്റെ പ്രാണനാണ്.

ഇതുതന്നെയാണ് രാജ്യത്ത് ന്യൂനപക്ഷങ്ങൾക്കെതിരെ സംഘപരിവാരങ്ങൾ അഴിച്ചുവിടുന്ന അക്രമങ്ങളിൽ കാണാനാകുന്നത്. ഇതുതന്നെയാണ് പശുവിന്റെ പേരിൽ മനുഷ്യനെ തല്ലിക്കൊല്ലുന്ന ആൾക്കൂട്ടത്തിന്റ മനഃശാസ്ത്ര



വും. ഭരണത്തിന്റ നിയന്ത്രണം സംഘപരിവാരങ്ങൾ ഏറ്റെടുത്തതോടെ സമൂഹത്തിന്റെ എല്ലാമേഖലകളിലും ഇതുതന്നെയാണ് സംഭവിച്ചു കൊണ്ടിരിക്കുന്നത്. ആൾക്കൂട്ട ആക്രമണത്തിന്റെ ഇരകൾ പൊതുവെ ദളിത്, മുസ്‌ലിം ന്യൂനപക്ഷ വിഭാഗങ്ങളാണെന്നത് സുവിദിതമാണ്. നാഷണൽ ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ കണക്കനുസരിച്ച് ദിനംപ്രതി ശരാശരി രണ്ട് ദളിതർ കൊല്ലപ്പെടുന്നു. മാനഭംഗത്തിന് ഇരയാകുന്ന ദളിത് സ്ത്രീകളുടെ എണ്ണം 2009ൽ 1346 ആയിരുന്നു. അത് 2016ൽ 2536 ആയി വർധിച്ചിരിക്കുന്നുവെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 88.4 ശതമാനമാണ് വർധനവ്. ഹരിയാനയിൽ 167 ശതമാനമായും ഉയർന്നിട്ടുണ്ട്. ന്യൂനപക്ഷങ്ങളുടെ പ്രാർഥനാ യോഗങ്ങൾ അലങ്കോലപ്പെടുത്തുന്നു. ക്രിസ്ത്യൻ പള്ളികൾ തകർക്കപ്പെടുന്നു. കന്യാസ്ത്രീകൾ ആക്രമിക്കപ്പെടുന്നു.

ഹരിയാനയിലെ ഗുരു ഗ്രാമിലെ പാർക്കിൽ മുസ്‌ലിംകൾ നിസ്കരിക്കുന്നത് ആൾക്കൂട്ടം തടഞ്ഞതും വാർത്തയായതാണ്. ഇന്ത്യ സ്പെൻഡ് എന്ന വെബ്സൈറ്റിന്റെ കണക്കനുസരിച്ച് 2010-17 കാലയളവിൽ പശുവുമായി ബന്ധപ്പെട്ട് നടന്ന ആൾക്കൂട്ട ആക്രമണങ്ങളുടെ ഇരകളിൽ 51 ശതമാനവും മുസ്‌ലിംകളാണ്. ഇത്തരം ആക്രമണങ്ങളിൽ കൊല്ലപ്പെട്ട 28 പേരിൽ 24 പേരും മുസ്‌ലിംകളായിരുന്നു എന്നും റിപ്പോർട്ട് ചെയ്യുന്നുണ്ട്. അഥവാ 86 ശതമാനം. കരിനിയമങ്ങളുപയോഗിച്ച് വേട്ടയാടപ്പെടുന്നവരിലും ഭൂരിപക്ഷവും ന്യൂനപക്ഷ വിഭാഗങ്ങളിൽനിന്നുള്ളവരാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.

മുൻ ഐപിഎസ് ഉദ്യോഗസ്ഥനായ എൻസി അസ്താന പറഞ്ഞത് ഭരണകൂടത്തിനെതിരെ പ്രവർത്തിക്കുന്നുവെന്ന പേരിൽ സ്വന്തം പൗരൻമാർക്കെതിരെ ഇത്രയധികം കേസെടുക്കുന്ന ഒരു രാജ്യവും ലോകത്ത് ഇന്നില്ല എന്നാണ്. രാജ്യസ്നേഹത്തിന്റെയും സാംസ്കാരിക ദേശീയതയുടെയും പേരിൽ പൗരാവകാശങ്ങൾ രാജ്യത്ത് ധ്വംസിക്കപ്പെടുന്നു. അഭിപ്രായസ്വാതന്ത്ര്യം ചവിട്ടിമെതിക്കപ്പെടുന്നു. ഇത്രയും ക്രൂരമായ പീഡനങ്ങൾ രാജ്യത്ത് നടക്കുമ്പോഴും അതിനെതിരെ ശക്തമായ പ്രതിരോധം തീർക്കാൻ മതനിരപേക്ഷ ചേരിക്ക് ശക്തിപകരുന്നതിനു പകരം ബാലിശമായ ആരോപണങ്ങൾ കൊണ്ട് ന്യൂനപക്ഷ ങ്ങളെ ആക്രമിക്കുന്ന ശൈലിയെ അംഗീകരിക്കാനാവില്ല.

ആൾക്കൂട്ട ആക്രമണങ്ങൾക്ക് ഇടമില്ലാത്ത കേരളത്തിൽ മുസ്‌ലിം സമുദായത്തിന്റെ സ്വത്വത്തെ ചോദ്യം ചെയ്യുന്ന പരാ

മർശങ്ങളാണ് നേതാക്കൾ നടത്തിക്കൊണ്ടിരിക്കുന്നത്. ഇട തുപക്ഷത്തിരുന്ന് വർഗീയതയ്ക്ക് വഴിമരുന്നൊരുക്കിക്കൊണ്ടിരിക്കു ന്ന ആരെയോ പ്രീതിപ്പെടുത്താൻ ജലീൽ സാഹിബ് തന്റെ വാചക ങ്ങൾക്ക് വിദ്വേഷത്തിന്റ ചേരുവ നൽകുന്നുണ്ട്.

ഹജ്ജിന്റ സബ്സിഡി എടു ത്തുകളയാനും തീർഥാടകരെ കൂടുതൽ ദുരിതത്തിലാക്കാനും നിയമനിർമാണം നടത്താൻ ശ്രമി ക്കുന്നവർക്കുതന്നെ ഹാജിമാരെ ഒറ്റിക്കൊടുക്കാൻ എങ്ങനെയാണ് ആ മനസ്സ് പാകപ്പെട്ടുപോയത്? അധികാരത്തിന്റെ ദുര അഭിമാ നത്തെക്കാൾ വിലപ്പെട്ടതായി രുന്നോ? മുഖ്യമന്ത്രിയടക്കമുള്ള അധികാരിവർഗങ്ങൾ മുസ്‌ലിം സമുദായത്തിനെതിരെ തൊടു ത്തുവിടുന്ന വാചകശരങ്ങൾക്ക് മറുപടി പറയാനും അന്തരീക്ഷ ത്തെ ശബ്ദമുഖരിതമാക്കാനുമുള്ള ശേഷി സമുദായത്തിനില്ലാഞ്ഞിട്ട ല്ല; സമാധാനപ്രിയരായ പ്രബുദ്ധ മലയാളികളുടെ മുഖ്യമന്ത്രിയും അവർ തെരഞ്ഞെടുത്ത മന്ത്രി സഭയും നേതാക്കളും അങ്ങനെ യാണെന്ന് പറയാൻ അഭിമാനം സമ്മതിക്കാത്തതുകൊണ്ടാണ്. അല്ലെങ്കിൽ, സംഘപരിവാരങ്ങൾ ക്ക് മലയാളി മനസ്സുകളിൽ പഴു തുകൾ സൃഷ്ടിക്കരുതെന്ന നിർബ ന്ധബുദ്ധിയുള്ളതുകൊണ്ടാണ്.

## ക്രിമിനൽ രാഷ്ട്രീയത്തെ കരുതിയിരിക്കണം

'ഞാൻ ജീവിക്കുന്ന ചരിത്ര മുഹൂർത്തം ഒരു വലിയ ആശയ ക്കുഴപ്പത്തിന്റേതാണ്. മനുഷ്യൻ ഒരേ സമയം രണ്ടു ദിക്കിലേക്ക് കണ്ണുനട്ട് നിൽക്കുന്നു; ഭാവിയിലേ ക്കും ചരിത്രത്തിലേക്കും. ഭൂതവും ഭാവിയും വർത്തമാനകാല ജീവി തത്തെ വിരുദ്ധ ദിശകളിലേക്ക് വലിച്ചടുപ്പിക്കാൻ ശ്രമിക്കുന്നു.' 1959ലെ ആസാദ് സ്മാരക പ്രഭാഷ ണത്തിൽ ജവഹർലാൽ നെഹ്റു പറഞ്ഞ വാക്കുകളാണിത്. ഇരു ദി ശകളെയും ബാധിക്കുന്ന രാഷ്ട്രീയ പ്രതിസന്ധിയെ നെഹ്റു തരണം ചെയ്തത് ഏതെങ്കിലും ഒന്നിനെ പരിത്യജിച്ച് കൊണ്ടല്ല. പരസ്പരം രണ്ടി നെയും കോർത്തിണക്കിക്കൊണ്ടായിരുന്നു. സമകാലികസംഭവങ്ങളെ മനസ്സിലാക്കാനും അവയ്ക്ക് പരിഹാരം കാണാനുമുള്ള ആർജവം അദ്ദേ ഹത്തിന്റെ കൈമുതലായിരുന്നു. എന്നാൽ വർത്തമാന രാഷ്ട്രീയത്തിൽ വർധിച്ച് വരുന്ന ഒന്നാണ് രാഷ്ട്രീയക്രിമിനൽവത്കരണം. അരിസ്റ്റോ ട്ടിൽ മനുഷ്യനെ രാഷ്ട്രീയ മൃഗം എന്നു വിളിച്ചത് ഈ കാലത്തോക്ക് യോജിച്ച് വരുന്നുവെന്നതാണ് സമകാലിക രാഷ്ട്രീയം നമ്മോട് വിളി ച്ചോതുന്നത്. കാരണം ഇന്ന് വ്യത്യസ്ത രീതിയിലുള്ള മൽസര ഗോദയാ യി രാഷ്ട്രീയരംഗം മാറിയിട്ടുണ്ട്.

> വ്യക്തിയുടെ ആധിപത്യ മോഹവും സാമ്പത്തിക മോഹവും അധാർമികവും സദാചാര വിരുദ്ധവുമായ ജീവിതത്തിന് വേണ്ടിയുള്ള അത്യാഗ്രഹങ്ങളും സൃഷ്ടി ക്കാനുള്ള മത്സരങ്ങളായി രാഷ്ട്രീയരംഗം അധഃപതിച്ചു കൊണ്ടിരിക്കുന്നു. കുറ്റകൃത്യ രാഷ്ട്രീയം ജനിക്കുന്നത് ഇത്തരം പ്രവണതകളിൽനിന്നാണ്. ദേശീയത, ജനാധിപ ത്യം, അവസര സമത്വം, പൗരൻമാരുടെ പങ്കാളിത്തത്തോ ടെയുള്ള നിയമനിർമാണം, നിയമവാഴ്ച, അവകാശങ്ങളെ കുറിച്ചുള്ള സമഗ്രമായ കാഴ്ചപാടുകൾ എന്നിവയിൽ കൂട്ടായ്മകളാണ് പ്രധാന പങ്ക് വഹിച്ചിരുന്നത്. അതിനെ മലീമസപ്പെടുത്തും വിധമുള്ള വ്യക്തിപരമായ ഇടപെടലു കളാണ് സാമൂഹികരംഗം വഷളാക്കുന്നത്. ആദർശവും ലക്ഷ്യവും മാർഗവും മുന്നോട്ടു വച്ചുകൊണ്ടുള്ള സംഘബ ലത്തോടെയുള്ള രാഷ്ട്രീയത്തിനാണ് രാജ്യത്തെ പുരോ ഗതിയിലേക്ക് ആനയിക്കാനാവുക.

വ്യക്തിയുടെ ആധിപത്യ മോഹവും സാമ്പത്തിക മോഹവും അധാർ മികവും സദാചാര വിരുദ്ധവുമായ ജീവിതത്തിന് വേണ്ടിയുള്ള അത്യാ ഗ്രഹങ്ങളും സൃഷ്ടിക്കാനുള്ള മത്സരങ്ങളായി രാഷ്ട്രീയരംഗം അധഃപ തിച്ചുകൊണ്ടിരിക്കുന്നു. കുറ്റകൃത്യ രാഷ്ട്രീയം ജനിക്കുന്നത് ഇത്തരം പ്രവണതകളിൽനിന്നാണ്. ദേശീയത, ജനാധിപത്യം, അവസര സമത്വം, പൗരൻമാരുടെ പങ്കാളിത്തത്തോടെയുള്ള നിയമനിർമാണം, നിയമവാ ഴ്, അവകാശങ്ങളെ കുറിച്ചുള്ള സമഗ്രമായ കാഴ്പാടുകൾ എന്നിവയിൽ കൂട്ടായ്മകളാണ് പ്രധാന പങ്ക് വഹിച്ചിരുന്നത്. അതിനെ മലീമസപ്പെടു ത്തും വിധമുള്ള വ്യക്തിപരമായ ഇടപെടലുകളാണ് സാമൂഹികരംഗം വഷളാക്കുന്നത്. ആദർശവും ലക്ഷ്യവും മാർഗവും മുന്നോട്ടു വച്ചുകൊ ണ്ടുള്ള സംഘബലത്തോടെയുള്ള രാഷ്ട്രീയത്തിനാണ് രാജ്യത്തെ പു രോഗതിയിലേക്ക് ആനയിക്കാനാവുക. വിദ്വേഷവും അപരവത്കരണ വും ലക്ഷ്യമാക്കിയ രാഷ്ട്രീയം രാജ്യത്തിന് വിനാശകരമായിരിക്കും.

തിന്മകൾക്കെതിരെ ജാഗ്രത പാലിക്കുകയും താൽക്കാലിക ലാഭ ത്തിനുവേണ്ടി അരുതായ്മകൾ പറയുന്നവരെയും ചെയ്യുന്നവരെയും തിരുത്തുകയും ചെയ്യുകയെന്നതാണ് പൗരധർമം. ആര് പറഞ്ഞാലും അത് ന്യായവും നീതിയുമാണെങ്കിൽ അംഗീകരിക്കലാണ് ശരിയായ നിലപാട്. അതിന് രാഷ്ട്രനായകർക്ക് കരുത്തുണ്ടാകുമെന്ന പ്രതീക്ഷ യോടെ നമുക്ക്കാത്തിരിക്കാം.

ഇബ്നു അലി

# അധ്വാനത്തിലെ പഠനം

ചെറിയ ഒരു തുക അയച്ചു കൊടുക്കാൻ വേണ്ടി അവന്റെ ഗൂഗിൾ പേ അക്കൗണ്ട് ചോദിച്ചപ്പോഴാണ് അറിഞ്ഞത് അവന് 18 വയസ്സ് തികയാത്തതുകൊണ്ട് അക്കൗണ്ട് ഇല്ല എന്ന്. ഉള്ളിൽ എന്തോ സങ്കടം മുളപൊട്ടി. തലേന്ന് വീട്ടിൽ ചെറിയൊരു സൽക്കാരം നടന്നിരുന്നു. നൂറിനടുത്ത് ആളുകൾ പങ്കെടുക്കുന്ന പരിപാടിക്ക് വർഷങ്ങളായി പരിചയമുള്ള തട്ടുകടയിലെ ഭക്ഷണമാണ് തീരുമാനിച്ചത്. എല്ലാം കൊണ്ടുവന്ന് വിതരണം ചെയ്യണം എന്ന് കൂടി ഏൽപിച്ചിരുന്നു. മൂന്ന് പൊടിപ്പയ്യന്മാർ ഉച്ചക്ക് മുമ്പേ വന്നു. വാഹനത്തിൽ കൊണ്ടുവന്ന സാധങ്ങൾ ഇറക്കി വച്ചു. കസേരകളും മേശകളും വിരിയിട്ട് പുറമെ കവറിട്ട് ഭംഗിയിൽ ഒരുക്കി വച്ചു. കൊണ്ടുവന്ന ചെറുതും വലുതുമായ പാത്രങ്ങൾ സോപ്പിട്ട് കഴുകി വൃത്തിയാക്കിയതും അവർ തന്നെ. കുട്ടികൾ കുത്തിയിരുന്ന് പാത്രം കഴുകുന്നത് കണ്ടപ്പോൾ വിഷമം തോന്നി. പ്ലസ് ടു കഴിഞ്ഞവരും തുടർന്ന് പഠിക്കുന്നവരുമാണ് അവർ.

ചോദിച്ചപ്പോൾ, ഉച്ചയ്ക്ക് ഭക്ഷണം പുറത്ത് പോയി കഴിക്കാം എന്ന് അവർ പറഞ്ഞു. വീട്ടിൽ അവർക്ക് കഴിക്കാൻ മാത്രം ഭക്ഷണം തികയുമായിരുന്നില്ല. കഷ്ടിച്ച് രണ്ടുപേർക്ക് കഴിക്കാനുള്ള ഭക്ഷണം കഴിക്കാമോ എന്ന് ചോദിച്ചപ്പോൾ വലിയ മടി കൂടാതെ സമ്മതിച്ചു. ഉള്ളത് മൂന്നുപേരും സന്തോഷത്തോടെ പങ്കിട്ട് ഭക്ഷിച്ചു. പിന്നെ ബാക്കി പണിയിലേക്ക് തിരിഞ്ഞു. ഭക്ഷണസാധനങ്ങൾ വാഹനത്തിൽ കൊണ്ടുവന്ന് വലിയ പാത്രങ്ങൾ നിരത്തി അതിൽ റെഡിയാക്കി. പണിയെടുത്ത് വിയർത്തും മറ്റും അവർ ധരിച്ച വസ്ത്രങ്ങൾ മുഷിഞ്ഞിരുന്നു. എങ്ങാനും അതേ വസ്ത്രം ധരിച്ച് അവർ ഭക്ഷണ വിതരണം നടത്തിക്കളയുമോ എന്നെനിക്ക് ശങ്ക തോന്നിയെങ്കിലും അവരോട് ചോദിക്കാൻ തോന്നിയില്ല. എന്നാൽ വൈകുന്നേരം പരിപാടിക്ക് തൊട്ടുമുമ്പ് അവർ കറുത്ത പാന്റ്സും വെള്ള ഫുൾകൈ ഷർട്ടും അതിന് മുകളിൽ കോട്ടും ധരിച്ച് ചൊങ്കൻമാരായി.

ഒട്ടും പരാതിക്ക് ഇടം നൽകാതെ അവർ ഭംഗിയായി ചുമതല നിർവഹിച്ചു. ആരും ഒന്നും പറയാതെ തന്നെ ഗസ്റ്റുകൾക്ക് ജ്യൂസും ഭക്ഷണവും ചായയും മറ്റും എത്തിച്ചുകൊടുത്തു. യഥാസമയം വൃത്തിയാക്കുകയും ചെയ്തു. ഇടക്കൊരു ചാറ്റൽ മഴ എത്തിനോക്കിയപ്പോൾ ഇരിപ്പിടം പുനഃക്രമീകരിച്ചു.

നല്ല സേവനം. നല്ല പെരുമാറ്റം. രാത്രി പരിപാടി തീർന്നപ്പോൾ അവർ നന്നേ ക്ഷീണിച്ചിരുന്നു. എന്നാൽ അതൊട്ടും പ്രകടമാക്കാതെ ബാക്കി സാധനങ്ങൾ അടുക്കിയൊതുക്കി വെച്ചു. മികച്ച ഭക്ഷണം എന്ന് എല്ലാവരും അഭിപ്രായപ്പെട്ടു. കുട്ടികളുടെ സേവനം രുചി കൂട്ടി. എല്ലാം മനസ്സ് നിറച്ചപ്പോൾ കുട്ടികൾക്ക് ചെറിയ തുക കൂടുതൽ കൊടുക്കണം എന്ന ആഗ്രഹം പറഞ്ഞപ്പോഴാണ് തട്ടുകട സുഹൃത്തിൽ നിന്ന് അവരുടെ ഫോൺ നമ്പർ വാങ്ങിയതും ഒരാൾക്ക് ഗൂഗിൾ പേ അക്കൗണ്ട് ഇല്ലെന്ന് അറിഞ്ഞതും.

ചെറു പ്രായത്തിൽ അവർ അധ്വാനിച്ച് സമ്പാദിക്കുന്നത് കണ്ടപ്പോൾ സന്തോഷവും അഭിമാനവും തോന്നി. പഠനത്തിനും മറ്റുമായി അടുത്ത ചായക്കടയിലും സ്റ്റേഷനറി കടയിലും ഇടക്ക് സഹായിയായി കൂടിയിരുന്ന എന്റെ ദരിദ്ര്യബാല്യം ഓർമ വന്നത് സ്വാഭാവികം.

പഠന ചെലവിന് പുറമെ വിലകൂടിയ മൊബൈൽഫോണും ബൈക്കും സമ്മർദം ചെലുത്തി വാങ്ങിപ്പിച്ച് റീചാർജ് ചെയ്യാനും പെട്രോൾ അടിക്കാനും മാതാപിതാക്കളെ കഷ്ടപ്പെടുത്തുന്ന, ഒന്നിനു മാത്രം വളർന്നവർ ഒരു തൊഴിലും ചെയ്യാതെ വീട്ടുകാരുടെ ഭാരം വർധിപ്പിക്കുന്ന ഇക്കാലത്ത് ഇക്കുട്ടികൾ എന്തു കൊണ്ടും അഭിനന്ദനമർഹിക്കുന്നു. അവരും അതേപോലെ കഷ്ടപ്പെടുന്ന മറ്റു കുട്ടികളും ഭാവിയിൽ ഉന്നത നിലയിൽ എത്തട്ടെയെന്ന് ആത്മാർഥമായി ആഗ്രഹിക്കുന്നു, പ്രാർഥിക്കുന്നു. ■



മൂസ സ്വലാഹി കാര
: 97473 45768

# സമസ്തയുടെ ദിശാവ്യതിയാനവും ശിയാധാരയോടുള്ള അടുപ്പവും

ഇസ്‌ലാമിക വശ്വാസകാര്യങ്ങളിൽ മായം ചേർത്തും സമുദായത്തെ ആത്മീയ ചൂഷണത്തിനു വിധേയമാ ക്കിയും മുന്നോട്ടു പോകുന്ന സമസ്തയുടെ മുസ്‌ലിയാക്കന്മാർ അവരുടെ പിഴച്ച നിലപാടുകളെ ചൊല്ലിയുള്ള തർക്കങ്ങൾ കാരണം തല പുകഞ്ഞിരിക്കുകയാണ്. മുശാവറയിലെ മുസ്‌ലിയാക്കന്മാരും 'ശജറകൾ' എന്ന പേരു സ്വീകരിച്ച 'കശപിശ' സംഘവും തമ്മിലുള്ള സംഘട്ടനം അണികൾക്കിടയിൽ സമസ്തയുടെ വിശ്വാസ്യതക്ക് മങ്ങലേൽപിച്ചിട്ടുണ്ട്. പ്രശ്നത്തിന്റെ മുഖ്യവക്താവായ അമ്പലക്കടവ് ഫൈസിയും കൂട്ടരും പ്രതികളായി പുറത്താക്കപ്പെടുമോ എന്നു ഭയന്ന് ചില അവകാശവാദങ്ങൾ ഉന്നയിക്കാനും അനുരഞ്ജനത്തിനുമൊക്കെ ശ്രമിച്ചു തുടങ്ങിയിട്ടുണ്ട്.

'സുപ്രഭാതം' ദിനപത്രത്തിൽ (2024 സെപ്തംബർ 20, വെള്ളി) 'ദിശാനിർണയത്തിൽ സമസ്തക്ക് തെറ്റിയിട്ടില്ല' എന്ന പേരിൽ ഫൈസി എഴുതിയ ലേഖനവും കുഴപ്പങ്ങൾ കുഴക്കാതിരിക്കാൻ എസ്.കെ.എസ്.എസ്.എഫ് പ്രഖ്യാപിച്ച 'ആദർശം അമാനത്താണ്' എന്ന വിഷയത്തെ ആസ്പദിച്ച് ഹമീദലി ശിഹാബ് തങ്ങൾ എഴുതിയ ലേഖനവും (2024 ഒക്ടോ

ബർ 7, തിങ്കൾ) ഈ വസ്തുത വെളിപ്പെടുത്തുന്നുണ്ട്.

ഫൈസി എഴുതുന്നു: “മതനവീകണ വാദികളെയും വ്യാജസിദ്ധന്മാരെയും തുറന്നുകാണിച്ച സമസ്ത അന്ധവിശ്വാസങ്ങൾക്കും ബിദഈ ചിന്താധാരകൾക്കും അനാചാരങ്ങൾക്കുമെതിരേ വിട്ടുവീഴ്ചയില്ലാത്ത നിലപാടാണ് എക്കാലത്തും സ്വീകരിച്ച് പോന്നിട്ടുള്ളത്” (സെപ്തംബർ 20 വെള്ളി, പേജ് 6).

അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും ബിദ്അത്തുകളിലും സമുദായത്തെ തളച്ചിടാൻ പാടുപെടുന്നവർ ഇങ്ങനെയൊക്കെ പറയുന്നത് കാണുമ്പോൾ അത്ഭുതം തോന്നുന്നു; എങ്ങനെ ഇതിനൊക്കെ ധൈര്യം വരുന്നു!

തങ്ങളുടെ വാദം കാണുക: “ശരിയായ വൈജ്ഞാനിക പാരമ്പര്യവും പൈതൃകവും മുറുകെപ്പിടിച്ച് വിശ്വാസികളെ നേർവഴിയിലേക്ക് നടത്തുന്ന അഹ്ലുസ്സുന്നത്തി വൽജമാഅയാണ് ഇസ്‌ലാമിക വഴികളിലെ ഋജുവായ മാർഗം. ഈ ലക്ഷ്യത്തിലും മാർഗത്തിലുമായി ഒരു നൂറ്റാണ്ടായി കേരളത്തിൽ പ്രവർത്തിച്ചുവരുന്ന മഹത്തായ പണ്ഡിത സഭയാണ് സമസ്ത കേരള ജംഇയ്യത്തുൽ ഉലമ. സമസ്തയുടെയും അതിന്റെ പോഷക ഘടകങ്ങളുടെയും പ്രഥമ ദൗത്യവും ലക്ഷ്യവും ആദർശ സംരക്ഷണമാണ്” (ഒക്ടോബർ 7 തിങ്കൾ, പേജ് 6).

ഇതിലെ ആദ്യത്തെ വാചകം വളരെ ശരിയാണ്. എന്നാൽ ശേഷം പറഞ്ഞത് വാസ്തവ വിരുദ്ധവും. ലോക മുസ്‌ലിംകൾക്കിടയിൽ അപകടം വിതച്ച ശിയാക്കൾ, സൂഫികൾ, ബറേൽവികൾ എന്നീ വ്യതിയാന കക്ഷികളെ അനുഗമിച്ച് പോരുന്ന ഇക്കൂട്ടരുടെ, തങ്ങൾ അഹ്ലുസ്സുന്നയുടെ മാർഗത്തിലാണ് എന്ന വാദത്തിൽ അൽപം



ജാറ നിർമാണം മതനിയമത്തിലെവിടെയെങ്കിലും ഉണ്ടായിരുന്നെങ്കിൽ നബി(സ്വ) അത് വിലക്കുമായിരുന്നോ? വൻപാപത്തിൽ പെട്ടതുകൊണ്ടല്ലേ മരണത്തിന്റെ ഏതാനും ദിവസം മുമ്പുപോലും അതിനെതിരെ താക്കീത് നൽകിയത്? നാല് ഖലീഫമാർ ഭരണം നടത്തിയ കാലയളവിലോ അതിന് ശേഷമോ സ്വഹാബിമാരിൽ ആരെങ്കിലുമൊരാൾ ഇത്തരമൊരു ഏർപ്പാടിന് തുടക്കമിട്ടതായി ചരിത്രത്തിലുണ്ടോ? പലയിടങ്ങളിലും പ്രവാചകന്മാരുടെയും അഹ്ലുസ്സുന്നയുടെ ഇമാമുമാരുടെയും പേരിൽ ശിയാക്കളും സൂഫികളും നിർമിച്ചുവച്ചിട്ടുള്ള നൂറുകണക്കിന് ജാറങ്ങളുടെ ചിത്രങ്ങൾ കാണിച്ച് എത്ര കാലമായി മുസ്‌ലിയാക്കന്മാർ ജനങ്ങളെ കബളിപ്പിക്കുന്നു

പോലും കഴമ്പില്ലെന്നത് ബോധ്യപ്പെടാൻ മതത്തിന്റെ മർമമായ തൗഹീദിൽ ഇവർ ആർക്കൊപ്പമാണെന്ന് മാത്രം പരിശോധിച്ചാൽ മതി. അവർ എഴുതിയ വരികളിൽനിന്നുതന്നെ ഓരോന്നും നമുക്ക് വായിക്കാം:

“അടിസ്ഥാന വിശ്വാസമായ തൗഹീദിൽ സുന്നികളും ശിയാക്കളും യോജിക്കുന്നു” (അൽമുബാറക്, 1989 ആഗസ്റ്റ് 16, പേജ് 5).

ശിർക്കും അതിലേക്ക് എത്തിക്കുന്ന വഴികളും സമുദായത്തിൽ തുറന്നിട്ട ശിയാക്കളോട് സമസ്തക്കുള്ള ബന്ധം പരസ്യപ്പെടുത്തിയത് അവരുടെ വിശ്വാസങ്ങളെ സമസ്ത പുൽകിയതിന്റെ പ്രകടമായ തെളിവാണ്. തൗഹീദിന്റെ ഭാഗമായി വരുന്ന ഓരോന്നിലും ഇവർ ശിയാധാരയിൽ തന്നെയാണുള്ളതെന്ന് വ്യക്തമാക്കുന്ന തെളിവുകൾ നോക്കാം:

*ഇസ്തിഗാസ:* “മരിച്ചുപോയ പ്രവാചകന്മാർക്കും ഔലിയാഅ് എന്ന് പറയുന്ന പുണ്യാത്മാക്കൾക്കും അവരുടെ മരണശേഷവും ഭൗതികലോകത്തെ കാര്യങ്ങളിൽ ഇടപെടാനും ലോകരെ സഹായിക്കാനും വേണമെങ്കിൽ ഉപദ്രവിക്കാനും അല്ലാഹു കഴിവ് നൽകുമെന്നാണ് അശ്അരി, മാതുരീദി സുന്നികളുടെ വിശ്വാസം. ഇതു

**ജനനം ആഘോഷിക്കലും മരണം അനുസ്മരിക്കിലും പുണ്യകരമാണെന്ന് പ്രമാണങ്ങളിൽ എവിടെയെങ്കിലുമുണ്ടോ? ഒട്ടേറെ പ്രവാചകന്മാരുടെ ത്യാഗങ്ങളും മേന്മകളും വിശുദ്ധ ക്വുർആൻ വിവരിച്ചപ്പോൾ ഒരു വരിയിലെങ്കിലും ഇത്തരം കാര്യങ്ങൾ പരാമർശിച്ചതായി കാണുന്നില്ലല്ലോ! ജന്മദിനാഘോഷം പുണ്യമാണെങ്കിൽ എന്തുകൊണ്ടാണ് നബി(സ്വ)യും ഉത്തമ തലമുറയിൽപ്പെട്ടവരും അത് ചെയ്യാതെ പോയത്? അവരെല്ലാം നന്മയിൽ വീഴ്ചവരുത്തിയെന്നാണോ ഇവരുടെ വാദം? വാസ്തവത്തിൽ ഇതൊന്നും ഇസ്‌ലാമല്ല, ജൂത-ക്രൈസ്തവ വിഭാഗങ്ങളുടെ ചര്യകളാണ്.**

തന്നെയാണ് ശിയാക്കളും വിശ്വസിക്കുന്നത്'' (അൽമുബാറക്, പേജ് 5).

*അദൃശ്യമറിയൽ:* ജിഫ്രി തങ്ങൾ എഴുതുന്നു: "മുജാഹിദ് പ്രസ്ഥാനത്തിന്റെ മറ്റൊരു വിതണ്ഡവാദമാണ് മറഞ്ഞ കാര്യങ്ങൾ അല്ലാഹുവിനല്ലാതെ അറിയാൻ കഴിയുകയില്ലെന്നത്. അല്ലാഹുവിന്റെ ഔലിയാക്കൾക്കും സ്വാലിഹീങ്ങൾക്കും മറഞ്ഞ കാര്യങ്ങൾ കാണാനാവും" (സുന്നിഅഫ്കാർ, 2023 ജൂലൈ 16-31, പേജ് 8).

ആരാധനയാകുന്ന സഹായതേട്ടവും അല്ലാഹുവിന്റെ മാത്രം സവിശേഷതയായ അദൃശ്യമറിയലും സൃഷ്ടികൾക്ക് വകവെച്ച് കൊടുത്ത അഹ്‌ലുസ്സുന്നയിൽപെട്ട പണ്ഡിതൻമാർ ആരൊക്കെയാണ്? നബി(സ)യെക്കാൾ വലിയൊരു മഹാനുണ്ടോ? അദ്ദേഹത്തോട് പ്രഖ്യാപിക്കുവാൻ അല്ലാഹു പറഞ്ഞത് കാണുക: "(നബിയേ,) പറയുക: എന്റെ സ്വന്തം ദേഹത്തിനുതന്നെ ഉപകാരമോ ഉപദ്രവമോ വരുത്തൽ എന്റെ അധീനത്തിൽ പെട്ടതല്ല; അല്ലാഹു ഉദ്ദേശിച്ചതൊഴികെ. എനിക്ക് അദൃശ്യകാര്യമറിയാമായിരുന്നുവെങ്കിൽ ഞാൻ ധാരാളം ഗുണം നേടിയെടുക്കുമായിരുന്നു'' (7:188). ജിഫ്രി തങ്ങൾ ഈ ആയത്തിൽ പറഞ്ഞതിനെയും വിതണ്ഡവാദമായി കാണുന്നുണ്ടോ?

*വിശ്വാസ-കർമ കാര്യങ്ങളിലെ പിഴവ്:* "ഇസ്‌ലാമിൽ കർമപരവും വിശ്വാസപരവുമായ കാര്യങ്ങളുണ്ട്. വിശ്വാസകാര്യങ്ങൾ ഇമാം അശ്അരിയും ഇമാം മാതുരീദിയും ക്രോഡീകരിച്ചിട്ടുണ്ട്. അതിനെതിരായ വിശ്വാസം ഇസ്‌ലാമിന്റെ വിശ്വാസമല്ല. കർമ്മപരമായ കാര്യങ്ങൾ നാലിലൊരു മദ്ഹബനുസരിച്ചാവലും അനിവാര്യമാണ്. വിശ്വാസവും കർമ്മവും ഇപ്പറഞ്ഞതിനെതിരായാൽ അത് ഇസ്‌ലാമല്ലാത്തതാണ്. ഇങ്ങനെയാണ് മുസ്‌ലിം ലോകത്തിന്റെ ഏകകണ്ഠമായ തീരുമാനം'' (ഇവരെ എന്തുകൊണ്ട് അകറ്റണം?, ചാലിയം എ.പി അബൂബക്കർ മുസ്‌ലിയാർ, പേജ് 19).

ഇങ്ങനെയൊരു നിലപാടെടുക്കാൻ എന്താണു തെളിവ്? അല്ലാഹു പറയുന്നു: "സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ അനുസരിക്കുക. (അല്ലാഹുവിന്റെ) ദൂതനെയും നിങ്ങളിൽ നിന്നുള്ള കൈകാര്യകർത്താക്കളെയും അനുസരിക്കുക. ഇനി വല്ലകാര്യത്തിലും നിങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാകുകയാണെങ്കിൽ നിങ്ങളത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ (അതാണ് വേണ്ടത്). അതാണ് ഉത്തമവും കൂടുതൽ നല്ല പര്യവസാനമുള്ളതും'' (4:59).

*ക്വബ്ർ കെട്ടിപ്പൊക്കൽ:* "സുന്നികളും ശിയാക്കളും അമ്പിയാഅ്, ഔലിയാഅ്, സ്വാലിഹീങ്ങൾ തുടങ്ങിയവരുടെ ഖബറുകൾ സിയാറത്ത് സൗകര്യാർത്ഥം കെട്ടിപ്പടുക്കാമെന്നാണ് പറയുന്നത്'' (അൽമുബാറക്, പേജ് 5).

ജാറ നിർമാണം മതനിയമത്തിലെവിടെയെങ്കിലും ഉണ്ടായിരുന്നെങ്കിൽ നബി(സ്വ) അത് വിലക്കുമായിരുന്നോ? വൻപാപത്തിൽ പെട്ടതുകൊണ്ടല്ലേ മരണത്തിന്റെ ഏതാനും ദിവസം മുമ്പുപോലും അതിനെതിരെ താക്കീത് നൽകിയത്? നാല് ഖലീഫമാർ ഭരണം നടത്തിയ കാലയളവിലോ അതിന് ശേഷമോ സ്വഹാബിമാരിൽ ആരെങ്കിലുമൊരാൾ ഇത്തരമൊരു ഏർപ്പാടിന് തുടക്കമിട്ടതായി ചരിത്രത്തിലുണ്ടോ? പലയിടങ്ങളിലും പ്രവാചകന്മാരുടെയും അഹ്‌ലുസ്സുന്നയുടെ ഇമാമുമാരുടെയും പേരിൽ ശിയാക്കളും സൂഫികളും നിർമിച്ചുവച്ചിട്ടുള്ള നൂറുകണക്കിന് ജാറങ്ങളുടെ ചിത്രങ്ങൾ കാണിച്ച് എത്ര കാലമായി മുസ്‌ലിയാക്കന്മാർ ജനങ്ങളെ കബളിപ്പിക്കുന്നു! ജാറങ്ങൾ നിർമിച്ച്, ഇല്ലാത്ത പോരിശകൾ പ്രചരിപ്പിച്ച് സൃഷ്ടിപൂജയിലേക്ക് ആളുകളെ ക്ഷണിക്കുന്നവർ എങ്ങനെയാണ് നബി(സ്വ)യുടെ മാർഗത്തിലാവുക?

അല്ലാഹു പറയുന്നു: "(നബിയേ,) പറയുക: ഇതാണ് എന്റെ മാർഗം. ദൃഢബോധ്യത്തോടുകൂടി അല്ലാഹുവിലേക്ക് ഞാൻ ക്ഷണിക്കുന്നു; ഞാനും എന്നെ പിൻപറ്റിയവരും. അല്ലാഹു എത്ര പരിശുദ്ധൻ! ഞാൻ (അവനോട്) പങ്കുചേർക്കുന്ന കൂട്ടത്തിലല്ല തന്നെ'' (12:108).

*ജന്മദിനാഘോഷവും ചരമദിനം അനുസ്മരിക്കലും:* "മീലാദുന്നബി പോലെയുള്ള പുണ്യാത്മാക്കളുടെ ജന്മദിനം ആഘോഷിക്കലും ചരമദിനം അനുസ്മരിക്കലും സുന്നീ-ശിയാ വിശ്വാസപ്രകാരം പു

ണ്യകർമ്മങ്ങളാണ്" (അൽമുബാറക്, പേജ് 5).

ജനനം ആഘോഷിക്കലും മരണം അനുസ്മരിക്കിലും പുണ്യകരമാണെന്ന് പ്രമാണങ്ങളിൽ എവിടെയെങ്കിലുമുണ്ടോ? ഒട്ടേറെ പ്രവാചകന്മാരുടെ ത്യാഗങ്ങളും മേന്മകളും വിശുദ്ധ ഖുർആൻ വിവരിച്ചപ്പോൾ ഒരു വരിയിലെങ്കിലും ഇത്തരം കാര്യങ്ങൾ പരാമർശിച്ചതായി കാണുന്നില്ലല്ലോ! ജന്മദിനാഘോഷം പുണ്യമാണെങ്കിൽ എന്തുകൊണ്ടാണ് നബി(സ്വ)യും ഉത്തമ തലമുറയിൽപ്പെട്ടവരും അത് ചെയ്യാതെ പോയത്? അവരെല്ലാം നന്മയിൽ വീഴ്ചവരുത്തിയെന്നാണോ ഇവരുടെ വാദം? വാസ്തവത്തിൽ ഇതൊന്നും ഇസ്‌ലാമല്ല, ജൂത-ക്രൈസ്തവ വിഭാഗങ്ങളുടെ ചര്യകളാണ്.

സ്വർഗത്തിലേക്കുള്ള ഏക വഴിയാണ് സ്വിറാത്തുൽ മുസ്തഖീം. സമസ്തക്ക് അത് വരിയിലും വാക്കിലും മാത്രമേയുള്ളൂ. ആരൊക്കെയോ പടച്ച ത്വരീഖത്തുകളുടെ പിടിയിലമർന്ന ഇവർ ഇതിലും പിൻപറ്റുന്നത് ശിയാക്കളെത്തന്നെയാണ്.

"സൂഫിസവും അതിന്റെ വിവിധങ്ങളായ ത്വരീഖത്തുകളും ദൈവസാമീപ്യം കൈവരിക്കാനുള്ള മഹത്തായ മാർഗങ്ങളായിട്ടാണ് സുന്നികളും ശിയാക്കളും കരുതുന്നത്. വഹാബികളെ സംബന്ധിച്ചിടത്തോളം സൂഫിസവും ത്വരീഖത്തുകളും മാർഗഭ്രംശങ്ങളാണ്" (അൽമുബാറക്, പേജ് 5).

'പഞ്ചമഹാ പ്രതിഭകൾ' എന്ന വിശേഷണം കൽപിച്ച് മുസ്‌ലിയാക്കന്മാർ ഇന്നും വേണ്ടപ്പെട്ടതായി കാണുന്ന ത്വരീഖത്തുകളാണ് ജീലാനി, രിഫാഈ, ബദവി, ദസൂഖി, ശാദുലി എന്നിവ. 1933ലെ 8ാം പ്രമേയത്തിൽ ഇവയിൽ മൂന്നെണ്ണത്തെ പ്രത്യേകം എടുത്ത് പറയുകയും അതനുസരിക്കാത്തവർ സുന്നികളല്ലെന്നും അവരെ ഖാദി, ഖത്വീബ്, ഇമാം എന്നീ സ്ഥാനങ്ങളിലേക്ക് അർഹരല്ലാത്തവരുമെന്ന് വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. കള്ളക്കഥകളും സ്വപ്നക്കഥകളുമൊക്കെ കുത്തിനിറച്ച് രചിക്കപ്പെട്ട മാലകളിലൂടെ അന്ധവിശ്വാസങ്ങൾ ഒഴുകുന്നതും ഈ ത്വരീഖത്തുകൾ മൂലമാണ്. പ്രത്യേകം ശ്രേഷ്ഠതയുള്ള എത്ര സ്വഹാബികൾ; അവരാരെങ്കിലും ത്വരീഖത്തുണ്ടാക്കിയോ? അലി(റ)വിന്റെ പേരിൽ ശിയാക്കൾ പ്രത്യേക ചേരിയാകാൻ ഒരുമ്പെട്ടപ്പോൾ അദ്ദേഹം അവരെ ആട്ടിയകറ്റുകയാണ് ചെയ്തിട്ടുള്ളത്. ഇത്തരം മനുഷ്യനിർമിത വഴികളെല്ലാം പൈശാചികത പതുങ്ങിയിരിക്കുന്നവയാണ്. അല്ലാഹു പറയുന്നു: "സത്യവിശ്വാസികളേ, നിങ്ങൾ പരിപൂർണമായി കീഴ്‌വണക്കത്തിൽ പ്രവേശിക്കുക. പിശാചിന്റെ കാലടികളെ നിങ്ങൾ പിന്തുടരാതിരിക്കുകയും ചെയ്യുക. തീർച്ചയായും അവൻ നിങ്ങളുടെ പ്രത്യക്ഷ ശത്രുവാകുന്നു. നിങ്ങൾക്ക് വ്യക്തമായ തെളിവുകൾ വന്നുകിട്ടിയതിനു ശേഷവും നിങ്ങൾ വഴുതിപ്പോകുകയാണെങ്കിൽ നിങ്ങൾ മനസ്സിലാക്കണം; അല്ലാഹു പ്രതാപിയും യുക്തിമാനുമാണെന്ന്" (2:208,209).

'പഞ്ചമഹാ പ്രതിഭകൾ' എന്ന വിശേഷണം കൽപിച്ച് മുസ്‌ലിയാക്കന്മാർ ഇന്നും വേണ്ടപ്പെട്ടതായി കാണുന്ന ത്വരീഖത്തുകളാണ് ജീലാനി, രിഫാഈ, ബദവി, ദസൂഖി, ശാദുലി എന്നിവ. 1933ലെ 8ാം പ്രമേയത്തിൽ ഇവയിൽ മൂന്നെണ്ണത്തെ പ്രത്യേകം എടുത്ത് പറയുകയും അതനുസരിക്കാത്തവർ സുന്നികളല്ലെന്നും അവരെ ഖാദി, ഖത്വീബ്, ഇമാം എന്നീ സ്ഥാനങ്ങളിലേക്ക് അർഹരല്ലാത്തവരുമെന്ന് വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. കള്ളക്കഥകളും സ്വപ്നക്കഥകളുമൊക്കെ കുത്തിനിറച്ച് രചിക്കപ്പെട്ട മാലകളിലൂടെ അന്ധവിശ്വാസങ്ങൾ ഒഴുകുന്നതും ഈ ത്വരീക്വത്തുകൾ മൂലമാണ്. പ്രത്യേകം ശ്രേഷ്ഠതയുള്ള എത്ര സ്വഹാബികൾ; അവരാരെങ്കിലും ത്വരീക്വത്തുണ്ടാക്കിയോ? അലി(റ)വിന്റെ പേരിൽ ശിയാക്കൾ പ്രത്യേക ചേരിയാകാൻ ഒരുമ്പെട്ടപ്പോൾ അദ്ദേഹം അവരെ ആട്ടിയകറ്റുകയാണ് ചെയ്തിട്ടുള്ളത്.

*അഹ്‌ലുൽ കസാഅ വിശ്വാസം:* നബി(സ്വ), അലി(റ), ഫാത്വിമ(റ), ഹസൻ(റ), ഹുസൈൻ(റ) എന്നിവർക്ക് മാത്രമായി 'അഹ്‌ലുൽ കസാഅ' എന്ന പേര് നൽകി തെറ്റായ ആദരവും ബഹുമാനവും നൽകുന്ന സ്വഭാവം ശിയാക്കളുടേതാണ്. മുസ്‌ലിയാക്കന്മാർ എഴുതിക്കൂട്ടിയ പലതിലും ഇത് കാണാം. 'ഔലിയാഇൽ രാജകിളി തൃപ്പനച്ചി ഉസ്താദ്' എന്ന പുസ്തകം അതിനൊരു ഉദാഹരണമാണ്.

*ലോകം നിയന്ത്രിക്കൽ:* ഔലിയാക്കൾക്ക് ലോകം നിയന്ത്രിക്കാൻ കഴിവ് നൽകപ്പെട്ടിട്ടുണ്ടെന്നും നബി(സ്വ)യും അലി(റ)വുമൊക്കെ അതിൽ ആദ്യത്തെതും പിന്നീട് ശിയാക്കളുടെ ഇമാമുമാരാണെന്നും അവർ വിശ്വസിച്ച് പോരുന്നു. മുഹ്‌യിദ്ദീൻ ശൈഖ് മുതൽ സി.എം മടവൂർവരെ സമസ്ത ഔദ്യോഗികമായി കാണുന്ന ലോകനിയന്ത്രകർ ഒരു പാടുണ്ട്. കായൽ പട്ടണത്തുകാരൻ സ്വദഖത്തുല്ലാഹിൽ ഖാഹിരി, പാങ്ങിൽ മുസ്‌ലിയാർ എന്നിവർ രചിച്ച ഖുതുബിയ്യത്തിലും ഖാളി മുഹമ്മദ്, നാലകത്ത് കുഞ്ഞിമൊയ്തീൻ കുട്ടി മുസ്‌ലിയാർ എന്നിവർ എഴുതിക്കൂട്ടിയ മാലകളിലും ഈ വിശ്വാസമാണ് നിറഞ്ഞ് നിൽക്കുന്നത്. മടവൂർ മുസ്‌ലിയാർ ആണയിട്ട് പറഞ്ഞത് കാണുക: "സത്യമായും ഞാൻ ഖുതുബുൽ അഖ്ത്വാബാണ്, അതിലൊരു സംശയവുമില്ല"

(സി.എം വലിയ്യുല്ലാഹ്; കറാമത്തുകളും അനുഭവങ്ങളും, കഴക്കൂട്ടം, പേജ് 75).

*നബിപ്രകാശം:* അല്ലാഹുവിന്റെ ആദ്യസൃഷ്ടി നബി(സ)യുടെ പ്രകാശമാണെന്ന വാദം ശിയാ, സൂഫികളിൽ പ്രസിദ്ധമാണ്. സമസ്തയുടെ 'വിലപ്പെട്ട പ്രമാണ'മായ മൻഖൂസ് മൗലിദിൽ പറഞ്ഞത് കാണുക: "ലോകം സൃഷ്ടിക്കുന്നതിന് മുമ്പ് നബിയുടെ പ്രകാശം അവൻ സൃഷ്ടിച്ചു" (പേജ് 14). നിർമിത ഹദീസുകളല്ലാതെ സ്വീകാര്യയോഗ്യമായ ഒരു തെളിവും ഈ വാദത്തിനില്ല.

ശിയാക്കൾ പ്രാധാന്യം നൽകുന്ന ശകുനവിശ്വാസം സമസ്തയുടെ ആദർശത്തിലും സംവിധാനങ്ങളിലും ഒട്ടിക്കിടക്കുന്നു. താബിഉകൾക്ക് പോലും കിട്ടാത്തതാണ് നബി(സ)യുടെ തിരുശേഷിപ്പുകൾ. എന്നാൽ എവിടെനിന്നോ സംഘടിപ്പിച്ച മുടി, വടി, പൊടി, വസ്ത്രം, പാത്രം എന്നിവയൊക്കെ നബി(സ)യുടെ തിരുശേഷിപ്പുകളാണെന്നു പറഞ്ഞ് ഇക്കൂട്ടർ കാശുണ്ടാക്കുന്നു. അതിന്റെ പേരിൽ ആരോപണ പ്രത്യാരോപണങ്ങളും അവർക്കിടയിൽ നടന്നുവരുന്നു. ഇസ്മ്-ത്വൽസമാത്ത് തട്ടിപ്പ് ചികിത്സകളും അദ്വൈത, അവതാര വാദങ്ങളും ഇപ്പോഴും തുടരുന്നു. എം.പി മുസ്തഫൽ ഫൈസി എഴുതിയത് കാണുക: "പൂർണാർഥത്തിൽ അല്ലാഹു തന്റെ കയ്യും കാലും കണ്ണും കാതുമെല്ലാമെല്ലാമാകുന്ന മഹാത്മാവ് എല്ലാം മറന്നു സ്വത്വവും മറന്നു അല്ലാഹുവിൽ ലയിക്കുമ്പോൾ ഞാൻ അല്ലാഹു എന്നു പറഞ്ഞേക്കാം" (ത്രിമാന തീർഥം, പേജ് 321). ഇങ്ങനെയൊരു 'ലയന കഥ' അല്ലാഹുവിന്റെ മതം പഠിപ്പിക്കുന്നില്ല.

മടവൂർ പടച്ചോനാണെന്ന ഗുരുതരമായ വാദത്തിന്റെ യഥാർഥ

**ഔലിയാക്കൾക്ക് ലോകം നിയന്ത്രിക്കാൻ കഴിവ് നൽകപ്പെട്ടിട്ടുണ്ടെന്നും നബി(സ്വ)യും അലി(റ)വുമൊക്കെ അതിൽ ആദ്യത്തേതും പിന്നീട് ശിയാക്കളുടെ ഇമാമുരാണെന്നും അവർ വിശ്വസിച്ച് പോരുന്നു. മുഹ്‌യിദ്ദീൻ ശൈഖ് മുതൽ സി.എം മടവൂർ വരെ സമസ്ത ഔദ്യോഗികമായി കാണുന്ന ലോകനിയന്ത്രകർ ഒരു പാടുണ്ട്. കായൽപട്ടണത്തുകാരൻ സ്വദഖത്തുല്ലാഹിൽ ഖാഹിരി, പാങ്ങിൽ മുസ്‌ലിയാർ എന്നിവർ രചിച്ച ഖുതുബിയ്യത്തിലും ഖാളി മുഹമ്മദ്, നാലകത്ത് കുഞ്ഞി മൊയ്തീൻ കുട്ടി മുസ്‌ലിയാർ എന്നിവർ എഴുതിക്കൂട്ടിയ മാലകളിലും ഈ വിശ്വാസമാണ് നിറഞ്ഞ് നിൽക്കുന്നത്**

കാരണക്കാർ സമസ്ത പുരോഹിതന്മാർ തന്നെയാണെന്ന് സലഫികൾ പറയാനുള്ള കാരണവും ഇതുതന്നെ. അല്ലാഹു പറയുന്നു: "പറയുക: രക്ഷിതാവായിട്ട് അല്ലാഹുവല്ലാത്തവരെ ഞാൻ തേടുകയോ? അവനാകട്ടെ മുഴുവൻ വസ്തുക്കളുടെയും രക്ഷിതാവാണ്" (6:164).

സമസ്ത എവിടേക്കാണ് ദിശ തിരിച്ചതെന്നും ഏത് ആദർശത്തോടാണ് അമാനത്ത് കാട്ടുന്നതെന്നും ബോധ്യപ്പെടാൻ ഇതിലധികം തെളിവുകൾ ആവശ്യമില്ലല്ലോ.

"പാരമ്പര്യ ഇസ്‌ലാമിനെക്കുറിച്ചുള്ള പുച്ഛമനോഭാവമാണ് നവീനവാദികളുടെ ആശയത്തിന്റെ അടിസ്ഥാനം. അവരുടെ അവജ്ഞ പതുക്കെ ഇസ്‌ലാമിന്റെ പ്രമാണങ്ങളോടും പിന്നെ ഇസ്‌ലാമിനോടുതന്നെയും അകൽച്ചയുണ്ടാക്കുന്ന തരത്തിലേക്ക് എത്തിക്കുന്നു" (സുപ്രഭാതം, പേജ് 6). നബി (സ്വ)യുടെയും സ്വഹാബത്തിന്റെയും പാരമ്പര്യത്തിലേക്ക് മടങ്ങണമെന്നു പറയുന്ന സലഫികൾ ഏതായാലും 'പാരമ്പര്യ ഇസ്‌ലാമിനെക്കുറിച്ചുള്ള പുച്ഛമനോഭാവമുള്ള'വരല്ലെന്നു വ്യക്തം. പിന്നെ അതാരാണെന്ന് പ്രത്യേകം വിശദീകരിക്കേണ്ടതില്ലല്ലോ.

വിശ്വാസികൾക്ക് സമാധാനം അല്ലാഹുവിന്റെ വാഗ്ദാനത്തിലാണ്. ഖുർആൻ പറയുന്നു: "തീർച്ചയായും നാം നമ്മുടെ ദൂതൻമാരെയും വിശ്വസിച്ചവരെയും ഐഹികജീവിതത്തിലും സാക്ഷികൾ രംഗത്തു വരുന്ന ദിവസത്തിലുംസഹായിക്കുക തന്നെ ചെയ്യും" (40:51)

സമസ്തയെ ലീഗിൽനിന്നും അടർത്തി ഇടതുപാളയത്തിൽ കെട്ടിയിടാനുള്ള തന്റെ ശ്രമം പാളിയപ്പോൾ അമ്പലക്കടവ് ഫൈസി ലീഗിന്റെയും സമസ്തയുടെയും മഹിമ പറഞ്ഞ് രക്ഷകനാകാൻ ശ്രമിക്കുന്നത് കാണുക: "...ഇതുകൊണ്ട് മുഖ്യ സാമുദായിക രാഷ്ട്രീയ പാർട്ടിയായ മുസ്‌ലിം ലീഗിനോ ഇതര മുസ്‌ലിംകൾക്കോ സമസ്ത ഒരു പ്രശ്നവും സൃഷ്ടിച്ചില്ല. മുസ്‌ലിംകളുടെ ഈമാനും വ്യക്തിത്വവും കാത്തു സൂക്ഷിക്കാൻ സമസ്തയും മുസ്‌ലിംകളുടെ ഇന്ത്യയിലെ അഭിമാനകരമായ അസ്തിത്വം കാത്തു സൂക്ഷിക്കാൻ മുസ്‌ലിം ലീഗും പ്രവർത്തിച്ചുവരുന്നു. ഇത് രണ്ടിനും ഇടയിൽ വിള്ളലുണ്ടാക്കാൻ ശ്രമിക്കുന്നവർ അകത്തു നിന്നായാലും പുറത്തു നിന്നായാലും കരുതിയിരിക്കേണ്ടതാണ്" (സുപ്രഭാതം പേജ് 6).

ആദർശ വ്യത്യാസം മറന്ന് എല്ലാ വിഭാഗത്തിൽപെട്ടവരും ഒന്നിച്ചു കൈകോർത്ത് ഉയർത്തിക്കൊണ്ടുവന്ന സമുദായ രാഷ്ട്രീയ പ്രസ്ഥാനത്തെക്കുറിച്ച് വ്യാജ ചരിത്രം പ്രചരിപ്പിച്ച് രാഷ്ട്രീയ ഐക്യം തകർക്കാൻ സമസ്തയുടെ അകത്തിരുന്നു പണിയെടുക്കുന്നവരാരെന്ന് ജനം തിരിച്ചറിഞ്ഞിട്ടുണ്ട്. ■

വിവ. അബ്ദുൽ ജബ്ബാർ മദീനി



# നമസ്കാരത്തിലെ ഇമാമത്ത്

മഅ്മൂമിന്റെ (തുടർന്നു നമസ്കരിക്കുന്നവന്റെ) നമസ്കാരത്തിന് ഇമാമിനോടുള്ള ബന്ധമാണ് ഇമാമത്തുകൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്.

**ആരാണ് ഏറ്റവും അർഹൻ?**

ഇമാമത്തിന് ഏറ്റവും അർഹനായവനെയും ഏറ്റവും അനുയോജ്യമായവനെയും അല്ലാഹുവിന്റെ തിരുദൂതർ(സ്വ) വ്യക്തമാക്കിയിട്ടുണ്ട്. തിരുനബി(സ്വ) പറഞ്ഞു:

"ഒരു വിഭാഗത്തിന് അവരിൽ ഏറ്റവും നന്നായി ക്വുർആൻ പാരായണം ചെയ്യുന്ന വ്യക്തിയാണ് ഇമാമു നിൽക്കേണ്ടത്. അവർ പാരായണത്തിൽ തുല്യരാണെങ്കിൽ അപ്പോൾ അവരിൽ സുന്നത്തിൽ ഏറ്റവും പരിജ്ഞാനമുള്ളവനും അവർ സുന്നത്തിൽ തുല്യജ്ഞാനമുള്ളവരാണെങ്കിൽ അവരിൽ ഹിജ്റയിൽ മുൻകടന്നവനും അവർ ഹിജ്റയിൽ തുല്യരാണെങ്കിൽ അവരിൽ ഇസ്‌ലാമിലേക്ക് മുൻകടന്നവനുമാ ണ് ഇമാമു നിൽക്കേണ്ടത്."

അപ്പോൾ, ഇമാമത്തിന് ഏറ്റവും അർഹനും അനുയോജ്യമായവനും താഴെ വരും വിധമായിരിക്കും:

*1. ഏറ്റവും നന്നായി ക്വുർആൻ പാരായണം ചെയ്യുന്നവൻ:* ക്വുർആൻ പാരായണത്തെ കണിശമാക്കു

ക്വുർആൻ പാരായണത്തെ കണിശമാക്കു കയും പരിപൂർണമായ നിലയ്ക്ക് ഓതുകയും ചെയ്യുന്ന, നമസ്കാരത്തിന്റെ കർമവിഷയങ്ങൾ അറിയുന്ന വ്യക്തിയാകുന്നു അത്. ഏറ്റവും നന്നായി ക്വുർആൻ പാരായണം ചെയ്യുന്ന വ്യക്തിയും അയാളോളം നന്നായി ക്വുർആൻ പാരായണം ചെയ്യാത്ത, എന്നാൽ കർമവിഷയങ്ങൾ കൂടുതൽ അറിയുന്ന വ്യക്തിയും ഒരുമിച്ചുകൂടിയാൽ കർമവിഷയങ്ങൾ കൂടുതൽ അറിയുന്ന വ്യക്തി ഏറ്റവും നന്നായി ക്വുർആൻ പാരായണം ചെയ്യുന്ന വ്യക്തിയെക്കാൾ മുന്തിപ്പിക്കപ്പെടും. കാരണം, നമസ്കാരത്തിലുള്ള അറിവും അതിന്റെ വിധികളിലുള്ള അറിവുമാണ് പാരായണം നന്നാക്കുന്നതിനെക്കാൾ ഏറ്റവുമാവശ്യമായിട്ടുള്ളത്.

കയും പരിപൂർണമായ നിലയ്ക്ക് ഓതുകയും ചെയ്യുന്ന, നമസ്കാരത്തിന്റെ കർമവിഷയങ്ങൾ അറിയുന്ന വ്യക്തിയാകുന്നു അത്. ഏറ്റവും നന്നായി ക്വുർആൻ പാരായണം ചെയ്യുന്ന വ്യക്തിയും അയാളോളം നന്നായി ക്വുർആൻ പാരായണം ചെയ്യാത്ത, എന്നാൽ കർമവിഷയങ്ങൾ കൂടുതൽ അറിയുന്ന വ്യക്തിയും ഒരുമിച്ചുകൂടിയാൽ കർമവിഷയങ്ങൾ കൂടുതൽ അറിയുന്ന വ്യക്തി ഏറ്റവും നന്നായി ക്വുർആൻ പാരായണം ചെയ്യുന്ന വ്യക്തിയെക്കാൾ മുന്തിപ്പിക്കപ്പെടും. കാരണം, നമസ്കാരത്തിലുള്ള അറിവും അതിന്റെ വിധികളിലുള്ള അറിവുമാണ് പാരായണം നന്നാക്കുന്നതിനെക്കാൾ ഏറ്റവുമാവശ്യമായിട്ടുള്ളത്.

*2. സുന്നത്തിനെക്കുറിച്ച് നല്ല അറിവും ഫിക്വ്ഹുമുള്ള വ്യക്തി:* പാരായണത്തിൽ തുല്യന്മാരായ രണ്ടു ഇമാമുമാർ ഒത്തുകൂടി. രണ്ടിൽ ഒരാൾ കർമശാസ്ത്രപടുവും സുന്നത്തിൽ നല്ല പരിജ്ഞാനിയുമാണെങ്കിൽ കർമശാസ്ത്ര പണ്ഡിതൻ മുന്തിക്കപ്പെടും. തിരുനബി(സ്വ) പറഞ്ഞു: “അവർ പാരായണത്തിൽ തുല്യരാ ണെങ്കിൽ അപ്പോൾ അവരിൽ സുന്നത്തിൽ ഏറ്റവും പരിജ്ഞാനമുള്ളവനാണ് (ഇമാമുനിൽക്കേണ്ടത്).”

*3. കിറാഅത്തിലും സുന്നത്തിലുള്ള അറിവിലും തുല്യരാണെങ്കിൽ കുഫ്റിന്റെ നാട്ടിൽ നിന്ന് ഇസ്‌ലാമിക നാട്ടിലേക്ക് ഹിജ്റ ചെയ്തു മുൻകടന്നവൻ.*

*4. ഹിജ്റയിലും അവർ തുല്യരാണെങ്കിൽ ഇസ്‌ലാമിലേക്ക് മുൻകടന്നവൻ.*

*5. വയസ്സിൽ മുതിർന്നവൻ:* മുൻസൂചിപ്പിച്ച കാര്യങ്ങളിലെല്ലാം തുല്യരായാൽ വയസ്സിൽ മൂത്തവൻ മുന്തിക്കപ്പെടും. മുമ്പു നൽകിയ ഹദീസിൽ ഇപ്രകാരമുണ്ട്: “അവർ ഹിജ്റയിൽ തുല്യരാണെങ്കിൽ അവരിൽ ഇസ്‌ലാമിലേക്ക് മുൻകടന്നവനാണ് (ഇമാമുനിൽക്കേണ്ടത്).” മറ്റൊരു നിവേദനത്തിൽ ഇപ്രകാരമുണ്ട്: തിരുനബി (സ്വ) പറഞ്ഞു: “നിങ്ങളിൽ ഏറ്റവും മുതിർന്നവൻ ഇമാമത്തു നിൽക്കട്ടെ.”

രണ്ടുപേർ മുകളിൽ പറഞ്ഞ മുഴുവൻ വിഷയങ്ങളിലും ഒരുപോലെയായാൽ അവർക്കിടയിൽ നറുക്കെടുക്കപ്പെടുകയും വിജയിച്ചവൻ ഇമാമത്തിനു മുന്തിപ്പിക്കപ്പെടുകയും ചെയ്യണം.

തന്റെ അതിഥിയെക്കാൾ വീട്ടുകാരനാണ് ഇമാമത്തു നിൽക്കുവാൻ ഏറ്റവും അർഹൻ. തിരുനബി(സ്വ) പറഞ്ഞു: “ഒരു വ്യക്തിയും ഒരു വ്യക്തിക്ക് അയാളുടെ കുടുംബത്തിലും അധികാരപരിധിയിലും ഇമാമത്തു നിൽക്കരുത്.”

> മനഃപാഠമായും തിലാവത്തായും ഓതുവാനാകാത്ത, ഇദ്ഗാം ചെയ്യപ്പെടാത്ത അക്ഷരങ്ങളെ ഇദ്ഗാം ചെയ്യുന്ന, ഒരു അക്ഷരത്തിനുപകരം മറ്റൊരു അക്ഷരമാക്കുന്ന, അർഥം തെറ്റുംവിധം പാരായണത്തിൽ തെറ്റു പിണയുന്ന ഇത്തരം വ്യക്തികളുടെ ഇമാമത്ത് അയാളെ പോലുള്ളവർക്കല്ലാതെ സ്വഹീഹാവുകയില്ല; നമസ്കാരത്തിന്റെ ഒരു റുക്ന് നിർവഹിക്കുവാനുള്ള അശക്തതയാണ് കാരണം.

ഇപ്രകാരം ഭരണാധികാരി മറ്റുള്ളവരെക്കാൾ ഇമാമത്തിന് അർഹനാണ്. തൊട്ടുമുമ്പ് ഉണർത്തിയ ഹദീസിന്റെ പൊതുതാൽപര്യം അതാണ് അറിയിക്കുന്നത്. പള്ളിയിൽ നിയമിതനായ ഇമാമാണ് മറ്റുള്ളവരെക്കാൾ ഇമാമത്തിന് അർഹൻ; ഭരണാധികാരിയൊഴിച്ച്. ഭരണാധികാരിയല്ലാത്തവർ കൂടുതൽ ഓതുന്നവരും അറിവുള്ളവരുമാണെങ്കിലും ശരി.

## ഇമാമത്തുനിൽക്കൽ നിഷിദ്ധമാകുന്നവർ

താഴെ വരുന്ന അവസ്ഥകളിൽ ഇമാമത്തു നിഷിദ്ധമാകും:

*1. പുരുഷനു സ്ത്രീയുടെ ഇമാമത്ത്:* തിരുമൊഴിയുടെ പൊതുതാൽപര്യമറിയിക്കുന്നത് ഇതാണ്:

“തങ്ങളുടെ നേതൃത്വം സ്ത്രീയെ ഏൽപിച്ച ഒരു വിഭാഗവും വിജയിക്കുകയില്ല.” സ്ത്രീ, തനിക്കുള്ള മറയും സംരക്ഷണവുമെന്ന നിലയ്ക്ക് സ്വഫ്ഫുകളുടെ അവസാനത്തിൽ പിന്തിനിൽക്കലാണ് അടിസ്ഥാനമായിട്ടുള്ളത്. സ്ത്രീ ഇമാമത്തിനു മുന്തിപ്പിക്കപ്പെട്ടാൽ അത് മതപരമായ ഈ അടിസ്ഥാനത്തിന് എതി രായിത്തീരും.

*2. തനിക്കു ശുദ്ധിയില്ലെന്നും തന്റെ മേൽ നജസുണ്ടെന്നും അറിവുണ്ടായിരിക്കെ ശുദ്ധി നഷ്ടപ്പെട്ടവന്റെയും നജസ് മേലിലുള്ളവന്റെയും ഇമാമത്ത്:* നമസ്കാരം തീരുന്നതുവരെ തുടർന്ന് നമസ്കരിക്കുന്നവർ ഇത് അറിഞ്ഞിട്ടില്ലയെങ്കിൽ അവരുടെ നമസ്കാരം ശരിയാകും.

*3. ഉമ്മിയ്യിന്റെ ഇമാമത്ത്:* ഫാതിഹ നന്നായി പാരായണം ചെയ്യാത്തവനാണ് ഉമ്മിയ്യുകൊ

ണ്ട് ഉദ്ദേശിക്കപ്പെടുന്നത്. മനഃപാഠമായും തിലാവത്തായും ഓതുവാനാകാത്ത, ഇദ്ഗാം ചെയ്യപ്പെടാത്ത അക്ഷരങ്ങളെ ഇദ്ഗാം ചെയ്യുന്ന, ഒരു അക്ഷരത്തിനുപകരം മറ്റൊരു അക്ഷരമാക്കുന്ന, അർഥം തെറ്റുംവിധം പാരായണത്തിൽ തെറ്റുപിണയുന്ന ഇത്തരം വ്യക്തികളുടെ ഇമാമത്ത് അയാളെ പോലുള്ളവർക്കല്ലാതെ സ്വഹീഹാവുകയില്ല; നമസ്കാരത്തിന്റെ ഒരു റുക്ന് നിർവഹിക്കുവാനുള്ള അശക്തതയാണ് കാരണം.

*4. തെമ്മാടിയുടെയും മുബ്തദിഇന്റെയും ഇമാമത്ത്:* തെമ്മാടിത്തം പരസ്യമായവന്റെയും കാഫിറാക്കുന്ന ബിദ്അത്തിലേക്ക് ക്ഷണിക്കുന്നവന്റെയും പിന്നിൽ നമസ്കാരം സ്വഹീഹാവുകയില്ല. അല്ലാഹു പറഞ്ഞു: "അപ്പോൾ വിശ്വാസിയായിക്കഴിഞ്ഞവൻ ധിക്കാരിയായിക്കഴിഞ്ഞവനെപ്പോലെയാണോ? അവർ തുല്യരാകുകയില്ല" (ക്വുർആൻ 32:18).

*5. റുകൂഅ്, സുജൂദ്, നിറുത്തം, ഇരുത്തം എന്നിവയ്ക്ക് അശക്തനായവന്റെ ഇമാമത്ത്:* ഇവകളിൽ തന്നെക്കാൾ കഴിവുള്ളവന് കഴിവു കുറഞ്ഞവന്റെ ഇമാമത്ത് സ്വഹീഹാവുകയില്ല.

## ഇമാമത്ത് നിൽക്കൽ കറാഹത്താകുന്നവർ

താഴെ വരുന്നവർ ഇമാമത്ത് നിൽക്കുന്നതു കറാഹത്താകും:

*1. അല്ലഹ്ഹാൻ:* ഫാതിഹ ഒഴികെയുള്ളവയിലെ പാരായണത്തിൽ ധാരാളമായി തെറ്റുപിണയുന്നവനാണ് ഉദ്ദേശ്യം. എന്നാൽ മുമ്പുണർത്തിയതുപോലെ അർഥത്തിൽ മാറ്റം വരുമാറ് ഫാതിഹയുടെ പാരായണത്തിൽ തെറ്റുവന്നാൽ അയാളോടൊപ്പം നമസ്കാരം സ്വഹീഹാവുകയില്ല. തിരുനബി(സ്വ) പറഞ്ഞു: "ഒരു വിഭാഗത്തിന് അവരിൽ ഏറ്റവും നന്നായി പാരായണം ചെയ്യുന്ന വ്യക്തിയാണ് ഇമാമു നിൽക്കേണ്ടത്."

*2. ആളുകൾ അതൃപ്തരായിരിക്കെ, അല്ലെങ്കിൽ ആളുകളിൽ അധികപേരും അതൃപ്തരായിരിക്കെ അവർക്ക് ഇമാമുനിൽക്കുന്നവർ:* തിരുനബി(സ്വ) പറഞ്ഞു: "മൂന്നു കൂട്ടർ, അവരുടെ നമസ്കാരം അവരുടെ തലകൾക്കുമീതെ ഒരു ചാണുപോലും ഉയരുകയില്ല. ആളുകൾ അതൃപ്തരായിരിക്കെ അവർക്ക് ഇമാമു നിൽക്കുന്ന വ്യക്തി..."

*3. ചില അക്ഷരങ്ങൾ വ്യക്തമാക്കി മൊഴിയാതെ വിഴുങ്ങുന്നവൻ:* അക്ഷരങ്ങൾ ആവർത്തിക്കുന്നവനും ഇപ്രകാരമാണ്. ഫാഅ് ആവർത്തിക്കുന്ന ഫഅ്ഫാഉം താഅ് ആവർത്തിക്കുന്ന തഅ്താഉം മറ്റും ഉദാഹരണം. പാരായണത്തിൽ ചില അക്ഷരങ്ങൾ വർധിക്കുന്നതിനാലാണ് അത്.

## ഇമാമ് നിൽക്കേണ്ട സ്ഥലം

മഅ്മൂമ് രണ്ടോ അതിൽ കൂടുതലോ ഉണ്ടായാൽ അവർ ഇമാമിന്റെ പിന്നിൽ നിൽക്കലും അവരെക്കാൾ ഇമാമ് മുന്നിട്ടു നിൽക്കലുമാണ് സുന്നത്ത്. കാരണം നബി(സ്വ) നമസ്കാരത്തിലേക്കു നിന്നാൽ മുന്നോട്ടു നിൽക്കുകയും തന്റെ അനുചരന്മാർ പിന്നിൽ നിൽക്കുകയും ചെയ്യുമായിരുന്നു. ജാബിറും ജബ്ബാറും-രണ്ടിൽ-ഒരാൾ തിരുമേനിയുടെ വലതുഭാഗത്തും അപരൻ തിരുമേനിയുടെ ഇടതുഭാഗത്തും നിൽക്കുകയുണ്ടായി. തിരുമേനി അവരുടെ കൈകൾ പിടിക്കുകയും അവർ രണ്ടുപേരെയും തന്റെ പിന്നിൽ നിർത്തുകയുമുണ്ടായി എന്ന് ഇമാം മുസ്‌ലിമിന്റെയും അബൂദാവൂദിന്റെയും നിവേദനത്തിലുണ്ട്.

അനസി(റ)ന്റെ വീട്ടിൽ തിരുനബി(സ്വ) നമസ്കരിച്ചതിനെക്കുറിച്ച് അദ്ദേഹത്തിന്റെ വാക്ക് ഇപ്രകാരമാണ്: "...ശേഷം തിരുദൂതർ (സ്വ) ഇമാമു നിൽക്കുകയും ഞങ്ങൾ തിരുമേനിയുടെ പിന്നിൽ നിൽക്കുകയും ഞങ്ങളോടൊത്ത് തിരുമേനി നമസ്കരിക്കുകയും ചെയ്തു."

മഅ്മൂമായുള്ള ഒരു വ്യക്തി ഇമാമിന്റെ വലതുഭാഗത്ത് ഇമാമിനു നേരെ നിൽക്കണം. കാരണം, ഇബ്നു അബ്ബാസ്(റ), ജാബിർ(റ) എന്നിവർ നബി(സ്വ)യുടെ ഇടതുഭാഗത്തു നിന്നപ്പോൾ തിരുമേനി അവരെ തന്റെ വലതുഭാഗത്തേക്ക് തിരിച്ചുനിറുത്തുകയുണ്ടായി.

മഅ്മൂമുകളുടെ മധ്യത്തിലായുള്ള ഇമാമിന്റെ നിറുത്തവും സ്വഹീഹാകും. കാരണം ഇബ്നു മസ്ഊദ്(റ) അൽക്വമയു(റ)ടെയും അൽഅസ്‌വദി(റ)ന്റെയും ഇടയിൽ നമസ്കരിക്കുകയും ശേഷം 'ഇപ്രകാരം അല്ലാഹുവിന്റെ റസൂൽ പ്രവർത്തിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്' എന്നു പറയുകയുമുണ്ടായി. എന്നാൽ ഇത് നിർബന്ധിതാവസ്ഥയിൽ പരിമിതമായിരിക്കും. ഇമാമിന്റെ പിന്നിൽ മഅ്മൂമുനിൽക്കലാണ് ഏറ്റവും ശ്രേഷ്ഠകരം. സ്ത്രീകൾ പുരുഷന്മാരുടെ സ്വഫ്ഫുകൾക്കു പിന്നിലാണ് നിൽക്കേണ്ടത്.

*(ഒരു സംഘം പണ്ഡിതന്മാർ രചിച്ച 'അൽഫിക്വ്ഹുൽ മുയസ്സർ ഫീ ദൗഇൽ കിതാബി വസ്സുന്ന' എന്ന ഗ്രന്ഥത്തിൽനിന്നുമെടുത്തത്)*

ഡോ. ഷഹബാസ് കെ അബ്ബാസ്
(വൈസ് പ്രസിഡന്റ്, വിസ്ഡം സ്റ്റുഡന്റ്സ്)
: 9544908473

# അനന്തപുരിയിൽ പുതുചരിതം തീർത്ത് 28-ാമത് പ്രോഫ്കോൺ

അല്ലാഹുവിന്റെ അപാരമായ അനുഗ്രഹത്താൽ ഒരുപാട് അനർഘ സുന്ദര മുഹൂർത്തങ്ങൾ സമ്മാനിച്ചുകൊണ്ട് 28ാമത് ആഗോള പ്രൊഫഷണൽ വിദ്യാർഥി സമ്മേളനമായ പ്രോഫ്കോണിന് തിരശ്ശീല വീണിരിക്കുകയാണ്. ഒരു വ്യാഴവട്ടക്കാലത്തിനിപ്പുറം അനന്തപുരിയുടെ മണ്ണിലേക്ക് വീണ്ടുമെത്തിയ പ്രോഫ്കോൺ അതിന്റെ കെട്ടിലും മട്ടിലും വിപ്ലവകരമായ മാറ്റങ്ങളുമായാണ് വിദ്യാർഥികളിലേക്കെ ത്തിയത്.

അനുദിനം സാമൂഹിക, സാംസ്കാരിക, ധാർമിക മേഖലകളിൽ വികാസ പരിണാമങ്ങൾക്ക് ഓരോ വിദ്യാർഥിയും വിധേയമായിക്കൊണ്ടിരിക്കുകയാണ്. വികാരങ്ങളെ വിവേകത്തോടെ കൈകാര്യം ചെയ്യേണ്ടതിനു പകരം, ആരെല്ലാമോ ബോധപൂർവം ഉണ്ടാക്കിയെടുക്കുന്ന അജണ്ടകളിൽ കുരുങ്ങി അതനുസരിച്ച് നിലപാടുകളുണ്ടാക്കുകയാണ് ആധുനിക കൗമാരം. ക്യാമ്പസുകൾ, പ്രത്യേകിച്ചും പ്രൊഫഷണൽ ക്യാമ്പസുകൾ അക്ഷരാർഥത്തിൽ ഇവയുടെ വിളനിലമാണ്. ധാർമികതയെയും സദാചാരത്തെയുമൊക്കെ അരികുവൽക്കരിച്ചുകൊണ്ടും അടിച്ചമർത്തിക്കൊണ്ടും തന്നിഷ്ടപ്രകാരം ജീവിക്കാൻ 'ന്യൂജെൻ'നെ ട്യൂൺ ചെയ്യുന്ന ലിബറലിസത്തിന്റെയും മതനിരാസത്തിന്റെയും ശ്രമങ്ങളെ തിരിച്ചറിയാൻ പലപ്പോഴും അവർക്ക് കഴിയുന്നില്ല എന്നതാണ് യാഥാർഥ്യം. ഇടിമുഴക്കത്തിനു മുമ്പ് ഒരു മിന്നൽ ഉണ്ടാകുന്നതുപോലെ, ഏതൊരു പ്രവൃത്തിയുടെയും തൊട്ടുമുമ്പായി മനസ്സിൽ വരുന്ന ചിന്തകളെ നേരിലേക്കും നന്മയിലേക്കും വഴി നടത്താൻ വിദ്യാർഥി തലമുറയെ പ്രാപ്തമാക്കുക തന്നെയാണ് പരിഹാരം. അതിനാവശ്യമായ തിരിച്ചറിവു കളും ഉൾക്കാഴ്ചകളും പകർന്നുനൽകിക്കൊണ്ട് കഴിഞ്ഞ 28 വർഷങ്ങളായി പ്രൊഫഷണൽ വിദ്യാർഥികൾക്ക് ദിശാബോധമേകുന്ന മഹത്തായ സംരംഭമാണ് പ്രോഫ്കോൺ.

ജീവിതത്തിന്റെ വസന്തകാലം ചെലവഴിക്കപ്പെടുന്നത് കലാലയങ്ങളിലാണ്. സമൂഹത്തിന്റെ പരിവർത്തനത്തിലും സഹജീവികളുടെ സമുദ്ധാരണത്തിലും ശ്രദ്ധ പതിപ്പിച്ച് മാതൃക കാണിച്ച് ജീവിക്കുവാൻ



നാം പഠിക്കാറുള്ളത് കലാലയ ജീവിതത്തിലാണ്. ചരാചരങ്ങളുടെ രൂപഭാവങ്ങളും പദാർഥങ്ങളുടെ ഘടനയും മുടിനാരിഴകീറി പരിശോധിക്കുകയും ഗവേഷണം ചെയ്യുകയും ചെയ്യുന്ന വിദ്യാർഥി, തന്നെ സൃഷ്ടിച്ചു പരിപാലിക്കുന്ന രക്ഷിതാവിനെ അടുത്തറിയുകയും അഹങ്കാരം വെടിഞ്ഞ് അവനിൽ വിശ്വാസ മർപ്പിക്കുകയും ചെയ്യേണ്ടതിന് പകരം; ഇടിമുറികളും അക്രമസമരങ്ങളും രാഷ്ട്രീയ അതിപ്രസരവും റാഗിങ്ങും ലഹരിയും ലൈംഗിക ആഭാസങ്ങളും സോഷ്യൽമീഡിയ-ഗെയിം അഡിക്ഷനും അടക്കമുള്ള സംവിധാനങ്ങളുടെ ദുരുപയോഗവുമായി ഭീകരമായ മൂല്യച്യുതികളിൽ അധഃപതിക്കുന്ന കാഴ്ചയാണ് നാം കാണുന്നത്. ഇത്തരം വർത്തമാനകാല കലാലയ സംസ്കാരത്തിനിടയിൽ സമാധാനസ്തംഭമായും ധൈഷണിക കൂട്ടായ്മയായും വിദ്യാർഥി സമൂഹത്തിന് ആശ്വാസത്തിന്റെ തിരുത്തായി മാറാൻ കഴിഞ്ഞ 28 സംവത്സരങ്ങളായി പ്രോഫ്കോണുകൾക്ക് സാധിച്ചു വരുന്നുണ്ട്.

പ്രോഫ്കോൺ അക്ഷരാർഥത്തിൽ ഒരത്ഭുതമാണ്. കേരളത്തിനകത്തും പുറത്തുമുള്ള ക്യാമ്പസുക ളിലും വിദ്യാലയങ്ങളിലും കഴിഞ്ഞ അര നൂറ്റാണ്ട് കാലമായി പ്രവർത്തിച്ചുവരുന്ന മുജാഹിദ് വിദ്യാർഥി പ്രസ്ഥാനത്തിന്റെ നാൾവഴികളിലെ കനപ്പെട്ട ഓർമകളാണ് ഓരോ പ്രോഫ്കോണുകളും. പരിചയപ്പെടുത്ത ലിന്റെ ആവശ്യമില്ലാത്ത രൂപത്തിൽതന്നെ ഏതൊരു നാട്ടിലെയും വിദ്യാർഥികളുടെയും അധ്യാപകരുടെ യും രക്ഷിതാക്കളുടെയും പ്രൊഫഷനലുകളുടെയും സാധാരണക്കാരുടെയും വരെ ഹൃദയങ്ങളിൽ എന്നും പ്രോഫ്കോണിന് ഒരു ഇടമുണ്ടാവാറുണ്ട്.

പ്രോഫ്കോൺ ഒരു പ്രത്യാശയാണ്. ചക്രവാളസീമകളോളം പ്രവിശാലമായ പ്രതീക്ഷാഗോപുരങ്ങൾ പണിതീർത്ത്, പങ്കെടുക്കുന്ന ഓരോ വിദ്യാർഥിയെയും കൂടുതൽ ചിന്തിക്കുവാൻ അത് പ്രേരിപ്പിക്കുന്നു. വിദ്യാർഥി കാലത്തിനുശേഷം കാലെടുത്തുവയ്ക്കാനുള്ള ജോലിയും കരിയറും കുടുംബവുമെല്ലാം സന്തോഷദായകമാക്കുവാനുതകുന്ന രൂപത്തിൽ സ്വപ്നം കാണുവാനും അത് പ്രായോഗികമാക്കുവാനും പ്രോഫ്കോൺ വിദ്യാർഥികളെ സഹായിക്കുന്നു.



പ്രോഫ്കോൺ വലിയ ആവേശമാണ്. മാറ്റം കൊതിക്കുന്ന മനസ്സുകൾക്ക്, തിന്മയുടെ തടവറകളിൽ നിന്ന് മോചനംനേടി നന്മയുടെ പുതുനാമ്പുകൾ മുളപ്പിക്കാനും അവ പരിപാലിച്ച് ബലവത്തായ വേരുകളും മനോഹരമായ പൂവുകളും രുചികരമായ കായ്കനികളും ലഭിക്കാവുന്ന രൂപത്തിൽ പരിവർത്തനത്തിന്റെ പടപ്പാട്ടോതുവാൻ അത് സഹായിക്കുന്നു. അതിനു വേണ്ട എല്ലാ ഭൗതികവും ആത്മീയവുമായ സാഹചര്യങ്ങളും അത്യാധുനിക സാങ്കേതിക സംവിധാനങ്ങളുമാണ് വർഷത്തിലെ ഈ മൂന്നു ദിനരാത്രങ്ങൾ വിദ്യാർഥികൾക്കായി ഒരുക്കുന്നത്.

2024 ജൂൺ 9നായിരുന്നു വിസ്ഡം സ്റ്റുഡന്റ്സിന്റെ 28ാമത് പ്രോഫ്കോണിന്റെ പ്രഖ്യാപനം. അന്ന് മുതൽ ആരംഭിച്ച ക്യാമ്പസുകളിലൂടെയുള്ള യാത്ര, ഒരുപാട് നനവും നിറവുമുള്ള ഓർമകളാണ് സമ്മാനിച്ചത്. കഴിഞ്ഞ നാലുമാസക്കാലംകൊണ്ട് കേരളത്തിനകത്തും പുറത്തുമുള്ള പതിനായിരക്കണക്കിന് വിദ്യാർഥികളിലേക്ക് ഇസ്‌ലാം മുന്നോട്ടുവയ്ക്കുന്ന മഹിതമായ സന്ദേശങ്ങളെ സംവദിക്കുവാനായി എന്ന ചാരിതാർഥ്യമാണ് ഓരോ ഭാരവാഹിക്കുമുള്ളത്. കാസർകോട് മുതൽ തിരുവനന്തപുരം വരെയുള്ള ക്യാമ്പസുകളിലൂടെ യാത്ര ചെയ്യുവാൻ ഇത്തവണ പ്രത്യേകമായി നാം ഒരുക്കിയ ക്യാമ്പസ് സഫാരി എന്ന സന്ദേശവാഹനവും, വിവിധ ക്യാമ്പസുകളിൽ നടന്ന ക്യാമ്പസ് ഡിബേറ്റുകളും, ക്യാമ്പസ് സ്പാർക്ക്സുകളും, ലീഡേഴ്സ് സംഗമവും, വിവിധ നാഷണൽ ക്യാമ്പസുകളിലെ പ്രീ കോൺഫറൻസ് മീറ്റുകളും വലിയ ചലനങ്ങളാണുണ്ടാക്കിയത്.

തിരുവനന്തപുരം കഴക്കൂട്ടത്തുള്ള അൽസാജ് ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽവച്ച് നടന്ന സമ്മേളനം 3 ദിവസങ്ങളിലായി 6 വ്യത്യസ്ത വേദികളിൽ 60 ലധികം സെഷനുകളും 6 വർക്ക്ഷോപ്പുകളും സംവാദങ്ങളും ഓപ്പൺ ഡയലോഗുകളും പാനൽ ഡിസ്കഷനും ഡിബേറ്റുകളുമൊക്കെയായി സമ്പന്നമാ യിരുന്നു. ഇസ്‌ലാമിനെക്കുറിച്ചുള്ള തെറ്റുധാരണകളുടെ യഥാർഥ വശങ്ങളെക്കുറിച്ച്, മാതാപിതാക്കളെന്ന തണൽ മരങ്ങളെക്കുറിച്ച്, പരിശുദ്ധ ഖുർആനിനെ നെഞ്ചോട്

ചേർക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച്, പ്രവാചക വിമർശനങ്ങൾക്കെതിരെ അവിടുത്തെ ചര്യയെ ജീവിതത്തിന്റെ ഭാഗമാക്കുന്നതിനെക്കുറിച്ച്, കരിയറിനെ സുഭദ്രമാക്കാനുള്ള ആസൂത്രങ്ങളെക്കുറിച്ച്, ജീവിതത്തെ ചിട്ടയുള്ളതാക്കുന്നതിൽ നമസ്കാരത്തിനുള്ള പ്രാധാന്യത്തെക്കുറിച്ച്, സ്ട്രെസ്സും ടെൻഷനും കുറയ്ക്കാനുള്ള മാർഗങ്ങളെക്കുറിച്ച്... അങ്ങനെ പലതിനെക്കുറിച്ചും വാചാലമായിരുന്നു 28ാമത് പ്രോഫ്കോൺ. പങ്കെടുത്ത ഓരോ വിദ്യാർഥിയുടെയും മനസ്സിനെ തൊട്ടറിഞ്ഞുള്ള മികച്ച അവതരണങ്ങളായിരുന്നു ഓരോന്നും.

ഇസ്രായേലിന്റെ പതിറ്റാണ്ടുകൾ നീണ്ടുനിൽക്കുന്ന ക്രൂരതകളുടെ ഇരകളായ ഫലസ്തീനിലെ ദുരിതമനുഭവിക്കുന്നവരോടുള്ള ഐക്യദാർഢ്യത്തെ സൂചിപ്പിച്ചുകൊണ്ട് ഇത്തവണത്തെ പ്രോഫ്കോണിലെ വേദികളുടെ നാമം ഖുദ്സ്, അഖ്സ, ഗാസ, റഫ എന്നിങ്ങനെയായിരുന്നു. പിഞ്ചുകുഞ്ഞുങ്ങളെ പോലും തേടിപ്പിടിച്ച് കൊന്നൊടുക്കുന്ന കിരാതമായ ആ നരനായാട്ടിനെതിരെ പ്രതിജ്ഞയെടുക്കുവാനും പ്രതികരിക്കാനും ഓരോ പ്രതിനിധിയെയും പ്രേരിപ്പിക്കുന്നതായിരുന്നു അതുമായി ബന്ധപ്പെട്ട അവതരണങ്ങൾ.

നിരീശ്വര-നിർമതവാദങ്ങളും ഫെമിനിസവും ജെൻഡർ പൊളിറ്റിക്സിന്റെ ഒളിയജണ്ടകളും മുസ്‌ലിം വിദ്യാർഥിനികളെ ലക്ഷ്യം വയ്ക്കുമ്പോൾ, അവരെ ഈ മതം നൽകുന്ന തണലിനെക്കുറിച്ച് ഉൽബുദ്ധരാക്കുവാൻ കഴിഞ്ഞ കുറച്ചു വർഷങ്ങളായി പ്രോഫ്കോണിൽ പെൺകുട്ടികൾക്ക് മാത്രമായി പ്രത്യേകം വേദികൾ നാം സജ്ജീകരിച്ചുവരുന്നുണ്ട്. 'അഖ്സ' എന്ന് നാമകരണം ചെയ്ത വേദിയിൽ വിസ്ഡം ഗേൾസിന്റെ നേതൃത്വത്തിൽ ആങ്കറിങ് മുതൽ ഗഹനമായ ഒരുപാട് വിഷയങ്ങൾ പ്രോഫ്കോണിൽ പങ്കെടുത്ത പ്രതിനിധികളുടെ അതേ പ്രായത്തിലുള്ള വിദ്യാർഥിനികൾ തന്നെ അവതരിപ്പിച്ചതും; ക്യാമറ, സോഷ്യൽ മീഡിയ, ഐടി പോലുള്ള വിവിധ വകുപ്പുകൾക്ക് പെൺകുട്ടികൾതന്നെ നേതൃത്വം നൽകിയതും ഭാവിയിലേക്കുള്ള വലിയ പ്രതീക്ഷകളാണ് നൽകുന്നത്.

കേരളത്തിന്റെ ധനകാര്യ വകുപ്പ് മന്ത്രി ബഹു. കെ.എൻ ബാലഗോപാൽ, വിദ്യാഭ്യാസ വകുപ്പ് മന്ത്രി ബഹു. വി ശിവൻകുട്ടി, ശശി തരൂർ എം.പി, എ.എ റഹീം എം.പി, കടകംപള്ളി സുരേന്ദ്രൻ എം.എൽ.എ, യൂത്ത് കോൺഗ്രസ് പ്രതിനിധി കെ.എസ് ശബരീനാഥ്, എം.എസ്.എഫ് പ്രതിനിധി അഡ്വ. സജൽ ഇബ്രാഹിം തുടങ്ങിയ വിവിധ രാഷ്ട്രീയ പ്രസ്ഥാനങ്ങളിലെ അമരക്കാർ ഇത്തവണ പ്രോഫ്കോണിൽ പങ്കെടുത്തു.

അക്കോമൊഡേഷൻ, ട്രാഫിക്&പാർക്കിംഗ്, ഫുഡ്, വാട്ടർ& സാനിറ്റേഷൻ, വെന്യൂ തുടങ്ങിയ വ്യത്യസ്തങ്ങളായ വകുപ്പുകളുടെ മാസങ്ങൾ നീണ്ട ആസൂത്രണ യോഗങ്ങളുടെയും അവയുടെ ഏകോപിച്ച നീക്കങ്ങളുടെയും കൃത്യമായ പ്രയോഗവൽക്കരണത്തിന്റെയുമെല്ലാം ഫലമായിരുന്നു പ്രോഫ്കോണിന്റെ മൂന്ന് ദിനരാത്രങ്ങളിലെ മധുരമേറിയ അനുഭവങ്ങൾ. തിരുവനന്തപുരം ജില്ലയിലെ വിവിധ ഘടകങ്ങളുടെ ഭാരവാഹികളുടെയും പ്രവർത്തകരുടെയും മാസങ്ങളായുള്ള കഠിനമായ പരിശ്രമങ്ങളും ഉറക്കമിളച്ച രാത്രികളും വെയിലിനെയും മഴയെയുമെല്ലാം തൃണവത്കരിച്ചുകൊണ്ടുള്ള ഓട്ടപ്പാച്ചിലുകളും വിലമതിക്കാനാകാത്തതാണ്. മരണശേഷം ഖബ്റിന്റെ ഘനാന്ധകാരങ്ങളിൽ കൂട്ടിനെത്തുന്ന വെളിച്ചമാവാനുള്ള ഒരുപിടി സൽകർമങ്ങളായി അല്ലാഹുവേ, ഇവയെ നീ പരിഗണിക്കേണമേ എന്ന പ്രാർഥന മാത്രമാണ് എല്ലാവരുടെയും മനസ്സുകളിൽ. പ്രോഫ്കോണിൽ പങ്കെടുത്ത ഓരോ പ്രതിനിധിയു ടെയും ഹൃദയാന്തരാളങ്ങളിലെ പരിവർത്തനങ്ങൾക്ക് നിമിത്തമാവാൻ ഞങ്ങൾക്കും സാധിച്ചുവല്ലോ എന്ന പ്രതീക്ഷതന്നെയാണ് മുന്നോട്ടുള്ള യാത്രയിലെ ഇന്ധനം.

ഇനി ലക്ഷ്യം 2024 മെയ് 11ന് മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണയിൽ വച്ച്, 'ധർമസമരത്തിന്റെ വിദ്യാർഥികാലം' എന്ന പ്രമേയത്തിൽ നടക്കാനിരിക്കുന്ന വിസ്ഡം സ്റ്റുഡന്റ്സ് 'കേരള സ്റ്റുഡന്റ്സ് കോൺഫറൻസാ'ണ്. പ്രീ കെ.ജി മുതൽ പി.എച്ച്.ഡി വരെ പഠിക്കുന്ന വിവിധ പ്രായക്കാരായ വിദ്യാർഥി- വിദ്യാർഥിനികളെ ധർമത്തിന്റെയും മോക്ഷത്തിന്റെയും മാർഗത്തിൽ അണിനിരത്തുവാനും കൃത്യമായ തിരിച്ചറിവ് പകരുവാനുമാണ് ഈ മഹാ വിദ്യാർഥി സമ്മേളനം. ധാർമികതയുടെ കവചങ്ങളെ പൊട്ടിച്ചെറി യാൻ ആരെല്ലാം ശ്രമിച്ചാലും, കാലമെത്ര പുരോഗമിച്ചെന്ന് വാദിച്ചാലും, തിന്മകളെയും തന്നിഷ്ടങ്ങളെയും എത്രതന്നെ സ്വാഭാവികവത്കരിക്കാൻ ശ്രമിച്ചാലും, ലഹരിയും ലിബറൽ ചിന്തകളുമുണ്ടാക്കുന്ന കേടുപാടുകളെ നിസ്സാരവത്കരിച്ചാലും-ഇസ്‌ലാം മുന്നോട്ടുവയ്ക്കുന്ന ദിവ്യപ്രഭയെ വിദ്യാർഥികൾക്കിടയിൽ കൂടുതൽ പ്രശോഭിതമാക്കുവാൻ ഈ സമ്മേളനത്തിന് കഴിയുമെന്നാണ് പ്രതീക്ഷ. മുജാഹിദ് പ്രസ്ഥാനത്തിന്റെ നാൾവഴികളിലിതുവരെയും നടന്ന സമ്മേളനങ്ങളെപ്പോലെ ഇതും ചരിത്രത്തിന്റെ ഏടുകളിൽ സ്വർണലിപികളാൽ എഴുതിച്ചേർക്കപ്പെടും എന്നത് തീർച്ചയാണ്-ഇൻശാ അല്ലാഹ്. ഈ നന്മയുടെ കൈത്തിരി അണയാതെ നോക്കേണ്ടത് നാമെല്ലാവരുടെയും ബാധ്യതയാണെന്ന തിരിച്ചറിവ് നമുക്കുണ്ടാവണം. അല്ലാഹു അനുഗ്രഹിക്കട്ടെ. ആമീൻ ■

# സൂറതുസ്സബഅ്

(മക്കയിൽ അവതരിച്ചത്)

അധ്യായം
34

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

قُلْ لَا تُسْأَلُونَ عَمَّا أَجْرَمْنَا وَلَا نُسْأَلُ
عَمَّا تَعْمَلُونَ ﴿٢٥﴾
قُلْ يَجْمَعُ بَيْنَنَا رَبُّنَا ثُمَّ يَفْتَحُ بَيْنَنَا
بِالْحَقِّ وَهُوَ الْفَتَّاحُ الْعَلِيمُ ﴿٢٦﴾
قُلْ أَرُونِيَ الَّذِينَ أَلْحَقْتُمْ بِهِ شُرَكَاءَ ۖ كَلَّا ۚ
بَلْ هُوَ اللَّهُ الْعَزِيزُ الْحَكِيمُ ﴿٢٧﴾
وَمَا أَرْسَلْنَاكَ إِلَّا كَافَّةً لِلنَّاسِ بَشِيرًا وَنَذِيرًا
وَلَٰكِنَّ أَكْثَرَ النَّاسِ لَا يَعْلَمُونَ ﴿٢٨﴾
وَيَقُولُونَ مَتَىٰ هَٰذَا الْوَعْدُ إِنْ كُنْتُمْ
صَادِقِينَ ﴿٢٩﴾
قُلْ لَكُمْ مِيعَادُ يَوْمٍ لَا تَسْتَأْخِرُونَ عَنْهُ
سَاعَةً وَلَا تَسْتَقْدِمُونَ ﴿٣٠﴾
وَقَالَ الَّذِينَ كَفَرُوا لَنْ نُؤْمِنَ بِهَٰذَا
الْقُرْآنِ وَلَا بِالَّذِي بَيْنَ يَدَيْهِ ۗ وَلَوْ تَرَىٰ
إِذِ الظَّالِمُونَ مَوْقُوفُونَ عِنْدَ رَبِّهِمْ يَرْجِعُ
بَعْضُهُمْ إِلَىٰ بَعْضٍ الْقَوْلَ يَقُولُ الَّذِينَ
اسْتُضْعِفُوا لِلَّذِينَ اسْتَكْبَرُوا لَوْلَا أَنْتُمْ
لَكُنَّا مُؤْمِنِينَ ﴿٣١﴾
قَالَ الَّذِينَ اسْتَكْبَرُوا لِلَّذِينَ اسْتُضْعِفُوا
أَنَحْنُ صَدَدْنَاكُمْ عَنِ الْهُدَىٰ بَعْدَ إِذْ
جَاءَكُمْ ۖ بَلْ كُنْتُمْ مُجْرِمِينَ ﴿٣٢﴾

25. പറയുക: ഞങ്ങൾ കുറ്റം ചെയ്തതിനെപ്പറ്റി നിങ്ങൾ ചോദിക്കപ്പെടുകയില്ല. നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി ഞങ്ങളും ചോദിക്കപ്പെടുകയില്ല.

26. പറയുക: നമ്മുടെ രക്ഷിതാവ് നമ്മെ തമ്മിൽ ഒരുമിച്ചുകൂട്ടുകയും അനന്തരം നമുക്കിടയിൽ അവൻ സത്യപ്രകാരം തീർപ്പുകൽപിക്കുകയും ചെയ്യുന്നതാണ്. അവൻ സർവജ്ഞനായ തീർപ്പുകാരനത്രെ.

27. പറയുക: പങ്കുകാരെന്ന നിലയിൽ അവനോട് (അല്ലാഹുവോട്) നിങ്ങൾ കൂട്ടിച്ചേർത്തിട്ടുള്ളവരെ എനിക്ക് നിങ്ങളൊന്ന് കാണിച്ചുതരൂ. ഇല്ല, (അങ്ങനെ ഒരു പങ്കാളിയുമില്ല). എന്നാൽ അവൻ പ്രതാപിയും യുക്തിമാനുമായ അല്ലാഹുവത്രെ.

28. നിന്നെ നാം മനുഷ്യർക്കാകമാനം സന്തോഷവാർത്ത അറിയിക്കുന്നവനും താക്കീത് നൽകുന്നവനും ആയിക്കൊണ്ട് തന്നെയാണ് അയച്ചിട്ടുള്ളത്. പക്ഷേ, മനുഷ്യരിൽ അധികപേരും അറിയുന്നില്ല.

29. അവർ ചോദിക്കുന്നു; നിങ്ങൾ സത്യവാദികളാണെങ്കിൽ, ഈ താക്കീത് എപ്പോഴാണ് (പുലരുക) എന്ന്.

30. പറയുക: നിങ്ങൾക്കൊരു നിശ്ചിത ദിവസമുണ്ട്. അതുവിട്ട് ഒരു നിമിഷം പോലും നിങ്ങൾ പിന്നോട്ട് പോകുകയോ മുന്നോട്ട് പോകുകയോ ഇല്ല.

31. ഈ ക്വുർആനിലാകട്ടെ, ഇതിന് മുമ്പുള്ള വേദത്തിലാകട്ടെ ഞങ്ങൾ വിശ്വസിക്കുന്നതേ അല്ല എന്ന് സത്യനിഷേധികൾ പറഞ്ഞു. (നബിയേ,) ഈ അക്രമികൾ തങ്ങളുടെ രക്ഷിതാവിന്റെ അടുക്കൽ നിർത്തപ്പെടുന്ന സന്ദർഭം നീ കണ്ടിരുന്നെങ്കിൽ! അവരിൽ ഓരോ വിഭാഗവും മറുവിഭാഗത്തിന്റെ മേൽ കുറ്റം ആരോപിച്ചുകൊണ്ടിരിക്കും. ബലഹീനരായി ഗണിക്കപ്പെട്ടവർ വലുപ്പം നടിച്ചിരുന്നവരോട് പറയും: നിങ്ങളില്ലായിരുന്നെങ്കിൽ ഞങ്ങൾ വിശ്വാസികളായിരുന്നേനെ.

32. വലുപ്പം നടിച്ചവർ ബലഹീനരായി ഗണിക്കപ്പെട്ടവരോട് പറയും: മാർഗദർശനം നിങ്ങൾക്ക് വന്നെത്തിയതിനുശേഷം അതിൽനിന്ന് നിങ്ങളെ തടഞ്ഞത് ഞങ്ങളാണോ? അല്ല, നിങ്ങൾ കുറ്റവാളികൾ തന്നെയായിരുന്നു!

(25). (നീ പറയുക): അവരോട് (ഞങ്ങങ്ങൾ കുറ്റം ചെയ്തതിനെ പറ്റി നിങ്ങൾ ചോദിക്കപ്പെടുകയില്ല. നിങ്ങൾ പ്രവർത്തിക്കുന്നതിനെ പറ്റി ഞങ്ങളും ചോദിക്കപ്പെടുകയില്ല). ഞങ്ങൾക്കും നിങ്ങൾക്കും നാം ഓരോരുത്തരും ചെയ്തതുണ്ട്. ഞങ്ങളുടെ ദുഷ്പ്രവൃത്തികളെയും പാപങ്ങളെയും കുറിച്ച് നിങ്ങൾ ചോദ്യ ചെയ്യപ്പെടുകയില്ല. നിങ്ങൾ ചെയ്യുന്നതിനെക്കുറിച്ച് ഞങ്ങളോട് ചോദിക്കപ്പെടില്ല. അതിനാൽ നമ്മൾ ഓരോരുത്തരും യാഥാർഥ്യം അന്വേഷിക്കുകയും ശരിയുടെ മാർഗത്തിൽ പ്രവേശിക്കുകയും ചെയ്യുക. ഞങ്ങൾ ചെയ്യുന്നത് നിങ്ങൾ വിട്ടേക്കുക. അത് സത്യത്തെ പിൻപറ്റാൻ നിങ്ങൾക്ക് തടസ്സമാകരുത്. ഇവിടുത്തെ കാര്യങ്ങൾ പുറത്തു കാണുന്നതിനെ അടിസ്ഥാനമാക്കിയാണ്. അതിൽ സത്യമായി കാണുന്നത് പിൻപറ്റണം. അസത്യമായത് ഒഴിവാക്കണം. എന്നാൽ കർമങ്ങളെ സംബന്ധിച്ചിടത്തോളം അതിന്റെ തീരുമാനം മറ്റൊരു ലോകത്താണ്. അവിടെ വിധിക്കുന്നവരിൽ ഏറ്റവും വലിയ നീതിമാൻ വിധിക്കും. തർക്കങ്ങളിൽ അവൻ നീതിപൂർവം തീരുമാനമെടുക്കും.

(26). (പറയുക: നമ്മുടെ രക്ഷിതാവ് നമ്മെ തമ്മിൽ ഒരുമിച്ചുകൂട്ടുകയും അനന്തരം നമുക്കിടയിൽ അവന്റെ സത്യപ്രകാരം തീർപ്പ് കൽപിക്കുകയും ചെയ്യുന്നതാണ്) സത്യം പറയുന്നത് ആരാണ്, കളവു പറയുന്നത് ആരാണ് എന്ന് വ്യക്തമാക്കുന്ന തീർപ്പ്. ശിക്ഷക്ക് ആരാണ് അർഹൻ എന്ന തീരുമാനം തീർപ്പാക്കുന്ന ഇടമാണിത്. തീർപ്പ് കൽപിക്കുന്നതിൽ ഉത്തമനാണവൻ.

(27). (പറയുക:) പ്രവാചകരേ, അവരോട് പറയുക. താങ്കൾ, അല്ലെങ്കിൽ താങ്കളുടെ ദൗത്യം നിർവഹിക്കുന്നവർ. (പങ്കുകാരനെന്ന നിലയിൽ അവനോട് -അല്ലാഹുവിനോട്-നിങ്ങൾ കൂട്ടിച്ചേർത്തിട്ടുള്ളവരെ എനിക്ക് നിങ്ങളൊന്ന് കാണിച്ചുതരൂ) അതായത്, അവർ എവിടെയാണ്? അവരെ അറിയാൻ എന്താണ് വഴി? അവർ ഭൂമിയിലാണോ അതോ ആകാശത്തോ? അദൃശ്യവും ദൃശ്യവും അറിയുന്നവൻ ഞങ്ങളോട് പറഞ്ഞു; അങ്ങനെ അവന്ന് ഒരു പങ്കാളിയും നിലവിലില്ല.

وَيَعْبُدُونَ مِن دُونِ اللَّهِ مَا لَا يَضُرُّهُمْ وَلَا يَنفَعُهُمْ وَيَقُولُونَ هَٰؤُلَاءِ شُفَعَاؤُنَا عِندَ اللَّهِ ۚ قُلْ أَتُنَبِّئُونَ اللَّهَ بِمَا لَا يَعْلَمُ

"അല്ലാഹുവിന്നു പുറമെ അവർക്ക് ഉപദ്രവമോ ഉപകാരമോ ചെയ്യാത്തതിനെ അവർ ആരാധിച്ചുകൊണ്ടിരിക്കുന്നു. ഇവർ - ആരാധ്യർ-അല്ലാഹുവിന്റെ അടുക്കൽ ഞങ്ങൾക്കുള്ള ശിപാർശക്കാരാണ് എന്ന് പറയുകയും ചെയ്യുന്നു. പറയുക: അല്ലാഹുവിന് അറിയാത്ത വല്ല കാര്യങ്ങളും നിങ്ങളവന് അറിയിച്ചുകൊടുക്കുകയാണോ?"(10:18).

وَمَا يَتَّبِعُ الَّذِينَ يَدْعُونَ مِن دُونِ اللَّهِ شُرَكَاءَ ۚ إِن يَتَّبِعُونَ إِلَّا الظَّنَّ وَإِنْ هُمْ إِلَّا يَخْرُصُونَ ﴿٦٦﴾

"അല്ലാഹുവിന്നു പുറമെ പങ്കാളികളെ വിളിച്ചു പ്രാർഥിക്കുന്നവർ എന്തൊന്നിനെയാണ് പിൻപറ്റുന്നത്? അവർ ഊഹത്തെ മാത്രമാണ് പിന്തുടരുന്നത്. അവർ അനുമാനിച്ച് (കള്ളം) പറയുക മാത്രമാണ് ചെയ്യുന്നത്"(10:66).

അതുപോലെ തന്നെ അവന് പങ്കുകാരുള്ളതായി അവന്റെ സൃഷ്ടികളിലെ ഉന്നതന്മാരായ പ്രവാചകന്മാർക്കും അറിയില്ല. അതിനാൽ ബഹുദൈവ വിശ്വാസികളേ, നിങ്ങൾ അല്ലാഹുവിൽ വ്യാജമായി പങ്കുചേർത്തവരെ എനിക്ക് കാണിച്ചുതരൂ. അവർക്ക് ഈ ചോദ്യത്തിന് ഉത്തരം നൽകാൻ കഴിയില്ല. അതിനാൽ അല്ലാഹു പറയുന്നു: (ഇല്ല). അതായത്, അല്ലാഹുവിന് പങ്കാളിയോ എതിരാളിയോ സമന്മാരോ ഇല്ല. (അവനാണ് അല്ലാഹു) അവനല്ലാതെ ആരാധനക്കും ദൈവികതയ്ക്കും അവകാശിയില്ല. (പ്രതാപി) എല്ലാറ്റിനെയും കീഴ്പ്പെടുത്തുന്ന സർവശക്തൻ. (യുക്തിമാൻ) താൻ സൃഷ്ടിച്ചതിനെല്ലാം പൂർണത നൽകിയവനും അതിന് നിയമങ്ങളും വ്യവസ്ഥകളും നിശ്ചയിക്കുകയും ചെയ്തവൻ. അവന്റെ ജ്ഞാനത്തിന്റെ ഏറ്റവും വലിയ തെളിവ് അവൻ ഏകനാണെന്നതും ആരാധന അവന് മാത്രമായിരിക്കണമെന്ന കൽപനയുമാണ്. അതിനെ അവൻ ഇഷ്ടപ്പെടുകയും രക്ഷയുടെ മാർഗമാക്കുകയും ചെയ്തു. ശിർക്കിനെ വിരോധിക്കുകയും അവന് സമന്മാരെ സ്വീകരിക്കുന്നതിനെ നിരോധിക്കുകയും ചെയ്തു. അത് നാശത്തിന്റെയും നഷ്ടത്തിന്റെയും വഴിയാക്കി. അതുമതി അവന്റെ ജ്ഞാനത്തിന്റെ പരിപൂർണത മനസ്സിലാകാൻ. അവന്റെ കൽപനാവിരോധങ്ങളിൽ യുക്തിയുണ്ടെന്ന് പറയുമ്പോൾ അത് എത്രത്തോളമായിരിക്കും!

(28). എല്ലാ മനുഷ്യർക്കും അല്ലാഹു നൽകുന്ന പ്രതിഫലത്തെക്കുറിച്ച് സന്തോഷവാർത്ത അറിയിക്കാനും ഈ പ്രതിഫലം നേടുന്ന കർമങ്ങളെക്കുറിച്ച് അവരോട് പറയാനും ശിക്ഷയെക്കുറിച്ച് മുന്നറിയിപ്പു നൽകാനും മാത്രമാണ് അല്ലാഹു തന്റെ ദൂതന്മാരെ അയച്ചതെന്നാണ് ഇവിടെ പറയുന്നത്. കൽപനാധികാരങ്ങളൊന്നും നിങ്ങൾക്കില്ല. ധിക്കാരത്തിന്റെയും നിഷേധത്തിന്റെയും ആളുകൾ ആവശ്യപ്പെടുന്നത് നൽകാൻ നിങ്ങൾക്ക് ബാധ്യത

യില്ല. അതെല്ലാം അല്ലാഹുവിന്റെ കൈകളിലാണ്. (പക്ഷേ, മനുഷ്യരിൽ അധികപേരും അറിയുന്നില്ല) അവർക്ക് ശരിയായ അറിവില്ല. അവർ അറിവില്ലാത്തവരോ ധാർഷ്ട്യമുള്ളവരോ ആണ്. അതിനാൽ അവർ അവരുടെ അറിവനുസരിച്ച് പ്രവർത്തിക്കുന്നില്ല. അതിനാൽ അവർ അറിവില്ലാത്തവരെ പോലെയാണ്. അറിവില്ലാത്തതിനാൽ പ്രവാചകന്റെ ക്ഷണം നിരസിക്കാൻ അവർ തീരുമാനിച്ചു. കാരണം, അവർ ആവശ്യപ്പെട്ട കാര്യങ്ങളോട് പ്രവാചകന്മാർ പ്രതികരിച്ചില്ല.

(29). അവർ ഉന്നയിച്ച ആവശ്യങ്ങളിൽ പെട്ടതായിരുന്നു അദ്ദേഹം അവർക്ക് മുന്നറിയിപ്പ് നൽകിയ ശിക്ഷ അവർക്ക് വേഗത്തിൽ നൽകണമെന്നത്. അല്ലാഹു പറയുന്നു: (അവർ ചോദിക്കുന്നു: നിങ്ങൾ സത്യവാദികളാണെങ്കിൽ ഈ താക്കീത് എപ്പോഴാണ് പുലരുക എന്ന്) ഇത് അവരുടെ അക്രമമാണ്. ശിക്ഷ സംഭവിക്കുന്ന സമയവും അദ്ദേഹത്തിന്റെ സത്യസന്ധതയും തമ്മിൽ എന്ത് ബന്ധമാണുള്ളത്? ഇത് സത്യത്തെ നിരാകരിക്കലും യുക്തിയുടെ അഭാവവുമല്ലാതെ മറ്റെന്താണ്?

ആത്മാർഥതയിലും സത്യസന്ധതയിലും അറിയപ്പെട്ട ഒരു വ്യക്തി ജനങ്ങളുടെ അടുത്ത് വരികയും ആസന്നമായ ഒരു അപകടത്തെ-അവരെ ആക്രമിക്കാൻ അവസരം കാത്തു നിൽക്കുന്ന ഒരു ശത്രുവിനെ-കുറിച്ച് ആ വ്യക്തി മുന്നറിയിപ്പ് നൽകുകയും ചെയ്യുന്നു. അദ്ദേഹം പറഞ്ഞു: നിങ്ങളുടെ ശത്രു നിങ്ങളെ ആക്രമിക്കാനും ഇല്ലാതാക്കാനും ലക്ഷ്യമിട്ട് നിങ്ങൾക്കു നേരെ വരുന്നത് ഞാൻ കണ്ടു അപ്പോൾ അവരിൽ ചിലർ പറഞ്ഞു: നീ സത്യമാണ് പറയുന്നതെങ്കിൽ അവർ ഏതു സമയത്താണ് ഞങ്ങളിലേക്ക് എത്തുക എന്നും ഇപ്പോൾ എവിടെയാണെന്നും ഞങ്ങളോട് പറയൂ. ഇങ്ങനെ ചോദിക്കുന്നവനെ ബുദ്ധിയുള്ളവനായി കണക്കാക്കുമോ? അതോ വിഡ്ഢിയും ഭ്രാന്തനുമായി കണക്കാക്കുമോ? ഈ പറയുന്നവൻ സത്യം പറയുന്നവനോ കളവ് പറയുന്നവനോ ആകാം. ഒരുപക്ഷേ, ശത്രുവല്ലാത്തമറ്റാരെയെങ്കിലും അവൻ കണ്ടതാകാം. ശത്രുക്കൾക്ക് അവരുടെ നിശ്ചയദാർഢ്യം നഷ്ടപ്പെടുകയും അവരെ ആക്രമിക്കാതിരിക്കുകയും ചെയ്യാം. ശത്രുവിനെ പ്രതിരോധിക്കാൻ അവർ ഒരുങ്ങിയിരിക്കാം. ഏറ്റവും സത്യസന്ധനും പറയുന്നതിൽ അബദ്ധമില്ലാത്തവനും തന്റെ ഇച്ഛക്കനുസരിച്ച് സംസാരിക്കാത്തവനും നിശ്ചയമായതും തടുക്കാൻ കഴിയാത്തതും അതിനെതിരെ സഹായിയായ ആരുമില്ലാത്തതുമായ ശിക്ഷയെക്കുറിച്ച് പറഞ്ഞതിനെ എങ്ങനെയാണ് അവിശ്വസിക്കുക? എപ്പോൾ സംഭവിക്കുമെന്ന് വ്യക്തമായി പറയാൻ കഴിയില്ല എന്നതിന്റെ പേരിൽ അവൻ അവരോട് പറഞ്ഞതിനെ അവർ നിരസിക്കുന്നത് ഏറ്റവും വലിയ മണ്ടത്തരമല്ലേ.

(30). (നീ പറയുക) അത് സംഭവിക്കുന്ന സമയത്തെക്കുറിച്ച്, അതിൽ സംശയമില്ല. (നിങ്ങൾക്കൊരു നിശ്ചിതദിവസമുണ്ട്. അതിൽ ഒരു നിമിഷംപോലും നിങ്ങൾ പിന്നോട്ട് പോകുകയോ മുന്നോട്ട് പോകുകയോ ഇല്ല) അതിനാൽ ആ ദിവസത്തെ സൂക്ഷിക്കുക. അതിനായി തയ്യാറെടുക്കുക.

(31). ശിക്ഷയ്ക്ക് ധൃതികൂട്ടുന്നവരോട് പറയാൻ അല്ലാഹു ഇവിടെ നിർദേശിക്കുന്നത് അവധിയെത്തിയാൽ അത് സംശയരഹിതമായി സംഭവിക്കുമെന്നതാണ്. അവിടെയുള്ള അവരുടെ അവസ്ഥയും പരാമർശിക്കുന്നു. തങ്ങളുടെ രക്ഷിതാവിന്റെ അടുക്കൽ നിർത്തപ്പെടുന്ന സന്ദർഭത്തിൽ അവരുടെ അവസ്ഥ നീ കണ്ടാൽ അതെത്ര ഭയാനകമാണ്! വഴികേടിലും നിഷേധത്തിലും നേതാക്കളും അനുയായികളുമായി കഴിഞ്ഞവർ അവിടെ ഒരുമിച്ച് കൂടും. അത് വല്ലാത്തൊരു രംഗമായിരിക്കും. അവർ പരസ്പരം കുറ്റപ്പെടുത്തുന്നത് കാണാം. (അവരിൽ ഓരോ വിഭാഗവും മറുഭാഗത്തിന്റെ മേൽ കുറ്റമാരോപിച്ചുകൊണ്ടിരിക്കും. ബലഹീനരായി ഗണിക്കപ്പെട്ടവർ അവരാണ്) അനുയായികൾ. (വലുപ്പം നടിച്ചവരോട് പറയുക) അവരാണ് നേതാക്കൾ. (നിങ്ങളില്ലായിരുന്നെങ്കിൽ ഞങ്ങൾ വിശ്വാസികളായിരുന്നേനെ) നിങ്ങൾ ഞങ്ങളെ വിശ്വാസത്തിൽനിന്ന് തടഞ്ഞു. നിഷേധം ഞങ്ങൾക്ക് ഭംഗിയായി കാണിച്ചുതന്നു. അപ്പോൾ ഞങ്ങൾ നിങ്ങളെ അനുഗമിച്ചു. അങ്ങനെ പറയുന്നതുകൊണ്ട് അവർ ഉദ്ദേശിക്കുന്നത് ശിക്ഷ നൽകേണ്ടത് ഞങ്ങൾക്കല്ല നേതാക്കൾക്കാണ് എന്ന അർഥത്തിലാണ്.

(32). (വലുപ്പം നടിച്ചവർ ബലഹീനരായി ഗണിക്കപ്പെട്ടവരോട് പറയും) ആശ്ചര്യം പ്രകടിപ്പിക്കുകയും എല്ലാവരും ഒരുപോലെ കുറ്റക്കാരാണെന്ന് പറയുകയും ചെയ്യും. (മാർഗദർശനം നിങ്ങൾക്ക് വന്നെത്തിയതിനുശേഷം അതിൽനിന്ന് നിങ്ങളെ തടഞ്ഞത് ഞങ്ങളാണോ?) ഞങ്ങളുടെ ശക്തികൊണ്ട് നിങ്ങളെ നിർബന്ധിച്ചുവോ? (അല്ല, നിങ്ങൾ കുറ്റവാളികൾ തന്നെയായിരുന്നു) അതായത്, തിന്മ നിങ്ങൾ തന്നെ സ്വയം തിരഞ്ഞെടുത്തു. അങ്ങനെ ചെയ്യാൻ ഞങ്ങൾ നിങ്ങളെ നിർബന്ധിച്ചില്ല. ഞങ്ങൾ നിങ്ങൾക്കത് ഭംഗിയായി തോന്നിപ്പിച്ചാലും നിങ്ങളുടെ മേൽ ഞങ്ങൾക്ക് അധികാരമുണ്ടായിരുന്നില്ല. ■

മുഹമ്മദ് സ്വാദിഖ് മദീനി

നന്മയുടെ പ്രചാരകരെ കുത്തിനോവിക്കുവാനും അവർക്കെതിരെ ദുഷ്പ്രചാരണങ്ങൾ നടത്തുവാനും സമൂഹത്തിലെ പലരും തയ്യാറായേക്കും. തങ്ങളുടെ ജനസേവന പ്രവർത്തനത്തിന്റെ പിന്നിൽ ഭൗതികമായ ലക്ഷ്യമാണുള്ളത് എന്ന് എതിരാളികൾ പറഞ്ഞു പരത്തിയേക്കാം. അത്തരം സന്ദർഭങ്ങളിൽ ഒരു വടവൃക്ഷത്തെ പോലെ ഉറച്ചുനിൽക്കാനും നന്മയിൽ മുന്നേറുവാനും തന്നെ കല്ലെറിയുന്നവർക്ക് വിട്ടുവീഴ്ച ചെയ്തുകൊടുക്കുവാനും സാധിക്കുമ്പോഴാണ് ഒരാളുടെ ഈമാൻ ദൃഢമായിത്തീരുകയും അല്ലാഹുവിന്റെ സഹായം ഉണ്ടാവുകയും ചെയ്യുക.



# നന്മ മരങ്ങൾ വളരട്ടെ

02

സമൂഹത്തിന് നന്മ ചെയ്യുന്നവർ ഒരിക്കലും ജനങ്ങളിൽനിന്നുള്ള പ്രശംസയോ പത്യുപകാരമോ ആഗ്രഹിച്ചുകൊണ്ടാകരുത് അതിലേക്ക് ഇറങ്ങിത്തിരിക്കുന്നത്. ഭൗതിക ലക്ഷ്യം മുന്നിൽക്കണ്ട് സേവനം ചെയ്യുന്ന ആളുകൾക്ക് ദീർഘകാലം സേവനരംഗത്ത് മുന്നോട്ടു പോകാൻ സാധിക്കുകയില്ല. കാരണം ജനങ്ങൾ സദാസമയവും അവരെ പൂമാലയിട്ട് സ്വീകരിച്ചുകൊള്ളണമെന്നില്ല.

ജനങ്ങൾ തന്നെ കണ്ടറിയുന്നില്ല, എന്റെ നന്മകളെ സമൂഹം പ്രശംസിക്കുന്നില്ല എന്ന് അവർക്ക് ബോധ്യമായാൽ സമൂഹത്തിൽനിന്നും അപ്രത്യക്ഷരാകും. എന്നാൽ എല്ലാം അറിയുന്ന അല്ലാഹു സർവതും കാണുന്നുണ്ടെന്നും അംഗീകാരങ്ങൾ ആരും നൽകിയിട്ടില്ലെങ്കിലും സർവശക്തൻ സ്വർഗം സജ്ജമാക്കി വെച്ചിട്ടുണ്ട് എന്നും ബോധ്യമുള്ളപ്പോൾ നന്മ മരങ്ങൾ പുഷ്പിക്കുകയും മറ്റുള്ളവർക്ക് മധുരിമയാർന്ന കായ്കനികൾ സമ്മാനിക്കുകയും ചെയ്യും. അത്തരം വിശ്വാസികളുടെ വിശേഷണമായി അല്ലാഹു പറഞ്ഞു:

"(അവർ പറയും:) അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടി മാത്രമാണ് ഞങ്ങൾ നിങ്ങൾക്കു ആഹാരം നൽകുന്നത്. നിങ്ങളുടെ പക്കൽനിന്നു യാതൊരു പ്രതിഫലവും നന്ദിയും ഞങ്ങൾ ആഗ്രഹിക്കുന്നില്ല" (അൽഇൻസാൻ 9).

ഒരുപക്ഷേ, നന്മയുടെ പ്രചാരകരെ കുത്തിനോവിക്കുവാനും അവർ

ക്കെതിരെ ദുഷ്പ്രചാരണങ്ങൾ നടത്തുവാനും സമൂഹത്തിലെ പലരും തയ്യാറായേക്കും. തങ്ങളുടെ ജനസേവന പ്രവർത്തനത്തിന്റെ പിന്നിൽ ഭൗതികമായ ലക്ഷ്യമാണുള്ളത് എന്ന് എതിരാളികൾ പറഞ്ഞു പരത്തിയേക്കാം. അത്തരം സന്ദർഭങ്ങളിൽ ഒരു വടവൃക്ഷത്തെ പോലെ ഉറച്ചുനിൽക്കാനും നന്മയിൽ മുന്നേറുവാനും തന്നെ കല്ലെറിയുന്നവർക്ക് വിട്ടുവീഴ്ച ചെയ്തുകൊടുക്കുവാനും സാധിക്കുമ്പോഴാണ് ഒരാളുടെ ഈമാൻ ദൃഢമായിത്തീരുകയും അല്ലാഹുവിന്റെ സഹായം ഉണ്ടാവുകയും ചെയ്യുക.

നബി(സ്വ)യുടെ ഭാര്യയും അബൂബക്ർ സ്വിദ്ദീഖിന്റെ മകളും വിശ്വാസികളുടെ മാതാവുമായ ആഇശ(റ)യെ കുറിച്ച് കപട വിശ്വാസികൾ അപവാദ പ്രചാരണം നടത്തിയപ്പോൾ കൂട്ടത്തിൽ ദരിദ്രനായ മിസ്ത്വഹും അത് ഏറ്റുപാടി. അബൂബക്റി(റ)ന്റെ സഹായത്തിൽ ജീവിക്കുന്ന അദ്ദേഹത്തിന്റെ ബന്ധുവായിരുന്നു മിസ്ത്വഹ്(റ). ഇനി മുതൽ മിസ്ത്വഹിന് സഹായം നൽകില്ലെന്ന് അബൂബക്ർ(റ) തീരുമാനിച്ചു. താമസിയാതെ ആ വിഷയത്തിൽ വിശുദ്ധ ഖുർആൻ സൂക്തങ്ങൾ ഇറങ്ങി:

"നിങ്ങളുടെ കൂട്ടത്തിൽ ശ്രേഷ്ഠതയും കഴിവുമുള്ളവർ കുടുംബബന്ധമുള്ളവർക്കും സാധുക്കൾക്കും അല്ലാഹുവിന്റെ മാർഗത്തിൽ സ്വദേശം വെടിഞ്ഞു വന്നവർക്കും ഒന്നും കൊടുക്കുകയില്ലെന്ന് ശപഥം ചെയ്യരുത്. അവർ മാപ്പു നൽകുകയും വിട്ടുവീഴ്ച കാണിക്കുകയും ചെയ്യട്ടെ. അല്ലാഹു നിങ്ങൾക്ക് പൊറുത്തുതരാൻ നിങ്ങൾ ഇഷ്ടപ്പെടുന്നില്ലേ? അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണ ചൊരിയുന്നവനുമാകുന്നു" (അന്നൂർ 22).

ഒരിക്കൽ നബി(സ്വ)യോട് ഒരു സ്വഹാബി ഇപ്രകാരം പറഞ്ഞു: "നബിയേ, എനിക്ക് ചില

മറ്റുള്ളവർക്ക് പല നന്മകളും ചെയ്തുകൊടുക്കേണ്ട എത്രയോ സന്ദർഭങ്ങൾ നമ്മുടെ ജീവിതത്തിലൂടെ കടന്നുപോകും. അവർ അതിനു പകരമായി നന്ദി ചെയ്യണം, നമ്മെ കാണുമ്പോൾ ബഹുമാനിക്കണം എന്ന ചിന്ത നമുക്ക് ഉണ്ടായിക്കൂടാ. മറിച്ച് നാം ചെയ്ത പ്രവർത്തനങ്ങളുടെ പ്രതിഫലം കരുണാവാരിധിയായ റബ്ബിൽനിന്നായിരിക്കണം ആഗ്രഹിക്കേണ്ടത്.

ബന്ധുക്കളുണ്ട്. ഞാൻ അവരുമായി കുടുംബ ബന്ധം ചേർക്കുമ്പോൾ അവർ അത് മുറിച്ചു കളയുന്നു, ഞാൻ വിട്ടുവീഴ്ച ചെയ്യുന്നു; പക്ഷേ, അവർ ആക്രമിക്കുന്നു. ഞാൻ അവരോട് നന്മ ചെയ്യുന്നു; അവരെന്നോട് മോശമായിട്ടാണ് പെരുമാറുന്നത്. അതിനാൽ ഇനി മുതൽ അവർ പ്രവർത്തിക്കുന്നതു പോലെ ഞാനും ചെയ്യട്ടെയോ?' അപ്പോൾ നബി(സ്വ) പറഞ്ഞു: 'പാടില്ല. നീ ഏറ്റവും ശ്രേഷ്ഠമായത് സ്വീകരിക്കുക, അവരുമായി ബന്ധം തുടരുക. എങ്കിൽ അല്ലാഹുവിൽനിന്നുള്ള സഹായം നിനക്ക് ഉണ്ടായിരിക്കും'(അഹ്മദ്).

മറ്റൊരിക്കൽ ഒരാൾ നബി(സ്വ)യോട് പറഞ്ഞു: 'ഞാൻ ഒരാളുടെ അടുക്കൽ പോകുമ്പോൾ അയാൾ എന്നെ പരിഗണിക്കുകയോ അതിഥിയായി എന്നെ സ്വീകരിക്കുകയോ ചെയ്യുന്നില്ല. അതിനാൽ അയാൾ എന്റെ അടുക്കൽ വരുമ്പോഴും ഞാൻ അപ്രകാരം ചെയ്യട്ടെയോ?' നബി(സ്വ) പറഞ്ഞു: 'പാടില്ല, താങ്കൾ അയാളെ സൽക്കരിക്കുക' (തിർമിദി).

നാം മറ്റുള്ളവർക്ക് ചെയ്തുകൊടുക്കുന്ന ഇത്തരം നന്മകളുടെ ലക്ഷ്യം ഭൗതികമാകരുത്, ആണെങ്കിൽ ആ പ്രവർത്തനം കൊണ്ട് ലഭിക്കുന്നത് നരകമായിരിക്കും. എന്നാൽ പരലോകരക്ഷയാണ് അതിലൂടെ പ്രതീക്ഷിക്കുന്നതെങ്കിൽ അവനാണ് വിജയി.

അല്ലാഹു പറയുന്നു: "ക്ഷണികമായതിനെ(ഇഹലോകത്തെ) യാണ് വല്ലവരും ഉദ്ദേശിക്കുന്നതെങ്കിൽ അവർക്ക് അഥവാ (അവരിൽനിന്ന്) നാം ഉദ്ദേശിക്കുന്നവർക്ക് നാം ഉദ്ദേശിക്കുന്നത് ഇവിടെ വെച്ചുതന്നെ വേഗത്തിൽ നൽകുന്നതാണ്. പിന്നെ നാം അങ്ങനെയുള്ളവന്ന് നൽകുന്നത് നരകമായിരിക്കും. അപമാനിതനും പുറന്തള്ളപ്പെട്ടവനുമായിക്കൊണ്ട് അവൻ അതിൽ കടന്നെരിയുന്നതാണ്. ആരെങ്കിലും പരലോകം ഉദ്ദേശിക്കുകയും സത്യവിശ്വാസിയായിക്കൊണ്ട് അതിന്നുവേണ്ടി അതിന്റേതായ പരിശ്രമം നടത്തുകയും ചെയ്യുന്നപക്ഷം അത്തരക്കാരുടെ പരിശ്രമം സ്വീകരിക്കപ്പെടുന്നതാകും. ഇക്കൂട്ടരെയും അക്കൂട്ടരെയും എല്ലാം തന്നെ (ഇവിടെ വെച്ച്) നാം സഹായിക്കുന്നതാണ്. നിന്റെ രക്ഷിതാവിന്റെ ദാനത്തിൽ പെട്ടതത്രെ അത്. നിന്റെ രക്ഷിതാവിന്റെ ദാനം തടഞ്ഞ് വെക്കപ്പെടുന്നതല്ല" (അൽഇസ്റാഅ്).

മറ്റുള്ളവർക്ക് പല നന്മകളും ചെയ്തുകൊടുക്കേണ്ട എത്രയോ സന്ദർഭങ്ങൾ നമ്മുടെ ജീവിതത്തിലൂടെ കടന്നുപോകും. അവർ അതിനു പകരമായി നന്ദി ചെയ്യണം, നമ്മെ കാണുമ്പോൾ ബഹുമാനിക്കണം എന്ന ചിന്ത നമുക്ക് ഉണ്ടായിക്കൂടാ. മറിച്ച് നാം ചെയ്ത പ്രവർത്തനങ്ങളുടെ പ്രതിഫലം കരുണാവാരിധിയായ റബ്ബിൽനിന്നായിരിക്കണം ആഗ്രഹിക്കേണ്ടത്.

'അല്ലാഹുവേ നിനക്കാണ് സർവ സ്തുതിയും. എത്രയോ ആളുകളുടെ നല്ല ആവശ്യങ്ങൾ പൂർത്തീകരിച്ചു കൊടുക്കുവാൻ നീ എന്നെ സഹായിച്ചുവല്ലോ. റബ്ബേ, എന്നിൽനിന്ന് അതെല്ലാം സ്വീകരിക്കേണമേ' എന്ന് ആത്മാർഥമായി പ്രാർഥിക്കുവാൻ നമുക്കു കഴിയണം.

ആഷിഖ എ.വി



# കുട്ടിക്കാലം

കൂട്ടുകാരോടൊത്തു കഴിഞ്ഞ
മധുരമാർന്ന കുട്ടിക്കാലം.
മണലുകൊണ്ട് കൊട്ടാരം പണിത,
മരങ്ങളിൽ കണ്ണാരം പൊത്തിക്കളിച്ച
കുട്ടിക്കാലം മറക്കാനാവുമോ?
കാലം മാറുന്നു,
കുട്ടിക്കാല ശീലങ്ങളും മാറുന്നു.
മണലിൽ കൊട്ടാരം പണിയുന്ന
കുട്ടിക്കാലം പോയ്മറഞ്ഞു.

കൂട്ടുകാരോടൊത്ത്
ഓടിച്ചാടി കളിച്ചിരുന്ന,
മണ്ണപ്പം ചുച്ചു കളിച്ചിരുന്ന
കുട്ടിക്കാലം വിസ്മൃതിയിലായി.

ഇന്നത്തെ കുട്ടികൾ
ഡിജിറ്റൽ ലോകത്താണ്
പാറിപ്പറക്കുന്നത്.
മൊബൈൽ സ്ക്രീനിന്റെ
ചതുരമാണ് അവരുടെ ലോകം.
കളിപ്പാട്ടങ്ങൾ വേണ്ട,
ഗെയ്മുകൾ മതി.

അച്ചടി പുസ്തകങ്ങൾ വേണ്ട,
ഇ-പുസ്തകങ്ങൾ മതി.
സ്നേഹവും കരുണയും
ബഹുമാനവും
പ്രകടിപ്പിക്കാനറിയില്ല,
പക്ഷേ, ലൈക്കുകൾ കിട്ടണം
കിട്ടിയെ തീരൂ.
അതിനായി എന്തും ചെയ്യും,
എന്തു സാഹസവും കാട്ടും.



Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi

WISDOM BOOKS

11th ISLAMIC STUDENTS CONFERENCE

# ISCON

## സമ്മേളന വേദിയിൽ പുറത്തിറങ്ങുന്നു

2024 OCTOBER 25,26

MASJID AL KABEER

KUWAIT CITY




ക്വുർആൻ പഠിതാക്കൾക്കൊരു
നവ്യാനുഭവം പകർന്നുകൊണ്ട്,
പുസ്തകത്തിലെ എല്ലാ അധ്യായങ്ങളും
വിശദീകരിക്കുന്ന ക്ലാസ്സ് (വീഡിയോ) യൂട്യൂബിൽ
thartheel ചാനലിൽ ലഭ്യമാക്കിക്കൊണ്ട്,
മലയാളത്തിൽ ആദ്യമായി
വിസ്ഡം ബുക്സ് അവതരിപ്പിക്കുന്നു...

www.youtube.com/@thartheel-q1h

ترتيل القرآن الكريم

# ക്വുർആൻ പാരായണ വിധികൾ

വീഡിയോ ക്ലാസ്സുകൾ സഹിതം

**മുഹമ്മദ് അസ്‌ലം ബ്ൻ യൂസുഫ്**


peaceradio Tune to reality

WISDOM ISLAMIC ORGANIZATION

നേർപഥം വാരിക

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
2024 october 19

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

**Kuwait Kerala Islahi Centre**

العلم للسلام

KNOWLEDGE FOR PEACE

# 11th ISLAMIC STUDENTS CONFERENCE

# ISCON

2024
**October** 25 26
Friday & Saturday
**Masjid Al Kabeer**
KUWAIT CITY

Design: SalihZin 6575 3339